ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി

# കൂടിക്കാഴ്ച

## (ചോദ്യോത്തരങ്ങൾ)

നിച്ച് ഓഫ് ട്രൂത്ത്

koodikazcha
(malayalam)
author:
cheriyamundam abdul hameed madani
first edition: november 2002
publishers:
niche of truth,
kalabhavan road,
kochi-18.
cover page:
yoonus.k.k
type setting:
creative media
printing:
screen offset, cochin-18

**Rs: 50**

ഈ ലോകത്തിനൊരു സ്രഷ്ടാവുണ്ട് - ജീവൻ നൽകി വായുവും വെള്ളവും സൗകര്യപ്പെടുത്തി ഭൂമിയെ ജീവിതയോഗ്യമാക്കിയ പരമകാരുണികനായ സ്രഷ്ടാവ് -നാം ഇവിടെ എങ്ങനെ ജീവിക്കണമെന്നും ഈ ജീവിതത്തിന്റെ പരമലക്ഷ്യം എന്തെന്നും ദൂതന്മാർ മുഖേന സ്രഷ്ടാവ് നമ്മെ പഠിപ്പിച്ചു. നമ്മുടെ ജീവിതത്തിന്റെ കണക്ക് മരണശേഷം നാം സ്രഷ്ടാവിന്റെ മുമ്പിൽ ബോധിപ്പിക്കേണ്ടിവരും. അന്ന് പുണ്യം ചെയ്തവന് നന്മയും പാപം ചെയ്തവന് തിന്മയും പ്രതിഫലം കിട്ടും. അതിനാൽ സ്രഷ്ടാവ് തന്റെ ദൂതരിലൂടെ നൽകിയ നിർദേശമനുസരിച്ച് ജീവിക്കുകയാണ് മനുഷ്യന്റെ രക്ഷാമാർഗം.

നമ്മുടെ ലോക സ്രഷ്ടാവ് നൽകിയ നിർദേശ സംഹിതയാണ് ഖുർആൻ. മുഹമ്മദ് നബിയിലൂടെ അവൻ ആ സന്ദേശം മനുഷ്യർക്കെത്തിച്ചുകൊടുത്തു. ഇതറിഞ്ഞവരും അറിയാത്തവരും നമുക്കിടയിൽ ഉണ്ട്. ലോകരെ മുഴുവൻ സ്രഷ്ടാവിന്റെ സന്ദേശമറിയിക്കൽ അതറിഞ്ഞവരുടെ ബാധ്യതയാണ്. അതിനായി രൂപീകൃതമായ ഒരു പ്രസ്ഥാനമാണ് നിച്ച് ഓഫ് ട്രൂത്ത്.

നാഥാ... സത്യമത സന്ദേശ പ്രചാരണത്തിനു വേണ്ടിയുള്ള വിനീതമായൊരു സംരംഭമാണിത്. നീ ഏൽപിച്ച ഉത്തരവാദിത്തത്തിന്റെ നിർവഹണത്തിനുവേണ്ടിയുള്ള എളിയ ശ്രമം. ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

ഡയറക്ടർ

ഇസ്‌ലാം-
സർവശക്തനുള്ള സമ്പൂർണ സമർപ്പണം.
എല്ലാതരം ചൂഷണങ്ങളിൽനിന്നും മനുഷ്യനെ മുക്തമാക്കുന്ന മാനവികതയുടെ ദർശനം.
അതിന്നെതിരെ എക്കാലത്തും വിമർശനങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, വിമർശനങ്ങളെല്ലാം ദൈവികദർശനത്തിന്റെ പ്രോജ്ജ്വല പ്രകാശത്തിനു മുമ്പിൽ വാടിയതായാണ് ചരിത്രം. ഇസ്‌ലാമിനെതിരെയുള്ള വിമർശനങ്ങളെയും സംശയങ്ങളെയും കൈകാര്യം ചെയ്യുവാനായി 'സ്നേഹസംവാദം' മാസികയിലുള്ള പംക്തിയാണ് 'കൂടിക്കാഴ്ച'.
പ്രഗൽഭ പണ്ഡിതനും വാഗ്മിയും ഗ്രന്ഥകാരനുമായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി 'കൂടിക്കാഴ്ച'യിലൂടെ നൽകിയ മറുപടികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവയാണ് ഈ പുസ്തകത്തിൽ.
ഗ്രന്ഥകർത്താവിനോടുള്ള കൃതജ്ഞത വാക്കുകളിലൊതുങ്ങുന്നതല്ല.
പരസ്പരമുള്ള പ്രാർഥനയാണല്ലോ കൃതജ്ഞത പ്രകടിപ്പിക്കാനുള്ള സത്യവിശ്വാസികളുടെ മാർഗം.
അല്ലാഹു അദ്ദേഹത്തിന് തക്കതായ പ്രതിഫലം നൽകുകയും നമ്മെയെല്ലാം സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യട്ടെ (ആമീൻ).

**ഡയറക്ടർ**

# ഉള്ളടക്കം


## സ്രഷ്ടാവും സൃഷ്ടികളും 13

1. ആകസ്മികവാദവും ദൈവാസ്തിത്വവും
2. മനുഷ്യർ അനശ്വരരാവുകയോ? അത് സ്രഷ്ടാവിന്റെമാത്രം ഗുണമല്ലേ?
3. ദൈവം ഒരു തന്നെപ്പൊക്കിയല്ലേ?
4. ദൈവത്തിന്റെ കാരുണ്യം ഇങ്ങനെയോ?
5. കാരുണ്യവും ബലിയും തമ്മിൽ യോജിക്കുമോ?
6. കുട്ടികളെ വികലാംഗരും രോഗികളുമാക്കുന്ന അല്ലാഹു കാരുണികനോ?
7. 'അല്ലാഹുവിന്റെ നാമത്തിൽ' എന്ന് അല്ലാഹുതന്നെ പറയുകയോ?
8. സ്രഷ്ടാവ് എന്തിന് സൃഷ്ടികളെക്കൊണ്ട് സത്യം ചെയ്തു?
9. സ്കാനിംഗും അദൃശ്യജ്ഞാനവും
10. ആദ്യമേ അറിയുമെങ്കിൽ പരീക്ഷിക്കുന്നതെന്തിന്?
11. ദൈവത്തിന്റെ പൂർവജ്ഞാനവും മനുഷ്യന്റെ കർമഫലവും
12. തിന്മ അല്ലാഹു വിധിച്ചതാണെങ്കിൽ തെറ്റ് ചെയ്യുന്ന മനുഷ്യനെ ശിക്ഷിക്കുന്നത് അനീതിയല്ലേ?
13. ഭൂമിയിലെ പ്രതിനിധിയെ സ്വർഗത്തിൽ താമസിപ്പിച്ചത് എന്തിന്?
14. സത്യത്തിന്റെ സന്ദേശമെത്താത്തവരെ അല്ലാഹു ശിക്ഷിക്കുമോ?
15. അല്ലാഹു വിജയം വാഗ്ദാനംചെയ്തിട്ടും പരാജയമോ?
16. അല്ലാഹുവിന് സംശയം?

## ഇസ്‌ലാമും യുക്തിവാദവും 43

17. ആരാധനയെക്കാൾ പ്രസക്തി മനുഷ്യരെ സേവിക്കുന്നതിനല്ലേ?
18. മതങ്ങളും ഇസങ്ങളുമെല്ലാം ചൂഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടതല്ലേ?
19. ഒരു മതത്തിലും സ്ത്രീ സ്വാതന്ത്ര്യമില്ലേ?
20. ചേലാകർമത്തിന്റെ ആവശ്യകത...
21. സ്വർഗത്തിൽ മദ്യപാനവും വ്യഭിചാരവും ഇല്ലേ?
22. കല്ലെറിഞ്ഞാൽ പിശാച് ഓടിമറയുമോ?
23. പ്രാർഥന എന്തിന് സമയബന്ധിതമാകണം?
24. വിഗ്രഹാരാധനയും കഅ്ബയും ...
25. ഹജറുൽ അസ്‌വദിനെ ചുംബിക്കുന്നത് വിഗ്രഹാരാധനയല്ലേ?

## ഖുർആനും വിമർശനങ്ങളും 61

26. ഖുർആനും യുക്തിവാദികളും
27. പലതരം ഖുർആനോ?
28. ഖുർആനും നിരക്ഷരനായ മുഹമ്മദും (സ)
29. ഖുർആനും പാപഭാര സിദ്ധാന്തവും
30. ഈ ഖുർആൻ സൂക്തങ്ങൾ തമ്മിൽ വൈരുദ്ധ്യമില്ലേ?
31. വിശുദ്ധ ഖുർആനിലെ ആവർത്തനം
32. മനുഷ്യസൃഷ്ടി രണ്ടു വിധത്തിലോ?
33. മുലയൂട്ടൽകാലം സംബന്ധിച്ച ഖുർആനിക പരാമർശങ്ങളിൽ വൈരുദ്ധ്യമില്ലേ?
34. ഖുർആനും സ്വവർഗപ്രജനനവും
35. ഭൂമിയുടെ ഗോളാകൃതിയും ഖുർആനും
36. കാര്യമന്വേഷിച്ചവരെ മൂഢന്മാരെന്ന് വിളിച്ചത് ശരിയോ?

## ഇസ്‌ലാമും വിമർശനങ്ങളും 87

37. ഇസ്‌ലാമും അടിമത്തവും
38. ഇസ്‌ലാം അടിമത്തം അനുവദിക്കുന്നുണ്ടോ?
39. അടിമസ്ത്രീകൾക്ക് പർദ വേണ്ടതില്ലേ?
40. സ്ത്രീകളും ഭരണാധികാരവും
41. പ്രവാചകൻ എന്തുകൊണ്ട് ഭാര്യമാരുടെ എണ്ണം കുറച്ചില്ല?
42. പർദയും വിറ്റാമിൻ-ഡി യും
43. സ്വർഗത്തിൽ ഇണകൾ പുരുഷന്മാർക്ക് മാത്രമോ?
44. ഇസ്‌ലാം കലയെ അവഗണിക്കുന്നുവോ?
45. വേദക്കാരുമായുള്ള വിവാഹബന്ധം.
46. ഇബ്‌ലീസിന്മുമ്പ് ജിന്നുകളെ പിഴപ്പിച്ചതാര്?
47. ഭക്ഷണത്തിൽ ഊതലും രോഗാണുക്കളും
48. ദായധനക്രമത്തിൽ വൈരുദ്ധ്യമല്ലേ?

## ഇസ്‌ലാമിക പ്രബോധനം 109

49. യൂറോപ്പിലും മറ്റും പ്രവാചകന്മാർ വന്നിട്ടില്ലേ?
50 ഭാരതത്തിലെ ഏകദൈവ വിശ്വാസികൾ
51. ഇന്റർനെറ്റും ഇസ്‌ലാമിക പ്രബോധനവും
52. അന്ത്യദിനത്തിനുശേഷം ആകാശവും ഭൂമിയും ഉണ്ടാകുമോ?
53. വിവാഹം നിർബന്ധമോ?
54. ഈസാ നബി (അ)യും വിവാഹവും
55. ഈസാ നബി (അ) തിരിച്ചുവരുമ്പോൾ ഏത് പ്രമാണമാണ് പിൻപറ്റുക?
56. ഖാതമുന്നബിയ്യീൻ എന്ന വാക്കിന് അന്ത്യപ്രവാചകൻ എന്ന് അർഥമുണ്ടോ?
57. വിനോദത്തിനുവേണ്ടി ശേഖരിക്കുന്ന നാണയങ്ങൾക്ക് സകാത്തുണ്ടോ?
58. അവയവദാനവും വസ്വിയ്യത്തും

# സ്രഷ്ടാവും സൃഷ്ടികളും

# 1

**പ്രാപഞ്ചിക നിലനിൽപ് (Universal existance) എന്നത് അനിഷേധ്യമായ യാഥാർത്ഥ്യംതന്നെ. എന്നാൽ, അനാദിയിൽനിന്നും അനന്തതയിലേക്ക് അനുസ്യൂതം പ്രവഹിക്കുന്ന ഏതോ ആകസ്മികത മാത്രമാണീ നിലനിൽപെന്നും, ആ ആകസ്മികതയുടെ താരതമ്യേന നിസ്സാരമായ ഒരു ഭാഗം മാത്രമാണ് മനുഷ്യനും അവൻെറ ജീവിതവുമെന്നും ഒരാൾ കരുതുന്നു; അതല്ല, ഈ നിലനിൽപിന് കാരണക്കാരനായി ഒരു സ്രഷ്ടാവുണ്ടെന്നും ആ സ്രഷ്ടാവിൻെറ ഉദ്ദേശലക്ഷ്യങ്ങളിലെ ഒരംശം തന്നെയാണ് മനുഷ്യനും അവൻെറ ജീവിതവുമെന്നും മറ്റൊരാളും കരുതുന്നു..... ഈ രണ്ടിൽ ഒന്ന് മാത്രമാണ് ശരി, മറ്റേത് തെറ്റ് എന്ന് ബുദ്ധിയും യുക്തിയുമുപയോഗിച്ച് എങ്ങനെ തിട്ടപ്പെടുത്താനാവും? രണ്ടും ശരിയാവാനും തെറ്റാവാനും തുല്യ സാധ്യതകളല്ലേ ചിന്തിച്ച് നോക്കിയാൽ കാണാൻ കഴിയുന്നത്?**

**പ്രപഞ്ചവും നിലനിൽപും എങ്ങനെ യാദൃച്ഛികമായുണ്ടാവും എന്ന് ചോദിക്കുന്നതും സ്രഷ്ടാവായ ദൈവം എങ്ങനെ കാരണമില്ലാതെയുണ്ടാവും എന്ന് ചോദിക്കുന്നതും ഒരുപോലെയല്ലേ? ഓരോരുത്തനും ശരിയെന്ന് തോന്നുന്നത് അവൻ 'വിശ്വസിക്കുക' എന്നല്ലാതെ മറ്റ് നിർവാഹമെന്തുണ്ടിവിടെ?**

! പ്രപഞ്ചം നിലനിൽക്കുന്നു എന്നത് മാത്രമല്ല, ഓരോ പ്രാപഞ്ചിക പ്രതിഭാസവും വ്യവസ്ഥാപിതമാണ് എന്നതും അനിഷേധ്യസത്യമാകുന്നു. അത്യന്തം സൂക്ഷ്മമായ ഒരു പരമാണുവിനകത്ത് ന്യൂട്രോണുകളും പ്രോട്ടോണുകളും ഇലക്ട്രോണുകളും വിന്യസിക്കപ്പെട്ടിട്ടുള്ളത് തികച്ചും വ്യവസ്ഥാപിതമായിട്ടാണ്. ആർക്കും എണ്ണിതിട്ടപ്പെടുത്താൻ കഴിയാത്തത്ര ഹൈഡ്രജൻ പരമാണുക്കൾ ഈ പ്രപഞ്ചത്തിലുണ്ട്. ഇവയുടെയെല്ലാം സൂക്ഷ്മഘടന തികച്ചും സമാനമാകുന്നു.

നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും അടങ്ങിയ സ്ഥൂല പ്രപഞ്ചവും കണിശമായ വ്യവസ്ഥകൾക്ക് വിധേയമായിത്തന്നെയാണ് വർത്തിക്കുന്നത്. ഭൂമിയും സൂര്യനും തമ്മിലുള്ള നിശ്ചിത അകലവും, സാങ്കൽപിക അച്ചുതണ്ടിൽ ഭൂമിയുടെ ഭ്രമണവും സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ പരിക്രമണവും എല്ലാം കണിശമായ വ്യവസ്ഥപ്രകാരം നിലനിൽക്കുന്നതുകൊണ്ടാണ് ഇവി ടെ ജീവസസ്യ ജാലങ്ങളുടെ നിലനിൽപ് സാധ്യമാകുന്നത്.

ഓരോ വിത്തിൽനിന്നും മുളച്ചുവളരുന്നത് വേര്, കാണ്ഡം, ഇല, പൂവ്, കായ് എന്നിവയുടെ കാര്യത്തിൽ അതീവ സൂക്ഷ്മമായ സവിശേഷതകളുള്ള സസ്യമാണ്. വർണങ്ങളിലോ ഗന്ധങ്ങളിലോ രുചികളിലോ യാദൃച്ഛികമായി യാതൊരു മാറ്റവും സംഭവിക്കുന്നില്ല. ഓരോ ജീവവർഗത്തിൻെറയും പ്രത്യുൽപാദനകോശങ്ങൾ സംയോജിക്കുമ്പോൾ ലക്ഷണമൊത്ത പുതിയ ജീവതലമുറ പിറക്കുന്നു. പുരുഷൻെറ ബീജവും സ്ത്രീയുടെ അണ്ഡവും ചേർന്ന് ഭ്രൂണം രൂപംകൊണ്ടതിനുശേഷം അത്യന്തം സൂക്ഷ്മമായ വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ടുള്ള കോശവിഭജന പ്രക്രിയകളിലൂടെ മാസങ്ങൾക്കുള്ളിൽ അവയവത്തികവുള്ള കുഞ്ഞായി വളരുന്ന പ്രതിഭാസം തികച്ചും ആസൂത്രിതമായും വ്യവസ്ഥാപിതമായുമാണ് സംഭവിക്കുന്നത്. യുഗാന്തരങ്ങളായി സഹസ്രകോടിക്കണക്കിൽ മാതാക്കളുടെ ഗർഭാശയങ്ങളിൽ ഈ വ്യവസ്ഥാപിത പ്രതിഭാസം അരങ്ങേറിക്കൊണ്ടേയിരിക്കുന്നു. സാധാരണഗതിയിൽ യാതൊരു താളപ്പിഴയും കൂടാതെ ഇത് തുടരുന്നു. ആകസ്മികമായി ഈ വ്യവസ്ഥയിൽ നിസ്സാര മാറ്റങ്ങൾ സംഭവിച്ചാൽപോലും മനുഷ്യർ വിഷമിച്ചുപോകുമായിരുന്നു. ഉദാഹരണമായി കൺപോളകളിലെ രോമങ്ങൾ തലമുടി പോലെ നിരന്തരം വളരാൻ തുടങ്ങിയാൽ എത്രത്തോളം വിഷമമാകുമായിരുന്നു എന്നാലോചിച്ച് നോക്കുക.

ചരിത്രകാലത്തിനിടയിൽ ഒരിക്കൽപോലും യാദൃച്ഛികമായി തെങ്ങ് വാഴക്കുലയോ വാഴ തേങ്ങാക്കുലയോ ഉൽപാദിപ്പിച്ചിട്ടില്ല. ഇനി അങ്ങനെയൊരു ആകസ്മിക സംഭവം ഉണ്ടാകുമെന്ന് ആരും പ്രതീക്ഷിക്കുകയുമില്ല. യാദൃച്ഛികമായി സ്ത്രീയുടെ ശരീരത്തിൽ തന്നെ പുരുഷ ബീജവും കൂടി ഉൽപാദിപ്പിക്കപ്പെടുകയും അണ്ഡബീജസങ്കലനം നടന്ന് അവൾ ഗർഭിണിയാവുകയും ചെയ്യുമെന്നും ആരും പ്രതീക്ഷിക്കുകയില്ല. ആകസ്മികമായി ഒരു ഡി.എൻ.എ.



തന്മാത്രയുടെ ഘടനയിൽ മൗലികമായ മാറ്റമുണ്ടാകുമെന്ന് പോലും കരുതാൻ യാതൊരു ന്യായവും കാണുന്നില്ല. യാഥാർഥ്യം ഇതായിരിക്കെ അനാദിയിൽനിന്ന് അനന്തതയിലേക്ക് അനുസ്യൂതം പ്രവഹിക്കുന്ന ഏതോ ആകസ്മികതയായി സൂക്ഷ്മവും സ്ഥൂലവുമായ പ്രാപഞ്ചിക വ്യവസ്ഥയെ വിലയിരുത്തത് തനി അസംബന്ധമാകുന്നു. ആകസ്മികത എന്നാൽ വാഹനാപകടം പോലെ അവിചാരിതമായ സ്ഥലത്തും അപ്രതീക്ഷിതമായ സമയത്തും നടക്കുന്ന കാര്യമാണ്. അത് ഒരിക്കലും അനുസ്യൂതമായി പ്രവഹിക്കുകയില്ല.പടച്ചവനെ മാറ്റിനിർത്താൻ വേണ്ടി യുക്തിയുടെ പേരിൽ ഉന്നയിക്കുന്ന വാദമുഖങ്ങൾ മരമണ്ടൻ സ്റ്റൈലിലുള്ളതാകുന്നത് ഒട്ടും ഭൂഷണമല്ല.

ഇരുമ്പയിരിൻെറ ഒരു വലിയ കൂമ്പാരം ഒരു സ്ഥലത്ത് കിടന്നിട്ട് ആകസ്മിക സംഭവങ്ങളുടെ എത്ര പ്രവാഹങ്ങൾ അതിൻെറ മീതെ കടന്നുപോയാലും പതിനായിരം കോടി കൊല്ലങ്ങൾക്ക് ശേഷം പോലും അത് തനിയെ ട്രാക്ടറുകളോ തീവണ്ടി എഞ്ചിനുകളോ ആവുകയില്ല എന്ന കാര്യം ഉറപ്പാണ്. വൻതോതിലുള്ള ബൗദ്ധിക യത്നം കൊണ്ട്മാത്രമെ ഒരു യന്ത്രം രൂപപ്പെടുകയുള്ളൂവെങ്കിൽ വിസ്മയങ്ങളിൽ വിസ്മയമായ മനുഷ്യാസ്തിത്വം സർവജ്ഞനും സർവശക്തനുമായ ഒരു സംവിധായകനില്ലാതെ രൂപംകൊള്ളുകയില്ല എന്ന കാര്യം നിഷേധിക്കാനാകാത്ത സത്യംതന്നെയാകുന്നു.

ജിനോമിക്സ് പഠനങ്ങൾ തെളിയിക്കുന്നത് മനുഷ്യശരീരത്തിലെ കോടിക്കണക്കിൽ ഡി.എൻ.എ. തന്മാത്രകളിൽ ഓരോന്നിലുംരേഖപ്പെടുത്തിയ വിവരശേഖരം പകർത്തിവെക്കാൻ അനേകം കംപ്യൂട്ടറുകൾവേണ്ടിവരുമെന്നാണ്. ഒരു മില്ലി മീറ്ററിൻെറ മില്യനിൽ ഒരുഭാഗം മാത്രം വലിപ്പമുള്ള ജൈവ ഘടകത്തിലാണ് നാല് രാസപദാർഥങ്ങൾ അക്ഷരങ്ങളാക്കിക്കൊണ്ട് ഇത്ര ഭീമമായ വിജ്ഞാനശേഖരം രേഖപ്പെടുത്തിവെച്ചിരിക്കുന്നത്. ഇതൊക്കെ ആകസ്മികമാണെന്ന് പറയുന്നതും സർവജ്ഞനായ മഹാശക്തൻ സംവിധാനിച്ചതാണെന്ന് പറയുന്നതും ഒരുപോലെയാണെന്ന്, അഥവാ തെറ്റാകാനും ശരിയാകാനും തുല്യസാധ്യതയുള്ളതാണെന്ന് തോന്നുന്നതാണ് മനുഷ്യബുദ്ധിക്ക് സംഭവിക്കാവുന്ന ഏറ്റവും കടുത്ത അപചയം.

സൽബുദ്ധിയുള്ള ഓരോ മനുഷ്യനോടും വിശുദ്ധ ഖുർആൻ ചോദിക്കുന്നു: “ഹേ; മനുഷ്യാ, ഉദാരനായ നിൻെറ രക്ഷിതാവിൻെറ കാര്യ

ത്തിൽ നിന്നെ വഞ്ചിതനാക്കിയ കാര്യം എന്താണ്? നിന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും നിന്നെ ശരിയായ അവസ്ഥയിലാക്കുകയും താനുദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിക്കുകയും ചെയ്തവനത്രെ അവൻ” (വി.ഖു. 82:6-8).

“ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാവുകയും അതിന് പുറമെ ഏഴ് സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിൻെറ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു” (വി.ഖു. 31:27).

ആശാരിയെ നിർമിച്ചത് ആരാണെന്ന ചോദ്യത്തിന് മറുപടി നൽകാൻ കഴിയില്ല എന്ന് കരുതി ആരും മേശ നിർമിച്ചത് ആശാരിയാണെന്ന് പറയാൻ മടിക്കാറില്ല. അതുപോലെതന്നെ ദൈവത്തെ ആര് സൃഷ്ടിച്ചുവെന്ന് വല്ലവരും ചോദിച്ചേക്കുമെന്ന് ആശങ്കിച്ച് പ്രപഞ്ചമാകെ സൃഷ്ടിച്ചത് ദൈവമാണെന്ന് പറയാനും മടിക്കേണ്ടതില്ല. പ്രപഞ്ചമാകെ സൃഷ്ടിച്ചവൻ ആരാലും സൃഷ്ടിക്കപ്പെട്ടവനാകാതിരിക്കുക എന്നത് ബൗദ്ധികമായ അനിവാര്യതയാകുന്നു.

# 2

**ഹ്രസ്വവും നശ്വരവുമായ ഭൗതിക ജീവിതത്തിനുശേഷം അനശ്വരമായ പരലോകജീവിതമുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. നശ്വരത സൃഷ്ടികൾക്കുള്ള ഗുണവും അനശ്വരത സ്രഷ്ടാവിൻെറ ഗുണവുമായിരിക്കെ സൃഷ്ടികൾ അനശ്വരത കൈവരിക്കുക എന്നത് സ്രഷ്ടാവിൻെറ ഗുണത്തി (സ്വിഫത്ത്) ലേക്കുള്ള പ്രവേശനമല്ലേ? അത് സംഭവിക്കുമോ?**

! സ്രഷ്ടാവിനെയും അവൻെറ അനശ്വരതയെയും സംബന്ധിച്ചും, സൃഷ്ടികളുടെ നശ്വരതയെയും പരലോകത്തിൻെറ ശാശ്വതികത്വത്തെയും സംബന്ധിച്ചും വിശുദ്ധ ഖുർആനിൽതന്നെയാണ് പറഞ്ഞിട്ടുള്ളത്. സൃഷ്ടികൾക്ക് സ്വയം അനശ്വരത കൈവരിക്കാൻ കഴിയുമെന്ന് അല്ലാഹുവോ റസൂലോ (സ) പറഞ്ഞിട്ടില്ല. ഇല്ലായ്മയിൽനിന്ന് അല്ലാഹു സൃഷ്ടിച്ച മനുഷ്യരെ മരിപ്പിച്ചതിനുശേഷം അവൻതന്നെ അവരെ ഉയിർത്തെഴുന്നേൽപിച്ച് അവർക്ക് ശാശ്വതമായ രക്ഷയോ ശിക്ഷയോ നൽകുമെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് ഗ്രഹിക്കാവുന്നത്. സ്വന്തം നിലയിൽ അനശ്വരതയുള്ളത് അല്ലാഹുവിന് മാത്രമാണ്. പരലോകത്ത് സൃഷ്ടികൾക്കുള്ള ശാശ്വതവാസം അല്ലാഹുവിൻെറ ഹിതത്തിന് വിധേയമാണ്.



(അവരോട് പറയപ്പെടും:) “സമാധാനപൂർവം നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക. ശാശ്വത വാസത്തിനുള്ള ദിവസമാകുന്നു അത്”(വി.ഖു.50:34). എന്നാൽ, പരലോകത്തിൻെറ ശാശ്വതികത്വം സൃഷ്ടികൾക്ക് നിരുപാധികമായി അധീനമായതല്ല. അക്കാര്യത്തിൽ അല്ലാഹുവിൻെറ ഹിതമായിരിക്കും അന്തിമവും നിർണായകവും.

“ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നേടത്തോളം അവർ അതിൽ (നരകത്തിൽ) നിത്യവാസികളായിരിക്കും. നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. തീർച്ചയായും നിൻെറ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് തികച്ചും നടപ്പാക്കുന്നവനാകുന്നു. എന്നാൽ, സൗഭാഗ്യം സിദ്ധിച്ചവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നേടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിൻെറ രക്ഷിതാവ് ഉദ്ദേശിച്ചതൊഴികെ. നിലച്ചുപോകാത്ത ഒരു ദാനമായിരിക്കും അത്” (വി.ഖു. 11:107, 108). ഇതിൻെറ വ്യാഖ്യാനങ്ങൾക്ക് പ്രമുഖ തഫ്സീർ ഗ്രന്ഥങ്ങളോ ഖുർആൻ പരിഭാഷകളോ നോക്കാവുന്നതാണ്.

# 3

**വിശാലമായ ഈ പ്രപഞ്ചത്തിൽ മനുഷ്യൻ എത്രയോ നിസ്സാരൻ. പ്രപഞ്ച സ്രഷ്ടാവിന് നിസ്സാരനായ മനുഷ്യൻെറ “നീ വലിയവനാണ്” (അല്ലാഹു അക്ബർ) എന്ന സർട്ടിഫിക്കറ്റ് ആവശ്യമുണ്ടോ? അല്ലാഹു ഒരു തന്നെപ്പൊക്കിയാണെന്നല്ലേ ഇതിനർഥം? മനുഷ്യൻ പുകഴ്ത്തിയില്ലെങ്കിൽ ദൈവം വലിയവൻ തന്നെയല്ലേ? യുക്തിവാദികളുടെ ഈ ചോദ്യത്തിന് വ്യക്തമായ മറുപടി ആരും നൽകാത്തത് സത്യം അവരുടെ പക്ഷത്താണെന്നല്ലേ തെളിയിക്കുന്നത്?**

! ‘അല്ലാഹു അക്ബർ’ എന്നതിന് അല്ലാഹുവാണ് ഏറ്റവും വലിയവൻ എന്നാണർഥം. ‘നീ വലിയവനാണ്’ എന്നല്ല. അത്യന്തം സൂ

ക്ഷ്മവും അതീവസ്ഥൂലവുമായ ഭൗതിക വസ്തുക്കളൊന്നും ഒരു മഹാസംവിധായകനില്ലാതെ നിലവിൽവരുക സാദ്ധ്യമല്ലെന്നാണ് സത്യസന്ധതയും പക്വതയുമുള്ള ബുദ്ധിജീവികൾ ഉറപ്പിച്ചുപറയുന്നത്. മനുഷ്യശരീരത്തിലെ ശതകോടിക്കണക്കിലുള്ള ഡി.എൻ.എ. തന്മാത്രകളിൽ ഓരോന്നിലും രാസാക്ഷരങ്ങൾകൊണ്ട് കുറിച്ചിട്ടുള്ള വിവരശേഖരം ഒരു കംപ്യൂട്ടറിൽ ഉൾക്കൊള്ളിക്കാൻ കഴിയാത്തത്ര ഭീമമാണെന്നത്രെ ജിനോമിക്സ് ഗവേഷകരുടെ കണ്ടെത്തൽ. ഒരു മില്ലിമീറ്ററിൻെറ മില്യനിലൊന്ന് മാത്രം വലിപ്പമുള്ള അതിസൂക്ഷ്മവസ്തുവിൽ അപാരമായ ഈ വിവരശേഖരം തനിയെ വന്നുചേർന്നു എന്ന് പറയുന്നത് തികഞ്ഞ അസംബന്ധമാകുന്നു. എന്നാൽ വിശുദ്ധഖുർആനിൽ സർവജ്ഞനായ അല്ലാഹു പറയുന്നത് നോക്കുക:

"അല്ലാഹുവിൻെറതാകുന്നു ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം. തീർച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു. ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാവുകയും അതിന് പുറമെ ഏഴ് സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിൻെറ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (വി.ഖു. 31:26,27).

മനുഷ്യൻ തൻെറ പരിമിതികളും സർവശക്തനായ സ്രഷ്ടാവിൻെറ അപാരമായ കഴിവുകളും അറിഞ്ഞ് അംഗീകരിക്കുമ്പോഴാണ് മനുഷ്യജീവിതം ശരിയായ ദിശയിൽ നീങ്ങുക. ദൈവത്തിൻെറ മുമ്പിൽ വിനയവും താഴ്മയും പ്രകടിപ്പിക്കാത്ത മനുഷ്യരിൽ അധിക പേരും അഹങ്കാരികളും മുഷ്കന്മാരും നികൃഷ്ടരുമാവുകയാണ് പതിവ്. സ്വഭാവം നിഷ്കളങ്കമായിരിക്കണമെന്നും വാഗ്വിചാരകർമങ്ങൾ അന്യൂനമായിരിക്കണമെന്നും നിഷ്കർഷപുലർത്താൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന ഏറ്റവും പ്രധാന ഘടകം അത്യുന്നതനായ ദൈവത്തോടുള്ള വിധേയത്വമാകുന്നു. സദാ ദൈവത്തെ സ്മരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന മനുഷ്യരിലാണ് നന്മയോടുള്ള പ്രതിബദ്ധത മങ്ങാതെ നിലനിൽക്കുന്നത്.

"നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നും കഴിയില്ല. ഉയരത്തിൽ നിനക്ക് പർവ്വതങ്ങൾക്കൊപ്പമെത്താനും ആവില്ല; തീർച്ച" (വി.ഖു. 17:37). പ്രപഞ്ച



നാഥന് യഥാർഥത്തിലുള്ളതാണ് അളവില്ലാത്ത അറിവും കഴിവും. അവനെ സംബന്ധിച്ചിടത്തോളം ഒരു പൊക്കലിൻെറ ആവശ്യമില്ല. എന്നാൽ മനുഷ്യന് സ്വന്തമെന്ന് പറയാൻ ഒന്നുമില്ല. അവൻ അനുഭവിക്കുന്നതെല്ലാം ദൈവത്തിൻെറ ദാനമാണ്. അത് തുറന്ന് സമ്മതിച്ചുകൊണ്ട് വിനീതമായ ജീവിതം നയിക്കുന്നതിലൂ ടെയാണ് മനുഷ്യന് മഹത്വം കൈവരുന്നത്. ഈ മഹത്വം കരഗതമാക്കുന്നതിന് അവനെ സഹായിക്കുന്ന ഘടകങ്ങളത്രെ പ്രാർഥനകളും കീർത്തനങ്ങളും.

# 4

**വ്യഭിചരിച്ചവനെ എറിഞ്ഞു കൊല്ലണമെന്നും മോഷണം നടത്തിയവന്റെ കൈ വെട്ടണമെന്നും ശിക്ഷവിധിച്ച അല്ലാഹു തൻെറ സൃഷ്ടികളായ മനുഷ്യരോട് കരുണയുള്ളവനാണെന്ന് പറയുന്നതെങ്ങനെ? മാത്രമല്ല, അല്ലാഹുവിൻെറ സ്വന്തം സൃഷ്ടികളെ നരകത്തിലിട്ട് വറുക്കുന്ന അല്ലാഹു എങ്ങനെയാ ണ് പരമകാരുണികനും കരുണാനിധിയുമാകുന്നത്? ഭാര്യയെ പോറ്റാൻകഴിയാത്തവനോട് തൻെറ വികാരം നിയന്ത്രിക്കാൻ വ്രതം അനുഷ്ഠിക്കണമെന്ന് പറയുന്ന, കഴിവുള്ള പണക്കാരന് നാല് പെണ്ണിനെ വേൾക്കാനും പുറമെ കഴിയുന്നത്ര വെപ്പാട്ടിമാരെ സ്വീകരിക്കാനും അനുവദിക്കുന്ന അല്ലാഹു പക്ഷപാതിയും ബൂർഷ്വാവാദിയുമല്ലേ? വ്യഭിചാരക്കുറ്റത്തിനും മോഷണക്കുറ്റത്തിനും ശിക്ഷ അനുഭവിക്കേണ്ടിവരുന്നത് പാവപ്പെട്ടവരായിരിക്കുമല്ലോ?**

! സ്വന്തം ഭാര്യയെ മറ്റൊരാൾ ബലാൽസംഗം ചെയ്യുകയും, അവൻെറ ബീജം അവളുടെ ഗർഭാശയത്തിൽ വളരാൻതുടങ്ങുകയും അവനെ ശിക്ഷക്കൊന്നും വിധേയനാക്കാൻ കഴിയാതെപോവുകയും ചെയ്താൽ അവനെ നരകത്തിലിട്ട് വറുക്കുന്ന ഒരു ദൈവം ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്ന് യുക്തിവാദിപോലും കൊതിച്ചുപോകും. എയ്ഡ്സ് പേടിച്ചിട്ട് മനുഷ്യർക്ക് ഒരു ഇൻജക്ഷൻ എടുപ്പിക്കാൻപോലും കഴിയാത്ത അവസ്ഥാവിശേഷത്തിന് വഴിയൊരുക്കിയ ദുർനടപ്പുകാരോട് വലിയ കാരുണ്യം തോന്നുകയും സന്മാർഗത്തിലേക്കും സദാചാരത്തിലേക്കും വഴികാണിക്കുന്ന

പരമകാരുണികനെ വെറുക്കുകയും ചെയ്യുക എന്നതാണ് മനുഷ്യനെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ രോഗം.

പട്ടിണി നിമിത്തം മോഷ്ടിക്കാൻ നിർബന്ധിതനാകുന്നവൻെറ കൈവെട്ടണമെന്ന് ദൈവം നിശ്ചയിച്ചിട്ടില്ല. എന്നാൽ മോഷ്ടാവിൻെറ മനുഷ്യാവകാശത്തെക്കുറിച്ച് വാചാലരാകുന്ന പലരും അത്യാവശ്യ കാര്യത്തിന്വേണ്ടി സൂക്ഷിച്ച പണം മോഷ്ടിക്കപ്പെട്ടതിനാൽ കഷ്ടത അനുഭവിക്കുന്നവൻെറ ദൈന്യതയോട് അനുകമ്പ കാണിക്കാറില്ല. നമ്മുടെ നാട്ടിലെ അവസ്ഥ നോക്കൂ. നൂറ്രൂപ മോഷ്ടിച്ചവൻ ഇവിടെ ജയിലിൽ കിടക്കേണ്ടിവന്നേക്കാം. ഒരാളെ കൊന്നവന് വധശിക്ഷവരെ ലഭിച്ചേക്കാം. എന്നാൽ നൂറ് കോടി മോഷ്ടിക്കുകയോ അപഹരിക്കുകയോ ചെയ്തിട്ട് നല്ലൊരു ഭാഗം വേണ്ടപ്പെട്ടവർക്കൊക്കെ സമ്മാനിച്ചാൽ സുഖമായി വിലസാമെന്ന് മാത്രമല്ല എം.എൽ.എയോ മന്ത്രിയോ ആകാനുള്ള സൗഭാഗ്യവും ലഭിച്ചേക്കാം. പതിനഞ്ചോ ഇരുപതോ പേരെ ഒന്നിച്ചുകൊന്നാൽ ഘാതകന് പത്രവാരികകളിൽ കിട്ടുന്ന കവറേജ് അയാളെ പാർലമെൻറ് അംഗമോ കേന്ദ്രമന്ത്രിയോ വരെ ആകാൻ അർഹനാക്കുന്ന അവസ്ഥാവിശേഷവും ഇവിടെയുണ്ട്. യഥാർഥമായ നീതിയോ കാരുണ്യമോ ഈ സാഹചര്യത്തിൽ ആരിൽനിന്നാണ് പ്രതീക്ഷിക്കാൻ കഴിയുക; പരമകാരുണികനായ ദൈവത്തിൽ നിന്നല്ലാതെ!

മോഷണവും വ്യഭിചാരവും പാവപ്പെട്ടവൻെറ ഗതികേടിൻെറ അനിവാര്യതയാണെന്ന വാദം യാഥാർഥ്യത്തിന് വിരുദ്ധമാകുന്നു. ഓടുന്ന കാറുകൾക്കുള്ളിൽ മൊബൈൽ വ്യഭിചാരം നടത്തുന്നവരും ദിവസേന രണ്ടോ മൂന്നോ കാറുകൾ വീതം മോഷ്ടിക്കുന്നവരുമൊക്കെ സമൃദ്ധിയുടെ ശീതളച്ഛായയിൽ കുറ്റവാളിയായി വിലസുന്നവരാണ്. ഇവരുടെ ഇരകളോട് അർഹിക്കുന്ന കരുണ കാണിക്കാൻ കരുണാവാരിധിയായ ദൈവമല്ലാതെ മറ്റാരുമില്ല.

നാല് പെണ്ണ് കെട്ടണമെന്ന് ഇസ്‌ലാം കൽപിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല. അനിവാര്യമായ സാഹചര്യങ്ങളിൽ വ്യഭിചാരത്തെ സാധൂകരിക്കുന്നതിന് പകരം എയ്ഡ്സിനോ ഉഷ്ണപ്പുണ്ണിനോ വഴിവെക്കാത്ത ബഹുഭാര്യത്വം അനുവദിച്ചുവെന്നേയുള്ളൂ. അത് ഒരു അപരാധമൊന്നുമല്ല.



# 5

**അല്ലാഹു കാരുണ്യവാനും കരുണാനിധിയുമാണല്ലോ; എന്നിട്ടും ഹജ്ജ് കർമത്തിൽ മൃഗബലി നിർബന്ധമാക്കിയിരിക്കുന്നു. ഇത് ക്രൂരതയല്ലേ? ആയിരക്കണക്കിന് മൃഗങ്ങളെ കൊന്നൊടുക്കുന്നത് കാരുണ്യവാനു യോജിച്ചതാണോ?**

! പരമ കാരുണികനായ ദൈവം തന്നെയാണ് മാംസഭോജികളായ ജന്തുക്കളെ സൃഷ്ടിച്ചത്. മിശ്രഭുക്കായ മനുഷ്യനെ സൃഷ്ടിച്ചതും അവൻതന്നെ. സൃഷ്ടിവ്യവസ്ഥ ഇങ്ങനെയായിട്ടും മനുഷ്യരുടെ അതിക്രമങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ ഒരു ജന്തുവർഗത്തിനും വംശനാശം സംഭവിക്കുമായിരുന്നില്ലെന്നാണ് പരിസ്ഥിതിശാസ്ത്രസംബന്ധമായ പഠനങ്ങൾ തെളിയിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിവിധ ജന്തുജാലങ്ങളുടെ സംഖ്യ സന്തുലിതമായി നിലനിൽക്കുന്നത് കൂടുതൽ പെരുകുന്ന ജീവികളിൽ ഒരു പങ്ക് മാംസഭുക്കുകളായ ജന്തുക്കൾക്ക് ഇരയാകുന്നതുകൊണ്ടാണ്. അല്ലെങ്കിൽ ഭൂമുഖത്താകെ പ്രാണികളും കീടങ്ങളും നിറയുമായിരുന്നു. ചില ജന്തുവർഗങ്ങൾ അനസ്യൂതം പെരുകിയാൽ ഭൂമുഖത്തെ സസ്യജാലങ്ങളാകെ തീർന്നുപോകുമായിരുന്നു.

ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതുമെല്ലാം ദൈവികമായ കാരുണ്യത്തിൻെറ ഭാഗം തന്നെയാകുന്നു. മത്സ്യങ്ങളെയും കാലികളെയും മറ്റും ഭക്ഷിക്കുവാൻ മനുഷ്യനെ അനുവദിച്ചതും ആ കാരുണ്യത്താൽ തന്നെ. മാംസാഹാരം മനുഷ്യന് തീർത്തും നിഷിദ്ധമാക്കിയിരുന്നെങ്കിൽ കോടിക്കണക്കിനാളുകൾ പോഷകാഹാരം കിട്ടാതെ വിഷമിക്കുമായിരുന്നു. മൃഗബലി വിധിച്ചിട്ടുള്ളത് ദൈവനാമത്തിൽ കാലികളെ അറുത്ത് സ്വയം ഭക്ഷിക്കാനും ഇതരർക്ക് നൽകാനും വേണ്ടിയാകുന്നു. മൃഗങ്ങളെ വെറുതെ കൊന്നൊടുക്കാൻ വേണ്ടിയല്ല. ആടുമാടുകളല്ലാത്ത മൃഗങ്ങൾ മനുഷ്യരുടെ വേട്ടകൊണ്ട് വംശനാശത്തിന് ഇരയാകുമ്പോൾ കാലികൾക്ക് വംശനാശം നേരിടുമെന്ന് ആരും ആശങ്കിക്കുന്നേയില്ല. ബലിക്കും ഭക്ഷണത്തിനും വേണ്ടി വൻതോതിൽ അവയെ വളർത്താൻ ജനങ്ങൾ പ്രേരിതരാകുന്നതുകൊണ്ടാണ് ലോകത്ത് എല്ലായിടത്തും അവ സുലഭമാ

യിരിക്കുന്നത്. കശാപ്പും ബലിയും നിരോധിച്ചാൽ കാലികളെ വളർത്താൻ ആർക്കും താൽപര്യമുണ്ടാവില്ല. അതിനാൽ ബലി മുഖേന മൃഗങ്ങൾ ഒടുങ്ങുകയല്ല നിലനിൽക്കുകയാണ് ചെയ്യുന്നത്.

ശമനാതീത രോഗങ്ങൾകൊണ്ട് വിഷമിക്കുന്നവർക്ക് വേദനയില്ലാത്ത മരണത്തിലൂടെ ആശ്വാസം നൽകണമെന്ന് പരിഷ്കൃതരായ പലരും വാദിക്കുന്നുണ്ട്. മെഴ്സി കില്ലിംഗ് അഥവാ ദയാവധം എന്നാണ് ഇതിന് അവർ പേര്പറയുന്നത്. പരമകാരുണികൻ ചിലയാളുകളെ മരിപ്പിക്കാൻ വൈകുന്നതിൽ പ്രതിഷേധമുള്ള ദയാവധ പ്രസ്ഥാനക്കാർ ജീവിതം 'ഭാര'മായിത്തീർന്നവരെ മരണത്തിലേക്ക് നയിക്കുന്നത് ക്രൂരതയായി കരുതുന്നില്ല.

മനുഷ്യരെ വധിക്കുന്നതുതന്നെ ദയാപരമായ പ്രവർത്തനമായി പരിഷ്കൃത മനുഷ്യർക്ക് തോന്നുന്നുവെങ്കിൽ കാലികളെ പീഡിപ്പിക്കാതെ അറുത്തു തിന്നാൻ നിർദേശിച്ചത് ദൈവത്തിന്റെ കാരുണ്യത്തിന് വിരുദ്ധമാണെന്ന് വാദിക്കുന്നതിന് യാതൊരു ന്യായവുമില്ല. നല്ല മൂർച്ചയുള്ള അയുധംകൊണ്ട് ഉരുവിനെ ഏറെ വിഷമിപ്പിക്കാതെ അറുക്കാൻനിർദേശിച്ച ഇസ്‌ലാം ഈ വിഷയത്തിൽ പരമാവധി കാരുണ്യവും നീതിയും പുലർത്തിയിട്ടുണ്ട്.

# 6

**അല്ലാഹു കാരുണ്യവാനും കരുണാനിധിയുമാണെന്നും അന്യായമായി യാതൊന്നും ചെയ്യുകയില്ലായെന്നും പറയുന്നു. എങ്കിൽ യാതൊരു തെറ്റും ചെയ്യാത്ത ചില പിഞ്ചുകുട്ടികൾ വിചിത്രവും വേദനാജനകവുമായ അസുഖങ്ങളോടെ ജനിക്കുകയോ ജനിച്ചശേഷം ഇവ പിടികൂടുകയോ ചെയ്യുന്നു. രോഗം ബാധിച്ച പിഞ്ചുകുട്ടിക്ക് പുറമെ രക്ഷിതാക്കൾക്കും കുടുംബാംഗങ്ങൾക്കുമൊക്കെ അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടാക്കുന്ന ഇത്തരം രോഗങ്ങൾ കാരുണ്യവാനായ ദൈവം നൽകുന്നതെന്തുകൊണ്ടാണ്?**

**!** അല്ലാഹു പൂർണനായ സ്രഷ്ടാവാണ്. പൂർണതയുടെ സ്രഷ്ടാവാണ്. "താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ" (വി.ഖു. 32:7). "എല്ലാ കാര്യവും കുറ്റമറ്റതാക്കി



തീർത്ത അല്ലാഹുവിൻെറ നിർമിതിയത്രെ അത്" (വി.ഖു. 27:88). "അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു" (വി.ഖു. 23:14). "തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോട്കൂടി സൃഷ്ടിച്ചിരിക്കുന്നു" (വി.ഖു. 95:4). "ഹേ മനുഷ്യാ, ഉദാരനായ നിൻെറ രക്ഷിതാവിൻെറ കാര്യത്തിൽ നിന്നെ വഞ്ചിച്ചുകളഞ്ഞതെന്താണ്? നിന്നെ സൃഷ്ടിച്ച് സംവിധാനിച്ച് ശരിയായ അവസ്ഥയിലാക്കി താനുദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിച്ചവനത്രെ അവൻ" (വി.ഖു. 82:6-8).

ഓരോ തവണയും സ്രവിക്കപ്പെടുന്ന കോടിക്കണക്കിൽ പുരുഷബീജങ്ങളിൽ ഓരോന്നും ഒരു അണ്ഡവുമായി സംയോജിച്ച് ഭ്രൂണമായി ഒരു ലക്ഷണമൊത്ത ശിശു വളർന്നുവരാൻ അനുയോജ്യമായ ഘടനയോടെയാണ് സംവിധാനിക്കപ്പെട്ടിരിക്കുന്നത്. സങ്കീർണവും സൂക്ഷ്മവുമായ പ്രജനനപ്രക്രിയ സാധാരണ ഗതിയിൽ തികച്ചും അന്യൂനമായിത്തന്നെ നടക്കുന്നു. ചുരുക്കത്തിൽ ഗർഭസ്ഥശിശുവിന് രോഗങ്ങളോ വൈകല്യങ്ങളോ സംഭവിക്കുന്നുണ്ടെങ്കിൽ അതിന് കാരണം മനുഷ്യപ്രകൃതിയിൽ പ്രപഞ്ചനാഥൻ ഏർപ്പെടുത്തിയിട്ടുള്ള പ്രജനന വ്യവസ്ഥ വികലമായതല്ല. തൊടുന്നതൊക്കെ മലിനവും ദൂഷിതവും കളങ്കപങ്കിലവുമാക്കുന്ന ചില മനുഷ്യർ സ്വന്തം പ്രകൃതിയിലും തങ്ങൾക്ക് ചുറ്റുമുള്ള ഭൗതിക വസ്തുക്കളിലും വരുത്തിവെക്കുന്ന കുഴപ്പങ്ങളാണ് ജനിതക രോഗങ്ങൾക്കും ആജന്മ വൈകല്യങ്ങൾക്കും നിമിത്തമായിത്തീരുന്നത്. വായു-ജല മലിനീകരണവും തെറ്റായ ആഹാരങ്ങളും ഭോജനരീതികളും ലഹരി-മയക്കുമരുന്ന്-പുകയില എന്നീ വിഷപദാർഥങ്ങളും ആൻറിബയോട്ടിക്-സ്റ്റിറോയിഡ് ഔഷധങ്ങളും അവിഹിത ലൈംഗിക വേഴ്ചയും ശുചിത്വമില്ലായ്മയും രാസവളങ്ങളും കീടനാശിനികളും അണുപ്രസരവും ഗർഭസ്ഥശിശുവിന് രോഗമോ വൈകല്യമോ ഉണ്ടാകാൻ ഇടവരുത്തുന്ന കാരണങ്ങളിൽ ചിലതാകുന്നു. ഒറ്റ വാചകത്തിൽ പറഞ്ഞാൽ, അല്ലാഹു സംവിധാനിച്ച ശുദ്ധവും സന്തുലിതവുമായ പ്രകൃതിയിൽ മനുഷ്യർ വരുത്തിവെക്കുന്ന താളപ്പിഴകളാണ് ഗർഭസ്ഥശിശുക്കളെയും കൈക്കുഞ്ഞുങ്ങളെയും ഗുരുതരമായ രോഗങ്ങളിലേക്കും വൈകല്യങ്ങളിലേക്കും തള്ളിവിടുന്നത്. "മനുഷ്യരുടെ കൈകൾ ചെയ്തുവെച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിൻെറ ഫലം അവർ

ക്ക് ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" എന്ന ഖുർആൻ സൂക്തം (30:41) ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതാകുന്നു.

രോഗത്തെയും രോഗാണുക്കളെയും രോഗപ്രതിരോധ സംവിധാനത്തെയും സംബന്ധിച്ച അബദ്ധധാരണകളും അല്ലാഹുവിൻെറ കാരുണ്യത്തിൽ വിശ്വാസം നഷ്ടപ്പെടുത്താൻ ഇടയാക്കുന്നുണ്ട്. പരമകാരുണികനായ അല്ലാഹു രോഗാണുക്കളെ സൃഷ്ടിച്ചത് മനുഷ്യരെ ദ്രോഹിക്കാൻ വേണ്ടിയല്ല, പ്രത്യുത, ശരീരത്തിൻെറ പ്രതിരോധ സംവിധാനത്തെ, ഇമ്യൂൺ സിസ്റ്റത്തെ പടിപടിയായി പ്രബലമാക്കിത്തീർക്കുന്നതിനുവേണ്ടിയത്രെ. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിക്കുമ്പോൾ അവയെ നേരിടുന്നതിനുവേണ്ടി ഉൽപാദിപ്പിക്കപ്പെടുന്ന ആൻറിബോഡികൾ അഥാ പ്രതിവസ്തുക്കളാണ് രോഗപ്രതിരോധ സംവിധാനത്തിൻെറ ആധാരശിലകൾ. രോഗാണുക്കളൊന്നും കടക്കാത്ത ഒരു അറയിൽ ഒരു കുഞ്ഞിനെ വളർത്തിയാൽ രോഗപ്രതിരോധവ്യവസ്ഥ ദുർബലമായ നിലയിലായിരിക്കും അത് വളരുന്നത്. രോഗാണുക്കളുടെ സാന്നിധ്യമല്ല; മറ്റു കാരണങ്ങളാൽ പ്രതിരോധ വ്യവസ്ഥ ദുർബലമാകുന്നതാണ് യഥാർഥത്തിൽ രോഗബാധക്ക് കാരണം.

ഏത് പ്രായത്തിലും മനുഷ്യരെ ബാധിക്കുന്ന രോഗങ്ങളിൽ മിക്കതും ശരീരം സ്വന്തം രക്ഷക്ക്വേണ്ടി സ്വീകരിക്കുന്ന ചില നടപടികളുടെ ബഹിർപ്രകടനങ്ങൾ മാത്രമാണ്. അന്തരീക്ഷതാപത്തിൽ വലിയ മാറ്റം വരുമ്പോഴും അമിതമോ അഹിതമോ ആയ ആഹാരം കഴിക്കുമ്പോഴും ശരീരത്തിന് ചില അടിയന്തര ക്രമീകരണങ്ങൾ ആവശ്യമായിവരും. തൽസംബന്ധമായ അസ്വാസ്ഥ്യങ്ങൾ ശമിക്കാൻ ഒന്നോ രണ്ടോ ദിവസം വിശ്രമിക്കുകയും ആഹാരപാനീയങ്ങളുടെ കാര്യത്തിൽ അൽപം നിയന്ത്രണം പാലിക്കുകയും ചെയ്താൽ മാത്രം മതിയാകും. ഇത്തരം സന്ദർഭങ്ങളിൽ കടുത്ത ഉൽക്കണ്ഠ തോന്നുകയും അനാവശ്യമായ മരുന്നുകൾ കഴിക്കുകയും ചെയ്യുന്നതാണ് പിന്നീട് ഗുരുതമായ ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുന്നതിന് കാരണം.

ഒരു ഉദാഹരണം: വലിയ താപമാറ്റമുണ്ടാകുമ്പോഴും പൊടി, പുക, രാസവസ്തുക്കൾ മുതാലയവ ശ്വസിക്കാൻ ഇടവരുമ്പോഴും തുമ്മലുണ്ടാകുന്നത് ശ്വാസകോശത്തിൻെറ രക്ഷയ്ക്കും സുസ്ഥിതിക്കും



വേണ്ടി പടച്ചവൻ ഏർപ്പെടുത്തിയ സംവിധാനങ്ങളുടെ സ്വാഭാവിക പ്രവർത്തനം മാത്രമാകുന്നു. അതുകൊണ്ടാണ് തുമ്മിയാൽ അല്ലാഹുവെ സ്തുതിക്കണമെന്ന് നബി (സ) പഠിപ്പിച്ചത്. എന്നാൽ ഇന്ന് വിശ്വാസികൾ ഉൾപ്പെടെയുള്ളവർ ചെയ്യുന്നത് ദൈവികമായ ഈ അനുഗ്രഹത്തെ അടിച്ചമർത്താനുള്ള ആൻറി ഹിസ്റ്റമിൻ ഗുളികകൾ വിഴുങ്ങി സങ്കീർണതകൾ സൃഷ്ടിക്കുകയാണ്.

മറ്റുചില രോഗങ്ങൾ ജീവിത രീതിയുടെ തകരാറുകൊണ്ടും പരിസ്ഥിതി ദൂഷണംകൊണ്ടുംമറ്റും സംഭവിക്കുന്നതാണ്. കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കളുടെ തെറ്റായ ജീവിതരീതി രോഗങ്ങൾക്ക് മുഖ്യകാരണമായിരിക്കും. ഏതായാലും രോഗങ്ങൾക്ക് അല്ലാഹുവെ പഴിക്കുന്നത് ഒട്ടും ന്യായമല്ല. രോഗശമനത്തിന് സഹായകമായ അനേകമനേകം ഔഷധങ്ങൾ ഉൽപാദിപ്പിച്ചുകൊണ്ട് മനുഷ്യരെ അനുഗ്രഹിക്കുകയാണ് അവൻ ചെയ്തിട്ടുള്ളത്. വൈകല്യങ്ങളുള്ള പലർക്കും അവ പരിഹരിക്കുമാറ് ധാരാളം അനുഗ്രഹങ്ങൾ അല്ലാഹു നൽകാറുമുണ്ട്. ആഗോള തലത്തിൽ ശ്രദ്ധേയനായ ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങ്സ് തലക്ക് കീഴെയുള്ള ശരീരഭാഗങ്ങൾ ചലിപ്പിക്കാൻപോലും കഴിയാത്തത്ര വൈകല്യമുള്ള വ്യക്തിയാണെന്ന കാര്യം ഇത്തരുണത്തിൽ സ്മരണീയമാകുന്നു.

# 7

**മുസ്ലിംകളുടെ വിശ്വാസപ്രകാരം വിശുദ്ധ ഖുർആൻ ദൈവത്തിങ്കൽ നിന്നും അവതീർണമായതാണ് എന്നാണല്ലോ. എന്നാൽ ഖുർആനിലെ പ്രഥമാധ്യായമായ 'സൂറത്തുൽ ഫാത്തിഹ'യുടെ തുടക്കംതന്നെ 'അല്ലാഹുവിൻെറ നാമത്തിൽ', 'അല്ലാഹുവിന് സ്തുതി' എന്നിങ്ങനെയാണല്ലോ. ഇങ്ങനെ അല്ലാഹു സ്വയംപറയുകയോ?**

! ദൈവം വേദഗ്രന്ഥം അവതരിപ്പിച്ചത് മനുഷ്യർ എങ്ങനെയാണ് ദൈവത്തോട് നന്ദിയുള്ളവരും സൃഷ്ടികളോട് നീതിപുലർത്തുന്നവരുമായി ജീവിക്കേണ്ടതെന്ന് പഠിപ്പിക്കുവാനാണ്. സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിൻെറ അപാരമായ അനുഗ്രഹങ്ങളാണ് നമ്മുടെ ജീവിതം സുഗമവും സുഖകരവുമാക്കിത്തീർക്കുന്നത്.

അതിനാൽ ഏത് പ്രധാന വിഷയവും അനുഗ്രഹദാതാവായ ദൈവത്തിൻെറ നാമത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയുമാണ് നന്ദിയുള്ള ദാസന്മാർ ചെയ്യേണ്ടത്. ജീവിതത്തിൽ ഓരോ അനുഗ്രഹം ലഭിക്കുമ്പോഴും പരമകാരുണികനായ രക്ഷിതാവിന് സ്തുതിയർപ്പിക്കുക എന്നത് കൃതഞ്ജതയുടെ താൽപര്യമാകുന്നു. സത്യവിശ്വാസികൾ ഈ കാര്യങ്ങളെക്കുറിച്ച് സദാ ബോധമുള്ളവരായിരിക്കുന്നതിന് വേണ്ടിയാകുന്നു നമസ്കാരത്തിൽ ആവർത്തിച്ച് പാരായണം ചെയ്യുന്നതിനുള്ള പ്രാരംഭാധ്യായം അവതരിപ്പിച്ചത്. മനുഷ്യരുടെ വിചാരവും വാക്കുകളും പ്രവൃത്തികളും സമീപനങ്ങളും എങ്ങനെയായിരിക്കണമെന്ന് പഠിപ്പിക്കാൻവേണ്ടി അവതീർണമായ ഗ്രന്ഥത്തിൽ മനുഷ്യർ നിർവഹിക്കേണ്ട പ്രാർഥനകളും കീർത്തനങ്ങളും ഉൾക്കൊള്ളിച്ചത് തികച്ചുംപ്രസക്തമാകുന്നു.

# 8

**ദൈവത്താൽ അവതീർണമായതാണ് ഖുർആൻ. അതിലുള്ളത് ദൈവികവചനങ്ങൾ മാത്രമാണ്. എന്നാൽ ഖുർആനിൽ ദൈവം ചില സൃഷ്ടികളെഷിടിച്ച് സത്യം ചെയ്യുന്നതായി കാണാം. ഉദാഹരണമായി, പ്രഭാതം തന്നെയാണ് സത്യം, പത്ത് രാത്രികൾതന്നെയാണ് സത്യം (89:3) എന്നൊക്കെ. ദൈവം ഒരു കാര്യംപറഞ്ഞാൽ അത് എല്ലാറ്റിനും ഉപരിയാണ്. പിന്നെയെന്തിനാണ് ഇത്തരം സൃഷ്ടികളെഷിടിച്ച് സത്യം ചെയ്യുന്നത്. അവയൊക്കെ നശ്വരങ്ങളായ സൃഷ്ടികളാണെന്ന് ഖുർആൻ തന്നെ വെളിപ്പെടുത്തുന്നുമുണ്ട് (55:26, 27). ഇത്തരത്തിൽ നശ്വരങ്ങളായ സൃഷ്ടികളെഷിടിച്ച് സത്യം ചെയ്യൽ ഒരു വേദഗ്രന്ഥത്തിന് യോജിച്ചതാണോ?**

! വിശുദ്ധ ഖുർആൻ യഥാർഥ വിശ്വാസികളെ മാത്രമല്ല അഭിസംബോധന ചെയ്യുന്നത്. ഭൗതിക യാഥാർഥ്യങ്ങളെ മാത്രം അംഗീകരിക്കുന്നവരെയും ശരിയായ അവബോധമില്ലാത്ത വിശ്വാസികളെയും ദിവ്യദൃഷ്ടാന്തങ്ങൾ മുഖേന ബോധവൽകരിക്കാൻ ഉദ്ദേശിച്ചുള്ളവയാണ് ഖുർആൻ സൂക്തങ്ങൾ. സ്ഥലകാലങ്ങളും സൃഷ്ടിപ്രപ ഞ്ചത്തിലെ മറ്റ് വിസ്മയങ്ങളുമെല്ലാം ചിന്താശീലരുടെ മനസ്സിൽ ഒരു മഹാസംവിധായകനെ സംബന്ധിച്ച ബോധമുളവാക്കാൻ പര്യാ



പ്തമത്രെ. സ്ഥലകാലങ്ങൾക്ക് സമൂഹങ്ങളുടെ ചരിത്രത്തിലുള്ള സ്ഥാനവും പ്രപഞ്ചനാഥനെ സംബന്ധിച്ച ചിന്ത അങ്കുരിപ്പിക്കാൻ ചിലപ്പോൾ പര്യാപ്തമായെന്ന്വരും.

ഇതുകൊണ്ടൊക്കെയാണ് അഭിസംബോധിതർക്ക് അവഗണിക്കാൻ കഴിയാത്ത ഭൗതിക പ്രതിഭാസങ്ങളെ സാക്ഷിയാക്കിക്കൊണ്ട് അല്ലാഹു സംസാരിക്കുന്നത്. ഏതൊരു പ്രതിഭാസങ്ങളുടെയും മൗലികതയെകുറിച്ച് ചിന്തിക്കുന്നവർക്ക് അല്ലാഹുവിൻെറ കഴിവുകളെയോ നടപടിക്രമത്തെയോ നിഷേധിച്ചുതള്ളാൻ കഴിയില്ല എന്ന സൂചനയാണ് അവയെക്കൊണ്ട് സത്യം ചെയ്ത് സംസാരിക്കുന്നതിൽ അടങ്ങിയിട്ടുള്ളത്. നശ്വരരായമനുഷ്യർക്ക് അവരുടെ ശ്രദ്ധയിൽപെടുന്ന ഭൗതിക പ്രതിഭാസങ്ങളിലടങ്ങിയ ദൃഷ്ടാന്തങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനാണല്ലോ പ്രസക്തിയുള്ളത്.

# 9

**“അദൃശ്യകാര്യങ്ങളുടെ താക്കോൽ അഞ്ചെണ്ണമാകുന്നു. അത് അല്ലാഹുവല്ലാതെ മറ്റാരും അറിയുകയില്ല. അതിലൊന്ന് ഗർഭാശയത്തിൽ ഉള്ളത് അല്ലാഹുവല്ലാതെ അറിയുകയില്ല....” (ബുഖാരി, മുസ്‌ലിം, അഹ്മദ്).**

**ഈ കാലഘട്ടത്തിൽ സ്കാനിംഗ് പോലുള്ള രീതികൾ ഉപയോഗിച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ എല്ലാവർക്കും അറിയാൻ കഴിയുന്നു. അങ്ങനെയാണെങ്കിൽ ഇത് ഇസ്‌ലാമിന്റെ അവകാശവാദങ്ങൾ പൊളിക്കുന്നതല്ലേ? ഇതിന് വ്യക്തമായ മറുപടി തരണമെന്ന് അപേക്ഷിക്കുന്നു.**

! ഒരു ഗർഭസ്ഥ ശിശുവെ സംബന്ധിച്ച കേവലം ബാഹ്യമായ ചില കാര്യങ്ങൾ മാത്രമാണ് സ്കാനിംഗിലൂടെ അറിയാൻ കഴിയുന്നത്. കുട്ടിയുടെ ആന്തരികവും മാനസികവുമായ ഘടനയാണ് അവന്റെ ഭാഗധേയത്തെ സംബന്ധിച്ചിടത്തോളം നിർണായകമായിട്ടുള്ളത്. ഈ വിഷയകമായി സൂക്ഷ്മജ്ഞാനം ലഭിക്കാൻ യാതൊരുവിധ സ്കാനിംഗും പര്യാപ്തമാവുകയില്ല. ഓരോ ഗർഭസ്ഥ ശിശുവും ഒരു പൂർണ വ്യക്തിത്വമായി വളരേണ്ടതാണ്. സൂക്ഷ്മവും സങ്കീർണ്ണവുമായ ഈ വളർച്ചയുടെ അസ്തിവാരമിടൽ ഗർഭാശയത്തിൽവച്ചു തന്നെയാണ് നടക്കുന്നത്. പക്ഷേ, മാതാപിതാക്കൾക്കോ ഡോക്ടർമാ

ർക്കോ അതിന്റെ വിശദാംശങ്ങൾ അറിയാൻ യാതൊരു മാർഗവും ഇല്ല. ഒരു സന്തതിയെ സംബന്ധിച്ച മാതാപിതാക്കളുടെ മോഹങ്ങളും മോഹഭംഗങ്ങളും വികസ്വരമായ വ്യക്തിത്വത്തിന്റെ വൈവിധ്യമാർന്ന മാനങ്ങളുമായാണ് ബന്ധപ്പെടുന്നത്. അതിന്റെയൊക്കെ ആധാരങ്ങൾ ഗർഭാശയത്തിലാണ് രൂപപ്പെടുന്നതെങ്കിലും തൽസംബന്ധമായ അറിവ് ആ ഘട്ടത്തിൽ സൃഷ്ടികർത്താവല്ലാത്ത എല്ലാവർക്കും അപ്രാപ്യമായിരിക്കും.

# 10

**മനുഷ്യനെ പരീക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ് സൃഷ്ടിച്ചതെന്നാണ് അല്ലാഹു പറയുന്നത്. എന്നാൽ സകലതും മുൻകൂട്ടി അറിയുന്നവനായ പടച്ചവനെ സംബന്ധിച്ചിടത്തോളം ഈ പരീക്ഷണത്തിന് എന്തർഥമാണുള്ളത്? ഒരുവൻ എന്താകും എന്താകില്ലായെന്ന വസ്തുത അല്ലാഹുവിന് ആദ്യമേ അറിയുമല്ലോ? പിന്നെയെന്തിനാണ് ഈ പരീക്ഷണം?**

! ഒരു കുട്ടിയുടെ ബുദ്ധിപരമായ കഴിവുകൾ എത്രത്തോളമുണ്ട് എന്നറിയുന്ന അധ്യാപകൻ എന്തിനാണ് അവനെക്കൊണ്ട് പരീക്ഷയെഴുതിക്കുന്നത്? സാമാന്യ ബുദ്ധിയുള്ളവർക്കെല്ലാം അറിയാവുന്നതാണ് ഇതിൻെറ ഉത്തരം. കുട്ടികളുടെ കഴിവുകൾ പടിപടിയായി വികസിപ്പിക്കുകയാണ് പരീക്ഷകളുടെ ലക്ഷ്യം. പരമകാരുണികനായ ദൈവം മനുഷ്യരെ പലതരം പരീക്ഷകൾക്ക് വിധേയരാക്കുന്നതിൻെറ ലക്ഷ്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. ആ പരീക്ഷകളുടെനേരെ ശരിയായ സമീപനം സ്വീകരിക്കുന്നവർക്ക് അവ വികാസവും വിജയവും നേടിക്കൊടുക്കും. മാഷിന് ഉത്തരം അറിയാമെന്നിരിക്കെ എന്നെ ബുദ്ധിമുട്ടിക്കുന്നതെന്തിന് എന്ന് ചോദിക്കുന്ന തലതിരിഞ്ഞപയ്യൻേറതുപോലുള്ള നിലപാട് സ്വീകരിച്ചാൽ ഫലമെന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്.

അല്ലാഹു നമുക്ക് പ്രതിഫലവും ശിക്ഷയും നിശ്ചയിച്ചിട്ടുള്ളത് നമ്മുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്. നന്മയും തിന്മയും തെരഞ്ഞെടുക്കാനുള്ള മനുഷ്യരുടെ സ്വാതന്ത്ര്യം മുൻവിധി മുഖേന അല്ലാഹു നിഷേധിച്ചിട്ടില്ല എന്ന കാര്യം ഖുർആൻ കൊണ്ട് തെളിഞ്ഞിട്ടുള്ളതും അനുഭവങ്ങൾകൊണ്ട് വ്യക്തമാകുന്ന



തുമാണ്. ഞങ്ങൾ അവിശ്വാസികളോ അധർമകാരികളോ ആകണമെന്ന് അല്ലാഹു നേരത്തെ നിശ്ചയിച്ചതുകൊണ്ടല്ലേ അങ്ങനെ സംഭവിക്കുന്നതെന്ന് മുമ്പേ പലരും ചോദിച്ചിരുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു അതിനെക്കുറിച്ച് എന്ത് പറയുന്നുവെന്ന് നോക്കുക:

“ആ ബഹുദൈവാരാധകർ പറഞ്ഞേക്കും; അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവിനോട്) പങ്ക് ചേർക്കുമായിരുന്നില്ല; ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നുമില്ല എന്ന്. ഇതേ പ്രകാരം അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നതുവരെ നിഷേധിച്ച് കളയുകയുണ്ടായി. പറയുക: നിങ്ങളുടെ പക്കൽ വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുകമാത്രമാണ് ചെയ്യുന്നത്” (വി.ഖു. 6:148).

അല്ലാഹുവിൻെറ പൂർവജ്ഞാനവും പൂർവനിശ്ചയവും നമ്മുടെ അറിവിൻെറ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. എന്നാൽ ദുഷിച്ച ചിന്തകളുടെയും വാക്കുകളുടെയും പ്രവൃത്തികളുടെയും പ്രലോഭനങ്ങളിൽ അകപ്പെടുന്ന മനുഷ്യർ അനുഭവിക്കുന്ന ദുഷ്ഫലങ്ങൾ ഒരളവോളം നാം ഇവിടെത്തന്നെ കാണുന്നുണ്ട്. ശാശ്വതമായ പരലോകത്താകട്ടെ അത്യന്തം വ്യാപകമായ ഭവിഷ്യത്തുകളായിരിക്കും നേരിടേണ്ടിവരിക. വാഗ്വിചാര കർമങ്ങളെ വിവേകപൂർവം നന്മയിൽ ഉറപ്പിച്ച് നിർത്തുന്ന സദ്വൃത്തർ അനുഭവിക്കുന്ന സദ്ഫലങ്ങളും ഒരളവോളം നമുക്ക് കണ്ടറിയാൻ കഴിയുന്നു. ഈ രണ്ട് അവസ്ഥ കളും തിരിച്ചറിയാൻ ഉതകുന്ന ദൈവിക പരീക്ഷയുടെ പ്രസക്തി ചിന്താശീലർക്ക് സുഗ്രാഹ്യമാകുന്നു.

# 11

**ഒരു വ്യക്തി ജനിക്കുന്നതിന് മുമ്പ് അവൻ മരിക്കുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളും അല്ലാഹു നേരത്തെ എഴുതിവെച്ചിട്ടുണ്ടോ? എങ്കിൽ ആത്മഹത്യ, അപകടമരണം, തുടങ്ങി ഈ ഭൂലോകത്ത് സംഭവിച്ചതും സംഭവിക്കാൻ പോകുന്നതുമായ മുഴുവൻ കാര്യങ്ങളും ദൈവത്തിന് നേരത്തെ അറിയാമെങ്കിൽ സ്വർഗം, നരകം, പരലോക ജീവിതം എന്നി**

**വക്ക് പ്രസക്തിയില്ലല്ലോ. അതല്ല, മറിച്ച് അവരവരുടെ കർമഫലം കൊണ്ടാണോ ഇതൊക്കെ സംഭവിക്കുന്നത്?**

! അല്ലാഹുവിൻെറ ജ്ഞാനം സമ്പൂർണമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. "അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽനിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല" (വി.ഖു. 2:255). "ഭൂമിയിലോ നിങ്ങളുടെ ദേഹത്തിൽതന്നെയോ യാതൊരാപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പുതന്നെ ഒരു രേഖയിൽ ഉൾപ്പെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു" (വി.ഖു. 57:22).

തങ്ങൾ ബഹുദൈവാരാധകരായത് അല്ലാഹു മുൻകൂട്ടി അങ്ങനെ തീരുമാനിച്ചതുകൊണ്ടാണെന്ന് വാദിച്ചവരെ സർവജ്ഞനായ അല്ലാഹു ഖണ്ഡിക്കുകയാണ് ചെയ്തത് എന്നകാര്യവും ഇതോടൊപ്പം ഗ്രഹിക്കേണ്ടതാണ്.

"ആ ബഹുദൈവാരാധകർ പറഞ്ഞേക്കും; അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ (അവനോട്) പങ്ക് ചേർക്കുമായിരുന്നില്ല; ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നുമില്ല എന്ന്. അതുപോലെതന്നെ അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നതുവരെ നിഷേധിച്ച്കളയുകയുണ്ടായി. പറയുക: നിങ്ങളുടെപക്കൽ വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്. പറയുക: ആകയാൽ അല്ലാഹുവിനാണ് മികച്ച തെളിവുള്ളത്. അവൻ ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ മുഴുവൻ അവൻ നേർവഴിയിലാക്കുകതന്നെ ചെയ്യുമായിരുന്നു' (വി.ഖു. 6:148, 149).

(അല്ലാഹുവോട്) പങ്കാളികളെ ചേർത്തവർ പറഞ്ഞു: "അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കന്മാരോ അവന് പുറമെ യാതൊന്നിനെയും ആരാധിക്കുമായിരുന്നില്ല. അവൻെറ കൽപനകൂടാതെ ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയും ഇല്ലായിരുന്നു. അതുപോലെതന്നെ അവർക്ക് മുമ്പുള്ളവരും ചെയ്തിട്ടുണ്ട്. എന്നാൽ ദൈവദൂതന്മാരുടെ മേൽ പ്രബോധനമല്ലാത്ത വല്ല ബാധ്യതയും ഉണ്ടോ?'' (വി.ഖു. 16:35).



"പരമകാരുണികൻ ഉദ്ദേശിച്ചിരുന്നില്ലെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല എന്ന് അവർ പറയുകയും ചെയ്യും. അവർക്ക് അതിനെ സംബന്ധിച്ച് യാതൊരു അറിവുമില്ല. അവർ ഊഹിച്ചു പറയുക മാത്രമാകുന്നു" (വി.ഖു. 43:20).

ഞാൻ ഇന്ന വിധത്തിലാകണമെന്നാണ് അല്ലാഹു നേരത്തെ തീരുമാനിച്ചത് എന്ന് പറയാൻ യാതൊരാൾക്കും അവകാശമില്ല. യാതൊരു തെളിവുമില്ലാതെ, ആധികാരികമായ അറിവ് കൂടാതെ അങ്ങനെ പറയുകയും അതിൻെറ അടിസ്ഥാനത്തിൽ സ്വർഗത്തിനും നരകത്തിനും പ്രസക്തിയില്ല എന്നൊരു വാദം കെട്ടിപ്പടുക്കുകയും ചെയ്യുന്നത് കടുത്ത അതിക്രമമാകുന്നു. സ്ഥലകാലങ്ങൾക്ക് അതീതനായ അല്ലാഹുവിൻെറ അറിവും കഴിവുമെല്ലാം നമ്മുടേതിൽനിന്ന് തികച്ചും വ്യത്യസ്തമായിരിക്കുമെന്ന് നാം മനസ്സിലാക്കണം. സ്ഥലകാല പരിധികൾക്ക് വിധേയരായ മനുഷ്യർക്ക് ഭൂതകാലത്തെ സംബന്ധിച്ച് പരിമിതമായ അറിവ് മാത്രമായിരിക്കുമുള്ളത്. ഭാവിയാകട്ടെ അവർക്ക് തികച്ചും അജ്ഞാതമായിരിക്കും. സ്ഥലത്തിൻെറയും കാലത്തിൻെറയും സ്രഷ്ടാവിന് ഭൂതവും ഭാവിയും വർത്തമാനവും ഒരുപോലെ അറിയും. എന്നാൽ അവൻെറ അറിവോ ഇച്ഛയോ മനുഷ്യൻെറ സ്വാതന്ത്ര്യത്തെ-നന്മയും തിന്മയും തിരിച്ചറിയാനും തെരഞ്ഞെടുക്കാനുമുള്ള കഴിവിനെ -പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് വിവിധ ഖുർആൻ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്.

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽപെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ സൽഫലം അവരവർക്ക് തന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ ദുഷ്ഫലവും അവരവരുടെ മേൽതന്നെ"(വി.ഖു. 2:286). അല്ലാഹു കൽപിക്കുന്ന കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് എല്ലാ മനുഷ്യർക്കും പൊതുവായി അവൻ നൽകിയിട്ടുണ്ടെന്നും, ആർക്കെങ്കിലും കഴിവ് നഷ്ടപ്പെട്ടാൽ കൽപന അനുസരിക്കാത്തതിൻെറ പേരിൽ അവർ കുറ്റക്കാരാവുകയില്ലെന്നുമാണ് ഇതിൽനിന്ന് ഗ്രഹിക്കാവുന്നത്. അല്ലാഹുവിൻെറ പൂർവജ്ഞാനമോ പൂർവനിശ്ചയമോ നിമിത്തം ആർക്കും നന്മയോ തിന്മയോ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുന്നില്ലെന്നും ഈ സൂക്തത്തിൽനിന്ന് മനസ്സിലാക്കാം.

"മതത്തിന്റെ കാര്യത്തിൽ നിർബന്ധം ചെലുത്തലേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ്കഴിഞ്ഞിരിക്കുന്നു" (വി.ഖു. 2:256). "പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്" (വി.ഖു. 18:29). അല്ലാഹുവിന്റെ മുന്നറിവോ മുൻവിധിയോ കാരണമായി മനുഷ്യർക്ക് വിശ്വാസ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നില്ലെന്നും, അതുകൊണ്ട് ബോധപൂർവം അവിശ്വാസം തെരഞ്ഞെടുക്കുന്നത് അവരുടെ ഭാഗത്തുനിന്നുള്ള അക്രമമാണെന്നും ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു.

"വല്ലവനും നേർമാർഗം സ്വീകരിക്കുന്നപക്ഷം തന്റെ സ്വന്തം ഗുണത്തിനായിത്തന്നെയാണ് അവൻ നേർമാർഗം സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ചുപോകുന്നപക്ഷം തനിക്ക് ദോഷത്തിനായിത്തന്നെയാണ് അവൻ വഴിപിഴച്ച് പോകുന്നത്. പാപഭാരം ചുമയ്ക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമയ്ക്കുകയില്ല. ഒരു ദൂതനെ അയക്കുന്നതുവരെ നാം (ആരെയും) ശിക്ഷിക്കുകയുമില്ല" (വി.ഖു. 17:15). പരലോകത്ത് ഓരോ വ്യക്തിക്കും തന്റെ കർമങ്ങളുടെ രേഖ നൽകപ്പെടുന്ന സന്ദർഭത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു: (കർമങ്ങളുടെ) രേഖവെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ, അതിലുള്ളതിനെപ്പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും: 'അയ്യോ! ഞങ്ങൾക്ക് നാശം. ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നുംതന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ!' തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല" (വി.ഖു. 18:49). മനുഷ്യൻ തികഞ്ഞ സ്വാതന്ത്ര്യത്തോടെ തെരഞ്ഞെടുത്ത ജീവിതരീതിയാണ് അവന് ഗുണമായോ ദോഷമായോ കലാശിക്കുന്നതെന്നും അല്ലാഹു ഇക്കാര്യത്തിൽ ആരോടും ഒട്ടും അനീതി കാണിക്കുന്നില്ലെന്നും ഈ സൂക്തങ്ങൾ തെളിയിക്കുന്നു.

സർവജ്ഞത അല്ലാഹുവിന്റെ പൂർണതയാകുന്നു. പൂർണജ്ഞാനവും കഴിവുമുള്ള അല്ലാഹു മനുഷ്യന് സ്വന്തം മാർഗം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയത് നീതിപൂർവകമായ ഒരു നടപടിയാ



കുന്നു. അല്ലാഹുവിന്റെ സമ്പൂർണമായ അറിവ് നമുക്ക് അപഗ്രഥിക്കാൻ കഴിയാതിരിക്കുക സ്വാഭാവികമാണ്. അതിനാൽ മനുഷ്യന്റെ നടപടികളുടെ പ്രത്യാഘാതങ്ങൾ അല്ലാഹുവിന്റെ കുറ്റമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ഒട്ടും നീതീകരിക്കപ്പെടാവുന്നതല്ല. ഒരു വിദ്യാർഥിയെ സംബന്ധിച്ച് ക്ലാസ് ടീച്ചർക്ക് വ്യക്തമായ ധാരണയുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ ആ ധാരണ നിമിത്തമാണ് വിദ്യാർഥി പരീക്ഷയിൽ തോറ്റത് എന്ന്പറയുന്നത് തികച്ചും അന്യായമായിരിക്കും.

# 12

**നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൽനിന്നാണ് വന്ന് ഭവിക്കുന്നത് എന്ന് ഖുർആനിൽതന്നെ അല്ലാഹു വ്യക്തമാക്കിയിരിക്കെ മനുഷ്യർ ചെയ്യുന്ന നന്മക്കും തിന്മക്കും എങ്ങനെയാണ് മനുഷ്യർ ഉത്തരവാദിയാകുന്നത്? എല്ലാം അല്ലാഹുവിന്റെ വിധിക്കനുസരിച്ച് മാത്രം നടക്കുന്നതല്ലേ? അല്ലാഹുവിന്റെ വിധിക്കനുസരിച്ച് ചെയ്യുന്ന പ്രവർത്തികൾക്ക് മനുഷ്യനെ അവൻ ശിക്ഷിക്കുകയാണെങ്കിൽ എന്തൊരു നീതിയാണുള്ളത്?**

! അല്ലാഹു ഏറ്റവും നല്ല സ്രഷ്ടാവാണ് (വി. ഖു. 23:14). അവൻ സൃഷ്ടിച്ചതെല്ലാം അവൻ നന്മയുള്ളതാക്കിയിരിക്കുന്നു (വി.ഖു. 32:7). മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചത് ഏറ്റവും നല്ല ഘടനയോട് കൂടിയാകുന്നു (വി.ഖു. 95:4). "നിനക്ക് വന്നുഭവിച്ച ഏത് നന്മയും അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു. നിനക്ക് വന്നുഭവിച്ച ഏത് തിന്മയും നിന്റെ പക്കൽനിന്ന് തന്നെയുള്ളതാകുന്നു" (വി.ഖു. 4:79). അല്ലാഹുവിന്റെ സൃഷ്ടിപ്പും പരിപാലനവും ശിക്ഷയും മരിപ്പിക്കലുമെല്ലാം അവനെ അപേക്ഷിച്ച് നല്ലതും ന്യായവുമായ നടപടികളാകുന്നു. മനുഷ്യന് ചിന്തിക്കാനും വിവേചിക്കാനും ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാനും അല്ലാഹു സ്വാതന്ത്ര്യം നൽകിയതും അവന്റെ ന്യായമായ നടപടികളിലൊന്നാകുന്നു. ഇതിലൊന്നും അല്ലാഹുവിന്റെ ഭാഗത്തുനിന്ന് യാതൊരു അനീതിയും ഉണ്ടായിട്ടില്ല. "അടിയന്മാരോട് അനീതി കാണിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല" (വി.ഖു. 40:31).

പ്രപഞ്ചംമുഴുവൻ അല്ലാഹു സൃഷ്ടിച്ചതാണ്. പ്രപഞ്ചത്തിലെ സൂക്ഷ്മവും സ്ഥൂലവുമായ വ്യവസ്ഥകളെല്ലാം അവൻ നിശ്ചയിച്ചതാണ്. മനുഷ്യൻ പ്രപഞ്ചത്തിൻെറ ഭാഗമായതുകൊണ്ട് ഈ നിശ്ചയം അവന്കൂടെ ബാധകമാണ്. എന്നാൽ അല്ലാഹു വിപുലമായ ഇച്ഛാസ്വാതന്ത്ര്യം നൽകിയിട്ടുള്ളതിനാൽ ഏത് കാര്യത്തിലും ന്യായമോ അന്യായമോ ശരിയോ തെറ്റോ ആയ നിലപാടുകൾ തെരഞ്ഞെടുക്കാൻ മനുഷ്യന് കഴിയും. ഒരു ഉദാഹരണത്തിലൂടെ ഇക്കാര്യം വ്യക്തമാക്കാം. ലൈംഗികാവയവങ്ങൾ അതീവസൂക്ഷ്മമായ വ്യവസ്ഥകളോടെ സംവിധാനിച്ചത് അല്ലാഹുവാണ്. ലൈംഗിക വികാരം അല്ലാഹുവിൻെറ വിശിഷ്ട ദാനങ്ങളിലൊന്നാണ്. മനുഷ്യജീവിതത്തിൻെറ വിവിധതലങ്ങളെ സ്നിഗ്ധവും സുരഭിലവുമാക്കുന്ന വൈകാരിക സാഫല്യവും വംശവർധനയും ലൈംഗികതയുടെ സൽഫലങ്ങളാണ്. മനുഷ്യന് നന്മകളുടെ നിറവാണ് നല്ലവനായ സ്രഷ്ടാവ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സിഫിലിസും എയ്ഡ്സും മുഖേന മനുഷ്യനെ പീഡിപ്പിക്കുകയല്ല ലൈംഗിക വ്യവസ്ഥ സംവിധാനിച്ചതിൻെറ ലക്ഷ്യം. എന്നാൽ ലൈംഗികതയുടെ നേരെ തെറ്റായ നിലപാട് സ്വീകരിച്ചാൽ ഗുരുതരമായ ഗുഹ്യരോഗങ്ങൾ ഉൾപ്പെടെ പല ദുഷ്ഫലങ്ങളും മനുഷ്യൻ അനുഭവിക്കേണ്ടിവരും.

കർമസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുന്ന മനുഷ്യൻ മാത്രമാണ് ഈ ദുരവസ്ഥക്ക് ഉത്തരവാദി. ലൈംഗികാവയവങ്ങൾ സൃഷ്ടിച്ച അല്ലാഹുവെ കുറ്റപ്പെടുത്തുന്നതിന് യാതൊരു ന്യായവുമില്ല. അല്ലാഹു അവൻെറ വിധിമുഖേന ആരെയും അവിഹിത ലൈംഗിക വേഴ്ചക്ക് നിർബന്ധിതനാക്കുന്നില്ലെന്നാണ്, അഥവാ ദൈവവിധി നിമിത്തം നല്ലതും ചീത്തയും തെരഞ്ഞെടുക്കാനുള്ള മനുഷ്യൻെറ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നില്ലെന്നാണ് പല ഖുർആൻ സൂക്തങ്ങളിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്.

“പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ (വിശ്വസിക്കാൻ) ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. (അവിശ്വസിക്കാൻ) ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്” (വി. ഖുർആൻ 18:29).

മനുഷ്യർ സ്വതന്ത്രമായി വിശ്വാസമോ അവിശ്വാസമോ തെരഞ്ഞെടുക്കണമെന്നും അതിൻെറ സ്വാഭാവിക ഫലം അവർ അനുഭവിക്കണമെന്നുമാണ് അല്ലാഹുവിൻെറ വിധി എന്നത്രെ ഈ വചനത്തിൽനിന്ന് ഗ്രഹിക്കാവുന്നത്. ഞങ്ങൾ തെറ്റായ വിശ്വാസമോ കർമമോ സ്വീകരിക്കണമെന്ന് അല്ലാഹു വിധിച്ചതുകൊണ്ടല്ലേ അങ്ങനെ സംഭവിച്ചത് എന്ന് വല്ലവരും ചോദിച്ചേക്കാം. പക്ഷേ, അല്ലാഹു ആ ന്യായം അംഗീകരിക്കുകയില്ലെന്ന് വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്.



“ആ ബഹുദൈവാരാധകർ പറഞ്ഞേക്കും; അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ ശിർക്ക് (ബഹുദൈവാരാധന) ചെയ്യുമായിരുന്നില്ല; ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നുമില്ല എന്ന്. അതുപോലെ അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കുന്നതുവരെ നിഷേധിച്ചുകളയുകയുണ്ടായി. പറയുക: നിങ്ങളുടെപക്കൽ വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്” (വി.ഖു: 6:148).

# 13

**അല്ലാഹു ഒരു പ്രതിനിധിയെ ഭൂമിയിൽ നിയോഗിക്കുവാൻ തീരുമാനിക്കുകയും എന്നിട്ട് ആദമിനെയും ഹവ്വയെയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു എന്നാണ് ഖുർആൻ പറയുന്നത്. വിലക്കപ്പെട്ട കനി തിന്നത്കാരണമാണ് രണ്ടുപേരും സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെട്ടതെന്ന് ഖുർആനും ബൈബിളും പറയുന്നു.**

**ഇവിടെ ദൈവത്തിൻെറ തീരുമാനവും സംഭവവും തമ്മിൽ വൈരുദ്ധ്യമില്ലേ? അല്ലെങ്കിൽ ഇവിടെ എന്ത് “ദൈവം കളി”യാണ് നടന്നത്?**

! പ്രപഞ്ചനാഥൻ ഒരു കളിതമാശക്കാരനല്ല. “ആകാശത്തെയും ഭൂമിയെയും അവ രണ്ടിനും ഇടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല” (21:16, 44:38) എന്ന് അവൻ വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. അവൻെറ തീരുമാനങ്ങളെയും നടപടികളെയും സംബന്ധിച്ച് അവൻ വേദഗ്രന്ഥങ്ങളിലൂടെ അറിയിച്ചതിൽ കൂടുതലായി യാതൊന്നും അറിയാൻ നമുക്ക് കഴിയില്ല. “ആകാശങ്ങ

ളും ഭൂമിയും അവ രണ്ടിനും ഇടയിലുള്ളതും ന്യായപ്ര കാരമല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല" (15:85) എന്ന് വിശുദ്ധ ഖുർആ നിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ദൈവികമായ ഏത് നടപടിയും യുക്തിപൂർവകമായിരിക്കുമെന്ന് ഉറപ്പാണ്.

ആദമിനെയും ഇണയെയും അല്ലാഹു സൃഷ്ടിച്ചത് എവിടെ വെച്ചാണെന്ന് വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടില്ല. സൃഷ്ടിക്കുമ്പോൾ തന്നെ ഉദ്ദേശിച്ചിരുന്നത് അവരെ ഭൂമിയിൽ പ്രതിനിധികളാക്കാനാണെങ്കിലും അതിനുമുമ്പ് അവരെ ഒരു ഇടത്താവളത്തിൽ കുറച്ചുകാലം താമസിപ്പിച്ചത് ആ ഉദ്ദേശ്യത്തിന് വിരുദ്ധമാണെന്ന് പറയാവുന്നതല്ല. ഒരു നാട്ടിൽ സുപ്രധാനമായ ഒരു ദൗത്യം നിർവഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയെ മറ്റൊരു നാട്ടിൽ താമസിപ്പിച്ച് പരിശീലനം നൽകുന്നതിൽ അസ്വാഭാവികതയില്ലല്ലോ. സർവജ്ഞനും പരമകാരുണികനുമായ അല്ലാഹുവിൻെറ വിധിവിലക്കുകളെ മാനിക്കാതിരുന്നാൽ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടി വരും എന്ന നിത്യപ്രസക്തമായ പാഠം പഠിപ്പിച്ചതിനുശേഷം അവരെ ഭൂമിയിലേക്ക് അയച്ചത് തികച്ചും സംഗതംതന്നെ.

ആദമിനെയും പത്നിയെയും ആദ്യം താമസിപ്പിച്ചത് 'ജന്നത്തി' ലായിരുന്നുവെന്നാണ് വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ളത്. സ്വർഗ്ഗം എന്നും തോട്ടം എന്നും ജന്നഃ എന്ന പദത്തിന് അർഥമുണ്ട്.

ഏതായാലും 2:36 സൂക്തം സൂചിപ്പിക്കുന്നത് ഈ സ്ഥലം ഭൂമിയിലായിരുന്നില്ലെന്നാണ്. "എന്നാൽ പിശാച് അവരെ അതിൽനിന്ന് വ്യതിചലിപ്പിച്ചു. അവരെ പുറംതള്ളുകയും ചെയ്തു. നാം പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകൂ. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാകുന്നു. നിങ്ങൾക്ക് ഭൂമിയിൽ ഒരു നിശ്ചിതകാലംവരെ വാസസ്ഥലവും ജീവിത വിഭവങ്ങളും ഉണ്ടായിരിക്കും". ഈ ഖുർആൻ സൂക്തം സ്വർഗത്തിൽനിന്ന് (അഥവാ തോട്ടത്തിൽനിന്ന്) പുറംതള്ളിയതിനു ശേഷമാണ് ആദമിനെ ഭൂമിയിലേക്ക് അയച്ചത് എന്നാണല്ലോ സൂചിപ്പിക്കുന്നത്.

ആദമിനെയും ഹവ്വയെയും താമസിപ്പിച്ചത് ഏദൻ തോട്ടത്തിലാണെന്നത്രെ ബൈബിളിലെ പരാമർശം. അവരെ താമസിപ്പിച്ചത് ഭൂമിയിലെതന്നെ ഒരു തോട്ടത്തിലായിരിക്കാമെന്ന് ചുരുക്കംചില മുസ്‌ലിം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും ഭൂമിയിലെ



സാധാരണ ജീവിതത്തിലേക്ക് അവരെ തിരിച്ചുവിടുന്നതിനുമുമ്പ് സമൃദ്ധിനിറഞ്ഞ ഒരു ഇടക്കാല വാസസ്ഥലത്ത് അവരെ താമസിപ്പിച്ചത് മനുഷ്യ നിയോഗത്തെ സംബന്ധിച്ച ദൈവിക തീരുമാനത്തിന് വിരുദ്ധമാണെന്ന് പറയാൻ സാധ്യമല്ല.

# 14

**ഇസ്‌ലാമിൻെറ പ്രകാശം എത്താത്ത നിരവധി ഗോത്രവർഗങ്ങളും ആദിവാസികളും ഇന്നും ആഫ്രിക്കയിലും ഇന്ത്യയുടെ ചില ഭാഗങ്ങളിലുമൊക്കെയായി ജീവിക്കുന്നു. ഇസ്‌ലാം സ്വീകരിക്കാത്തതിൻെറ പേരിൽ അല്ലാഹു അവരെ ശിക്ഷിക്കുമോ? എങ്കിൽ അത് അല്ലാഹു ചെയ്യുന്ന അനീതിയല്ലേ?**

! "ഒരു ദൂതനെ അയക്കുന്നതുവരെ നാം (ആരെയും) ശിക്ഷിക്കുന്നതല്ല" (17:15) എന്ന് വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. "തീർച്ചയായും എല്ലാ സമുദായങ്ങളിലും നാം ഓരോ ദൂതനെ നിയോഗിച്ചിട്ടുണ്ട്" (16:36) എന്നും ഖുർആനിൽ പറഞ്ഞിട്ടുണ്ട്. മുഹമ്മദ് നബി (സ)യെ സംബന്ധിച്ച് അറിവ് ലഭിക്കാത്ത സമൂഹങ്ങൾക്കും ഏകദൈവ വിശ്വാസത്തെക്കുറിച്ച്ഏതോതരത്തിലുള്ള ധാരണയുണ്ടെന്ന് തന്നെയാണ് വിജ്ഞാനകോശങ്ങളിൽനിന്നുംമറ്റും ഗ്രഹിക്കാൻ കഴിയുന്നത്. ഏതോകാലത്ത് ആ സമൂഹത്തിലേക്ക് നിയോഗിക്കപ്പെട്ട ദൈവദൂതൻ പഠിപ്പിച്ചതിൻെറ ശേഷിപ്പായിരിക്കും ആ ധാരണയെന്നാണ് കരുതാവുന്നത്. സത്യാന്വേഷണം കഴിവിൻെറ പരമാവധി നടത്താൻ എല്ലാ സമൂഹങ്ങൾക്കും ബാധ്യതയുണ്ട്. സത്യസന്ദേശം എത്തിച്ചുകൊടുക്കാൻ എല്ലാ പ്രദേശങ്ങളിൽ താമസിക്കുന്ന മുസ്‌ലിംകൾക്കും കടമയുണ്ട്. ബാധ്യതകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയവരെയെല്ലാം അല്ലാഹു ചോദ്യംചെയ്യുമെന്ന് വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നു. എന്നാൽ സത്യമതത്തെ സംബന്ധിച്ച് യാതൊരു അറിവും ലഭിക്കാതെ മരിച്ചുപോയവരെ അല്ലാഹു ശിക്ഷിക്കുകയില്ലെന്ന് തന്നെയാണ് ധാരാളം ഖുർആൻ സൂക്തങ്ങളിൽനിന്ന് ലഭിക്കുന്ന സൂചന.

# 15

**മുസ്‌ലിംകളെ സഹായിക്കൽ നമ്മുടെ (അല്ലാഹുവിൻെറ) ബാധ്യതയാണെന്ന് ഖുർആൻ 30:47 ൽ പറയുന്നു. എന്നിട്ടെന്തേ മുസ്‌ലിംകൾക്ക് എവി ടെയും പരാജയം മാത്രം?**

! 30:47 സൂക്തത്തിൻെറ പരിഭാഷ ഇപ്രകാരമാകുന്നു: 'നിനക്ക് മുമ്പ് പല ദൂതന്മാരെയും അവരുടെ ജനതയിലേക്ക് നാം നിയോഗിച്ചിട്ടുണ്ട്. എന്നിട്ട് വ്യക്തമായ തെളിവുകളുംകൊണ്ട് ആ ദൂതന്മാർ അവരുടെയടുത്ത് ചെന്നു. അപ്പോൾ കുറ്റകരമായ നിലപാട് സ്വീകരിച്ചവരുടെ കാര്യത്തിൽ നാം ശിക്ഷാനടപടി സ്വീകരിച്ചു. വിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയാകുന്നു'.

ദൈവദൂതന്മാരുടെ നേരെ അതിക്രമം കാണിച്ച ധിക്കാരികളായ ചില സമൂഹങ്ങളെ അല്ലാഹു ശിക്ഷിച്ചപ്പോൾ ആ ശിക്ഷയിൽപെടാതെ ആ ദൂതന്മാരെയും അവരുടെ കൂടെയുള്ള വിശ്വാസികളെയും രക്ഷിക്കാൻ അല്ലാഹു ബാധ്യതയേറ്റ കാര്യമാണ് ഈ സൂക്തത്തിൽ പരാമർശിച്ചിട്ടുള്ളത്. സത്യവിശ്വാസികളെ മൊത്തമായി ഉന്മൂലനം ചെയ്യാൻ ശത്രുക്കൾ ശ്രമിച്ചപ്പോഴൊക്കെ ത്യാഗത്തിനും രക്തസാക്ഷ്യത്തിനും സന്നദ്ധരായവർക്ക് അല്ലാഹു വിജയം നൽകിയ എത്രയോ സംഭവങ്ങൾക്ക് ചരിത്രം സാക്ഷ്യംവഹിച്ചിട്ടുണ്ട്. ഖുറൈശികൾക്കും പേർഷ്യക്കാർക്കും റോമാക്കാർക്കും താർത്താരികൾക്കും കുരിശുയുദ്ധക്കാർക്കും എതിരിൽ അല്ലാഹു മുസ്‌ലിംകൾക്ക് വിജയം നൽകിയിട്ടുണ്ട്.

എന്നാൽ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് ഒരിക്കലും പരാജയമുണ്ടാവുകയില്ലെന്നോ, മുസ്‌ലിംകൾക്ക് കഷ്ടനഷ്ടങ്ങളൊന്നും നേരിടുകയില്ലെന്നോ വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടില്ല. എന്നു മാത്രമല്ല മറിച്ചുള്ള പല പരാമർശങ്ങളും ഖുർആനിൽ കാണാവുന്നതുമാണ്.

'നിങ്ങൾക്കിപ്പോൾ കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ (മുമ്പ്) അക്കൂട്ടർക്കും അതുപോലെ കേടുപാടുകൾ പറ്റിയിട്ടുണ്ട്. ആ (യുദ്ധ) ദിവസങ്ങളിലെ ജയപരാജയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിക്കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയാനും നിങ്ങളിൽനിന്ന് രക്തസാക്ഷികളെ ഉണ്ടാക്കിത്തീർക്കാനും



കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല'(3:140). വിശുദ്ധ ഖുർആനിലെ 85-ാം അധ്യായത്തിൽ ചില കാപാലികർ ഒരു കിടങ്ങിൽ വിറക് കത്തിച്ച് അതിലിട്ട് സത്യവിശ്വാസികളെ ചുട്ടുകരിച്ചിരുന്ന സംഭവം വിവരിച്ചിട്ടുണ്ട്.

# 16

**സൂറത്തുന്നജ്മ് സൂക്തം 9-ൽ ഇങ്ങനെ കാണാം: 'അങ്ങനെ അദ്ദേഹം രണ്ടു വില്ലുകളുടെ അകലത്തിലോ അതിനെക്കാൾ അടുത്തോ ആയിരുന്നു". മുഹമ്മദ് നബി (സ.അ) യും ജിബ്‌രീലും തമ്മിലുള്ള സാമീപ്യത്തെ അല്ലാഹു ഉപമിച്ചിരിക്കുകയാണ് ഇവിടെ. രണ്ടു വില്ലുകളുടെ അകലത്തിലോ അതിനെക്കാൾ അടുത്തോ എന്നുള്ള സംശയം മാനുഷികമാണല്ലോ? അധ്യായം:37 സൂക്തം 147-ൽ "അദ്ദേഹത്തെ ഒരു ലക്ഷമോ അതിലധികമോവരുന്ന ജനവിഭാഗത്തിലേക്ക് നിയോഗിച്ചു" എന്നു കാണുന്നു. സർവജ്ഞാനിയായ അല്ലാഹുവിന് യൂനുസ് നബിയെ പറഞ്ഞുവിട്ട ജനവിഭാഗത്തിന്റെ എണ്ണത്തിൽ സംശയമോ? മനുഷ്യരുടെ ഭാഷയിലാണ് അല്ലാഹു സംസാരിച്ചതെങ്കിൽ കൃത്യമായ കണക്ക് പറഞ്ഞാൽ അത് മനുഷ്യരുടെ ഭാഷ അല്ലാതാവില്ലല്ലോ.**

! ജിബ്‌രീൽ (അ) എന്ന മലക്ക് സ്ഥിരമായ ഒരു സ്ഥലത്തുനിന്നു എന്നല്ല, ഉന്നതമായ സ്ഥാനത്ത് നിന്ന് ക്രമേണ നബി (സ) യുടെ അടുത്തേക്ക് നീങ്ങിയെന്നാണ് സൂറത്തുന്നജ്മിൽ പറഞ്ഞിട്ടുള്ളത്. "അദ്ദേഹമാകട്ടെ അത്യുന്നതമായ മണ്ഡലത്തിലായിരുന്നു. പിന്നെ അദ്ദേഹം അടുത്തുവന്നു. അങ്ങനെ കൂടുതൽ അടുത്തു" (വി.ഖു. 53: 7, 8). ഈ നീക്കത്തിൽ അദ്ദേഹവും നബി (സ) യും തമ്മിലുള്ള അകലം അല്പാല്പം വ്യത്യസ്തമായിരിക്കും എന്നുതന്നെയാണല്ലോ മനസ്സിലാക്കാവുന്നത്. ബോധനം നല്കിക്കൊണ്ടിരിക്കെത്തന്നെ ജിബ്‌രീൽ അല്പംനീങ്ങിയെങ്കിൽ അതിലും അസ്വഭാവികതയില്ല.

ഒരു പ്രവാചകന്റെ പ്രബോധനകാലത്ത് ഒരു നഗരത്തിലെ ജനസംഖ്യ ചെറിയ മാറ്റങ്ങൾക്ക് വിധേയമാകാവുന്നതാണ്. ജനനവും മരണവും ഇടയ്ക്ക് നടന്നുകൊണ്ടിരിക്കും. കുട്ടികൾ വളർന്ന് പ്രായ

പൂർത്തിയെത്തും. അങ്ങനെ അഭിസംബോധിത ജനതയുടെ സംഖ്യ ക്രമേണ മാറും. ചെറിയ വർദ്ധനയുണ്ടാകാനാണ് മിക്കവാറും സാധ്യത. ഈ കാര്യങ്ങളൊക്കെ പരിഗണിച്ചാകാം ഒരുലക്ഷമോ അതിലധികമോ എന്ന് പറഞ്ഞത്.

53:9ൽ ജിബ്രീൽ എന്ന മലക്കും നബി (സ) യും തമ്മിലുള്ള അകലം മീറ്റർ, സെന്റി മീറ്റർ, മില്ലി മീറ്റർ കണക്കിൽ അതിസൂക്ഷ്മമായി വിവരിക്കുന്നതിന് നിർണായക പ്രാധാന്യമില്ലെന്ന് ആർക്കും മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടായിരിക്കാം അറബികൾക്ക് സുപരിചിതമായ 'ഖാബഖൗസൈനിഔഅദ്നാ' എന്ന ശൈലി പ്രയോഗിച്ചത്. ജനസംഖ്യ നൂറ്, പത്ത്, ഒറ്റ എന്നീ സ്ഥാനങ്ങളിലെ അക്കങ്ങൾ ഉപയോഗിച്ച് തിട്ടപ്പെടുത്തുന്നതിന് യൂനുസ് നബി (സ) യുടെ ചരിത്രം വിവരിക്കുന്നേടത്ത് പ്രസക്തിയില്ല എന്ന കാര്യവും സുവിദിതമാകുന്നു. ദൈവം മനുഷ്യരോട് അവർക്ക് ഗ്രാഹ്യമാകുന്ന ഭാഷയിലും ശൈലിയിലും സംസാരിക്കുന്നത് തന്നെയാണ് സംഗതമായിട്ടുള്ളത്.

# ഇസ്‌ലാമും യുക്തിവാദവും

# 17

**പ്രപഞ്ചത്തിലെ കോടാനുകോടി ഗ്യാലക്സികളിൽ ഒരു ഗ്യാലക്സിയിൽ തന്നെ കോടാനുകോടി നക്ഷത്രങ്ങൾ ഉണ്ടെന്നാണ് ശാസ്ത്രം പറയുന്നത്. ഇത്രയും പ്രവിശാലമായ ഈ പ്രപഞ്ചത്തി ൽ ഒരു നെല്ലിക്കയുടെയത്രപോലും സ്ഥാനം ഭൂമിക്ക് ലഭിക്കുകയില്ല. വസ്തുത ഇതായിരിക്കെ നിസ്സാരത്തിൽ നിസ്സാരനായ, ഏതാനും മൂലകങ്ങൾ മാത്രമായ മനുഷ്യന് പ്രപഞ്ചനാഥന് മുമ്പിലുള്ള അസ്തിത്വമെന്ത്? ഒരു നിശ്ചിതക്രമത്തിൽ മാത്രമുള്ള അവൻെറ ജീവിതത്തിൻെറ അല്ലെങ്കിൽ ആരാധനയുടെ പ്രേരകമെന്ത്? ചുറ്റുമുള്ള ജീവികളെ അപേക്ഷിച്ച് താരതമ്യേന പുരോഗമിച്ച ജീവിയെന്ന നിലയിൽ തനിക്ക് ചുറ്റുമുള്ളവർക്ക്കൂടി ആഹാരം, വസ്ത്രം, പാർപ്പിടം മുതലായ പ്രാഥമിക ഉപാധികൾക്ക് വേണ്ടിയുള്ള പ്രവർത്തനമല്ലേവേണ്ടത്? അതല്ലേ ഏറ്റവുംഉത്തമം?**

! ഗ്യാലക്സികൾ മുതൽ പരമാണുക്കളും അവയുടെ ഘടകങ്ങളും വരെ സകല ചരാചരങ്ങളും അതിസൂക്ഷ്മമായ വ്യവസ്ഥയനുസരിച്ചാണ് വർത്തിക്കുന്നത്. അവയുടെ ഉൽപത്തിയും വികാസവും വിനാശവുമെല്ലാം അലംഘ്യമായ ഭൗതിക നിയമങ്ങൾക്ക് വിധേയമാണ്. ഈ വ്യവസ്ഥയും ക്രമവും ഏതെങ്കിലും ഭൗതികവസ്തു സ്വയം ആവിഷ്കരിച്ചതാണെന്ന് സാമാന്യബുദ്ധിയുള്ള ആരും കരുതാനിടയില്ല. മറ്റു ചരാചരങ്ങളിൽനിന്ന് വ്യത്യസ്തമായി വിശേഷബുദ്ധിയും പ്രവർത്തനസ്വാതന്ത്ര്യവുംകൊണ്ട് അനുഗൃഹീതനായ മനുഷ്യൻെറ അത്യന്തം സങ്കീർണമായ അസ്തിത്വമാകട്ടെ അതുല്യപ്രഭാവിയായ ഒരു സ്രഷ്ടാവിൻെറ സാന്നിധ്യം വ്യക്തമായി

വിളിച്ചോതുന്നു.

തൻെറ ബുദ്ധിയുടെയും പഞ്ചേന്ദ്രിയങ്ങളുടെയും പരിധിയിൽ വരുന്ന ഭൗതിക വസ്തുക്കളെ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്ന മനുഷ്യൻ അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിക്കുകയും അപരിഹാര്യമായ കെടുതികൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ദുർവികാരങ്ങളാലും ദുർമോഹങ്ങളാലും നയിക്കപ്പെടുന്ന മനുഷ്യർ സൃഷ്ടിക്കുന്ന മാനവിക പ്രശ്നങ്ങളാണ് ഇന്ന് മനുഷ്യരാശിയെ ഏറെ ദുരിതങ്ങളിലാഴ്ത്തുന്നത്. മനസ്സിനെ സ്വച്ഛവും നിർമലവുമാക്കുന്ന ഉദ്ബോധനങ്ങളിലൂടെയല്ലാതെ ഈ ദുരവസ്ഥക്ക് മാറ്റമുണ്ടാക്കാൻ കഴിയില്ല. വൈജ്ഞാനിക വിസ്ഫോടനം നടന്ന നാടുകളിലും മനുഷ്യത്വം ക്ഷയോന്മുഖമായിക്കൊണ്ടേയിരിക്കുന്നതിനാൽ ദൈവിക മാർഗദർശനത്തെ പിന്തുടരുകയല്ലാതെ മനുഷ്യൻ നന്നാകാൻ മറ്റൊരു മാർഗവും അവശേഷിക്കുന്നില്ല.

മനുഷ്യരെല്ലാം ദൈവത്തെ അനുസരിച്ചാലും അതുകൊണ്ട് അവന് പ്രത്യേക നേട്ടമൊന്നും ഉണ്ടാകാനില്ല. മുഴുവൻ മനുഷ്യരുംകൂടി ധിക്കാരികളും ദുർനടപടിക്കാരുമായി മാറിയാലും ദൈവത്തിന് ഒരു നഷ്ടവും സംഭവിക്കുകയുമില്ല. നേട്ടവും കോട്ടവും മനുഷ്യർക്ക് തന്നെയാകുന്നു. മനുഷ്യജീവിതം ആത്യന്തികമായി നഷ്ടമാകാതിരിക്കാൻ വേണ്ടി പരമകാരുണികനായ ദൈവം മാർഗദർശനം നൽകുന്നു എന്ന്മാത്രം. അല്ലാഹു പറഞ്ഞതായി മുഹമ്മദ് നബി (സ) ഉദ്ധരിക്കുന്നു: “എൻെറ ദാസന്മാരേ, നിങ്ങളിലെ പൂർവികരും പിൽക്കാലക്കാരും മനുഷ്യരും ജിന്നുകളുമെല്ലാം നിങ്ങളിൽ ഏറ്റവും ഭക്തനായ ഒരാളുടെ മനസ്ഥിതിയോടെ വർത്തിച്ചാലും അത് എൻെറ അധികാരത്തിൽ യാതൊരു വർദ്ധനവും വരുത്തുകയില്ല. എൻെറ ദാസന്മാരേ, നിങ്ങളിലെ പൂർവികരും പിൽക്കാലക്കാരും മനുഷ്യരും ജിന്നുകളുമെല്ലാം നിങ്ങളിൽ ഏറ്റവും ദുഷ്ടനായ ഒരാളുടെ മനസ്ഥിതിയോടെ വർത്തിച്ചാലും അത് എൻെറ അധികാരത്തിൽ യാതൊരു കുറവും വരുത്തുകയില്ല. എൻെറ ദാസന്മാരേ, നിങ്ങളിലെ പൂർവികരും പിൽക്കാലക്കാരും മനുഷ്യരും ജിന്നുകളുമെല്ലാം ഒരു വേദിയിൽ ഒരുമിച്ചുനിന്നിട്ട് എന്നോട് ചോദിക്കുകയും അവർക്കെല്ലാം അവർ ചോദിച്ചത് ഞാൻ നൽകുകയും ചെയ്താലും എന്റെ പക്കലുള്ള



തിൽ യാതൊരു കുറവും അതുകൊണ്ട് ഉണ്ടാവുകയില്ല; സൂചി കടലിൽ മുക്കിയെടുത്താൽ അത് മൂലം കടലിലെ വെള്ളത്തിൽ കുറവുണ്ടാകുന്നതുപോലെയല്ലാതെ” (മുസ്‌ലിം ഉദ്ധരിച്ചത്). ഭൂമിയുടെയും മനുഷ്യൻെറയും നിസ്സാരതയെ സംബന്ധിച്ച ചോദ്യകർത്താവിൻെറ ധാരണ ഒട്ടൊക്കെ ശരിയാണെങ്കിലും ഏത് നിസ്സാര കാര്യത്തിലും പൂർണശ്രദ്ധ ചെലുത്തുന്ന പരമകാരുണികനായ രക്ഷിതാവിനെ സംബന്ധിച്ച ധാരണ കൂടുതൽ സൂക്ഷ്മവും അന്യൂനവും ആകേണ്ടതുണ്ട്.

മനുഷ്യനെ കുറെ മൂലകങ്ങളുടെ സമുച്ചയം മാത്രമായി കണ്ടാൽ പോര. ദശലക്ഷക്കണക്കിന് ജന്തുവർഗങ്ങൾക്കൊന്നുമില്ലാത്ത വിശേഷബുദ്ധിയും അസ്തിത്വ സ്വാതന്ത്ര്യവും നൽകി അനുഗ്രഹിക്കപ്പെട്ട സവിശേഷ സൃഷ്ടിയാണ് മനുഷ്യൻ. അവന് തൻെറ അസ്തിത്വത്തിൻെറ സാധ്യതകൾക്കനുസരിച്ച് സ്രഷ്ടാവിനോട് വലിയ ഉത്തരവാദിത്തമുണ്ട്. ആ ഉത്തരവാദിത്ത നിർവഹണത്തിലൂടെയാണ് മനുഷ്യന് നശ്വരവും അനശ്വരവുമായ ജീവിതങ്ങളിൽ വിജയം കൈവരുന്നത്.

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളിൽ അവരെ സഹായിക്കുന്നതും ദൈവത്തോടുള്ള ബാധ്യതകളുടെ ഒരു ഭാഗംതന്നെയാണ്. മനുഷ്യരെ പാരതന്ത്ര്യത്തിൽനിന്നും പട്ടിണിയിൽനിന്നും മോചിപ്പിക്കേണ്ടത് മാനവിക പ്രതിസന്ധി തരണം ചെയ്യുന്നതിനും മോക്ഷം ലഭിക്കുന്നതിനും അനിവാര്യമായ കാര്യമായിട്ടാണ് വിശുദ്ധ ഖുർആൻ വിലയിരുത്തുന്നത്.

“എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കയറിയില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുകയോ പട്ടിണിയുള്ള നാളിൽ കുടുംബ ബന്ധമുള്ള ഒരു അനാഥയ്ക്കോ കടുത്തദാരിദ്ര്യമുള്ള ഒരു സാധുവിനോ ഭക്ഷണം കൊടുക്കുകയോ ചെയ്യുകയത്രെ അത്. പുറമെ, വിശ്വസിക്കുകയും ക്ഷമകൊണ്ടും കാരുണ്യംകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക” (വി.ഖു. 90:11-17).

# 18

**ഒരു മതത്തിൻെറയും വിശ്വാസ പ്രമാണം ദാർശനികമല്ല. പ്രത്യുത കേട്ടുകേൾവി മാത്രമാണ്. ചെകുത്താനെ കൂടാതെ നിലനിൽപില്ലാത്ത മതമാണ് ക്രിസ്തുമതം. അതുകൊണ്ടുതന്നെ പള്ളിമതം എന്ത് വിലകൊടുത്തും അവനെ നിലനിർത്തും. ബുദ്ധമതം പറയും ദുഃഖമാണ് പരമസത്യം. ആശയാണ് എല്ലാ ദുഃഖത്തിനും കാരണം. അതുകൊണ്ട് ആശയെ വെടിയുക. എല്ലാവരും പാപികളാണ്. പാപത്തിൻെറ വില മരണവും നരകവുമാണ്. അതുകൊണ്ട് രക്ഷകനെത്തേടുക എന്നതാണ് ക്രിസ്തുമതത്തിൻെറ അധ്യാപനം. അന്ത്യന്യായവിധി വരും. അതുകൊണ്ട് ദൈവിക കൽപന അനുസരിച്ചുകൊള്ളുക എന്ന് ഇസ്‌ലാം കൽപിക്കുന്നു. കമ്യൂണിസവും ഒരു മതമാണ്. ഫ്യൂഡലിസ്റ്റ് വ്യവസ്ഥയിലും ബൂർഷ്വാ വ്യവസ്ഥയിലുമൊക്കെതന്നെ ചൂഷണം മാത്രമാണ് നടക്കുന്നത്. അതുകൊണ്ടുതന്നെ സ്റ്റേറ്റിനു വേണ്ടി സ്വകാര്യ സ്വത്ത് ഉപേക്ഷിക്കുവാൻ അവർ ആഹ്വാനം ചെയ്യുന്നു. ഈ മതങ്ങളും ഇസങ്ങളുമെല്ലാം സത്യത്തിൽ മനുഷ്യനെ തൻെറ ബലഹീനതയെ മുതലാക്കി ഭയപ്പെടുത്തിക്കൊണ്ട് അടിമത്തത്തിലാഴ്ത്തി അധീശത്വവും അധികാരവും പിടിച്ചെടുത്ത് ചൂഷണം ചെയ്യുന്നതിനുവേണ്ടി സ്ഥാപി ക്കപ്പെട്ട വിവിധ ഏർപ്പാടുകൾ മാത്രമല്ലേ? മതങ്ങളുടെയും ഇസങ്ങളുടെ യുമെല്ലാം ചരിത്രം പഠിപ്പിക്കുന്നതതല്ലേ?**

! ദർശനം എന്നാൽ കാഴ്ച, ഉൾക്കാഴ്ച, കാഴ്ചപ്പാട് എന്നൊക്കെയാണ് അർഥം. ദാർശനികം എന്നാൽ ദർശനത്തിൻെറ അടിസ്ഥാനത്തിലുള്ളത്. ദർശനം രണ്ട് തരമുണ്ട്; ദൈവികവും ഭൗതികവും. വിശേഷബുദ്ധിയും ചിന്താശക്തിയും ഉപയോഗിച്ച് മനുഷ്യൻ നേടിയെടുക്കുന്ന ഉൾക്കാഴ്ചയോ കാഴ്ചപ്പാടോ ആണ് ഭൗതിക ദർശനം. സർവജ്ഞനായ ദൈവം പ്രവാചകന്മാർക്ക് നൽകുന്ന വെളിപാടിൻെറ അടിസ്ഥാനത്തിലുള്ള ജീവിത വീക്ഷണമാണ് ദൈവിക ദർശനം.

മതത്തിനും ഈ വിഭജനം ബാധകമാകുന്നു. അസാധാരണ പ്രതിഭാശാലികളെന്നോ സവിശേഷസിദ്ധിയുള്ളവരെന്നോ കരുതപ്പെട്ട ചിലർ ആവിഷ്കരിച്ച തത്ത്വങ്ങൾ അവരുടെ കാലത്തോ പിൽക്കാലത്തോ മതം എന്ന പേരിൽ വ്യവഹരിക്കപ്പെട്ട സംഭവങ്ങൾ എത്രയോ ഉണ്ടായിട്ടുണ്ട്. ചാർവാകൻെറയും ബുദ്ധൻെറയും മതങ്ങൾ ഈ



വകുപ്പിലാണ് ഉൾപ്പെടുക. ഇത്തരത്തിലുള്ളവയെ സൗകര്യത്തിനുവേണ്ടി ഭൗതിക മതങ്ങളെന്ന് വിളിക്കാം. മാർക്സിസത്തെയും ചിലർ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താറുണ്ട്. സ്വയം ദൈവങ്ങളായും ദൈവാവതാരങ്ങളായും ചമഞ്ഞ മനുഷ്യരുടെവകയായോ അവരുടെ പേരിലോ സ്ഥാപിതമായ ചില 'ആത്മീയപദ്ധതി'കളും മതമെന്ന പേരിൽ അറിയപ്പെടാറുണ്ട്. ഇത്തരം മതങ്ങളുടെ വക്താക്കൾ ഭൗതിക മതം എന്ന വിശേഷണം ഇഷ്ടപ്പെടാനിടയില്ല. എന്നാൽ അവയുടെയെല്ലാം യഥാർഥ ലക്ഷ്യം ഭൗതികമായ മോഹങ്ങളുടെ സാഫല്യമാണെന്ന കാര്യം അവരാരും നിഷേധിക്കുന്നില്ല.

സർവജ്ഞനും സർവശക്തനുമായ ദൈവം തെരഞ്ഞെടുത്ത ദൂതന്മാർ അവൻ അറിയിച്ചുകൊടുത്തതിൻെറ അടിസ്ഥാനത്തിൽ ലോകരെ പഠിപ്പിച്ച അധ്യാപനങ്ങളുടെ ആകെത്തുകയാണ് ദൈവികമതം. ആദം (അ) മുതൽ ആയിരക്കണക്കിൽ പ്രവാചകന്മാർ ദൈവിക മതത്തിൻെറ പ്രബോധനം നിർവഹിച്ചിട്ടുണ്ട്. ഏകദൈവത്വം, പ്രവാചകത്വം, പരലോകം എന്നിവയിലുള്ള വിശ്വാസമാണ് അവരെല്ലാം ഊന്നിപ്പറഞ്ഞത്. പ്രവാചകന്മാരുടെ കാലശേഷം അവരുടെ സമൂഹത്തിലെ പുരോഹിതന്മാർ തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്ക് അനുസൃതമായി വേദഗ്രന്ഥങ്ങൾ തിരുത്തിയെഴുതുകയോ ദുർവ്യാഖ്യാനം നടത്തുകയോ ചെയ്തതിൻെറ ഫലമായിട്ടാണ് വിവിധ പ്രവാചകന്മാരുടെ പേരിലുള്ള മതങ്ങൾ തമ്മിൽ മൗലികമായ അന്തരമുണ്ടായത്.

പ്രവാചകന്മാരാരും മനുഷ്യരെ അടിസ്ഥാനരഹിതമായ ഭയത്തിലാഴ്ത്തുകയോ ചൂഷണം നടത്തുകയോ ചെയ്തിട്ടില്ല. പ്രപഞ്ചത്തെയാകെ പരിപാലിക്കുന്ന നാഥൻ മനുഷ്യരുടെ നന്മക്കും വിജയത്തിനുമായി നൽകിയ മാർഗദർശനങ്ങൾ അംഗീകരിക്കാതിരുന്നാൽ സ്വാഭാവികമായി ഉണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് താക്കീത് നൽകുകയാണ് പ്രവാചകന്മാർ ചെയ്തത്. അവർ നൽകിയ സാന്മാർഗികനിർദേശങ്ങളുടെ മൗലികത വിവേകമതികൾക്ക് എക്കാലത്തും ബോധ്യമായിട്ടുണ്ട്. ലോകരക്ഷിതാവിൻെറ യഥാർഥ അടിമകളായി ജീവിച്ചവർ, മനുഷ്യർ അന്യായമായി അവകാശപ്പെട്ട യജമാനത്വത്തെ തള്ളിപ്പറഞ്ഞ് സ്വതന്ത്രരും ഉന്നതരുമായി മാറുകയാണുണ്ടായത്.

# 19

**പുരുഷാധിപത്യ വ്യവസ്ഥിതിയുള്ള ഏതൊരു സമൂഹത്തിലും സ്ത്രീ ഒരിക്കലും സ്വതന്ത്രയല്ല. സമൂഹത്തിൽ സ്ത്രീ എന്നും പുരുഷന്റെ തടവറയിലാണ്. സ്ത്രീ ആദരിക്കപ്പെട്ടു എന്ന് അവകാശപ്പെടുന്ന ഇസ്‌ലാമിന്റെ സാമൂഹിക ക്രമത്തിലും പുരുഷനാണ് സർവ മഹത്വം. സ്ത്രീയുടെ അധീശത്വമോ സ്ത്രീപുരുഷ സമത്വമോ പ്രയോഗവത്കരിച്ച ഒരു മതദർശനവും ലോകത്തുണ്ടായിട്ടില്ല. ഒരു ഫെമിനിസ്റ്റിന്റെ ഈ ആരോപണത്തെ ഖണ്ഡിക്കാനാവുമോ?**

! സർവതന്ത്ര സ്വതന്ത്രമായ ഒരു ജീവിതം സ്ത്രീക്കോ പുരുഷനോ ഒരിക്കലും ഗുണകരമാവില്ല. ശാരീരികവും മാനസികവും സാമൂഹികവുമായ അപചയത്തിൽ നിന്ന് മുക്തമായ ജീവിതം നയിക്കാൻ കഴിയണമെങ്കിൽ പല ചിട്ടകൾ സ്വീകരിക്കുകയും സംയമനം പാലിക്കുകയും നിയമങ്ങൾ അനുസരിക്കുകയും ചെയ്യുന്നത് അനിവാര്യമായിരിക്കും. തോന്നുന്നതൊക്കെ ചെയ്യാനും പറയാനും കുട്ടികൾക്ക് സ്വാതന്ത്ര്യം നല്കുക എന്നത് രക്ഷിതാക്കൾക്കോ അധ്യാപകർക്കോ അംഗീകരിക്കാൻ കഴിയില്ല. സ്വാതന്ത്ര്യത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് കുട്ടികളുടെതന്നെ ക്ഷേമത്തിന് അനുപേക്ഷ്യമായതുകൊണ്ടത്രേ ഇത്. എല്ലാ വിഭാഗം സർക്കാർ ജീവനക്കാരും പെരുമാറ്റച്ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. മറ്റു പൗരന്മാർക്ക് അനുവദിക്കപ്പെട്ട സ്വാതന്ത്ര്യം പല വിഷയങ്ങളിലും അവർക്ക് നിഷേധിക്കപ്പെടുന്നു. സ്വാതന്ത്ര്യത്തെയും വിമോചനത്തെയും സംബന്ധിച്ച് വാചാലമാകുന്ന രാഷ്ട്രീയ കക്ഷികളിലെ പ്രവർത്തകർ വളരെ കടുത്ത അച്ചടക്കത്തിന് വിധേയരത്രെ. അവരുടെ അച്ചടക്കലംഘനത്തിന് ഉന്മൂലനം ഉൾപ്പെടെയുള്ള ശിക്ഷകളാണ് വിധിക്കപ്പെടാറുള്ളത്.

സ്ത്രീപുരുഷന്മാർക്ക് പൊതുവായും ഭാര്യാഭർത്താക്കന്മാർക്ക് പ്രത്യേകമായും ഇസ്‌ലാം പെരുമാറ്റച്ചട്ടങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സൽകർമങ്ങൾ സ്വീകരിക്കണമെന്നും ദുർവൃത്തികൾ വർജിക്കണമെന്നുമുള്ള ഇസ്‌ലാമിന്റെ രീതി സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ ബാധകമാകുന്നു. പുണ്യകർമങ്ങൾക്ക് ഇസ്‌ലാം വിധിച്ച പ്രതിഫലം ഇരുവർഗത്തിൽപെട്ടവർക്കും തുല്യമാകുന്നു. അതുപോലെതന്നെയാണ് ദുർവൃത്തികൾക്ക് വിധിച്ചിട്ടുള്ള ലൗകികവും പാരത്രികവുമായ ശിക്ഷയും. ഇസ്‌ലാമിന്റെ സദാചാരനിയമങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കുമിടയിൽ യാതൊരു വിവേചനവും കല്പിക്കുന്നില്ല. സ്ത്രീയുടെ തെറ്റ് വളരെ ഗുരുതരമായി വീക്ഷിക്കുകയും പുരുഷന്റെ തെറ്റ് നിസ്സാരമായി കാണുകയും ചെയ്യുന്ന അവസ്ഥ വല്ല സമൂഹത്തിലും നിലനില്ക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം സാമൂഹികമായ അപചയവും ജീർണതയുമാകുന്നു.



"അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നല്കി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽനിന്ന് പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റേ വിഭാഗത്തിൽനിന്ന് ഉൽഭവിച്ചവരാകുന്നു" (വി.ഖു.3: 195).

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം ചെയ്യുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നല്കുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നല്കുകയും ചെയ്യും" (വി.ഖു. 16: 97).

"നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യ അവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക" (വി.ഖു. 24: 30, 31).

മൗലികമായ വിഷയങ്ങളിലൊന്നും ഇസ്‌ലാം പുരുഷന് സ്ത്രീയെക്കാൾ മഹത്വമോ കൂടുതൽ സ്ഥാനമോ അവകാശമോ നല്കുന്നില്ലെന്ന് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. പുരുഷന് അനുവദിച്ച കാര്യങ്ങളൊന്നും സ്ത്രീക്ക് ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടില്ല; അന്യപുരുഷന്മാരുടെ മുമ്പിൽ സൗന്ദര്യം വെളിപ്പെടുത്തുന്നതൊഴികെ. ഈ വിലക്ക് സ്ത്രീകൾ ചൂഷണത്തിനും പീഡനത്തിനും ഇരയായിതീരാതിരിക്കാൻ വേണ്ടിയാണെന്ന് പരമകാരുണികനായ അല്ലാഹു

സൂചിപ്പിച്ചതി (വി. ഖു. 33: 59) ന്റെ പ്രസക്തി പക്വമതികൾക്കൊക്കെ ബോധ്യപ്പെടും. വിശിഷ്യാ, നമുക്കു ചുറ്റും ദൈനംദിനം നടക്കുന്ന അനിഷ്ടസംഭവങ്ങളുടെ പശ്ചാത്തലത്തിൽ.

പുരുഷന്റെ അധീശത്വം കുഴപ്പങ്ങൾക്ക് കാരണമാകുന്നു എന്ന് പറയുന്നവർ അതിന് പരിഹാരമായി സ്ത്രീക്ക് അധീശത്വം നൽകണമെന്ന് പറയുന്നത് വിചിത്രമായി തോന്നുന്നു. പുരുഷാധിപത്യത്തിൽ സ്ത്രീയുടെ അവകാശങ്ങൾ ഹനിക്കപ്പെടാനുള്ള സാധ്യതപോലെ തന്നെ സ്ത്രീയുടെ ആധിപത്യത്തിൽ പുരുഷന്റെ അവകാശങ്ങൾ ഹനിക്കപ്പെടാനും സാധ്യതയുണ്ടാവില്ലേ? കരുത്തും ആത്മാഭിമാനവുമുള്ള പുരുഷൻ സ്ത്രീയുടെ അധീശത്വത്തെ ചെറുക്കാനും തുടർന്ന് കുടുംബകലഹങ്ങളുണ്ടാകുവാനുമുള്ള സാധ്യതയും തള്ളിക്കളയാവുന്നതല്ല.

കുടുംബജീവിതത്തിൽ അവകാശങ്ങളുടെയും കടമകളുടെയും സംതുലനമുണ്ടായിരിക്കണമെന്നാണ് വി. ഖുർആനിൽ നിർദേശിക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പംതന്നെ കുടുംബനാഥൻ എന്ന സ്ഥാനം പുരുഷനായിരിക്കണമെന്നും. “സ്ത്രീകൾക്ക് (ഭർത്താക്കന്മാരോട്) ബാദ്ധ്യതകൾ ഉള്ളതുപോലെതന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. എന്നാൽ പുരുഷന്മാർക്ക് അവരെക്കാളുപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു”(വി.ഖു. 2: 228). ഭർത്താവും ഭാര്യയും തങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് ചിന്തിക്കുന്നതുപോലെ കടമകളെ സംബന്ധിച്ചും ചിന്തിക്കാൻ തയാറായാൽ കുടുംബജീവിതത്തിലെ മിക്ക പ്രശ്നങ്ങളും തീരും. അപ്പോൾ ഇരുവർക്കും അധീശത്വത്തെ സംബന്ധിച്ച ചിന്ത ഒരു പ്രശ്നമാവില്ല.

# 20

**ഏറ്റവും നല്ല രൂപത്തിലാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. (95:4) പിന്നെയെന്തിനാണ് കുറ്റമറ്റ ശരീരമുള്ള മനുഷ്യരോട് (പുരുഷന്മാരോട്) ചേലാകർമം ചെയ്യാൻ കൽപിച്ചത്?**

! ഇതിന് ഉത്തരമായി ഇത് കൊണ്ടുള്ള നേട്ടം നമുക്ക് അണിനി



രത്താൻ സാധിക്കുമെങ്കിലും അതിന് ഒരു മറുചോദ്യമുണ്ടാകുന്നു. ചേലാകർമംകൊണ്ട് ഇത്രയും ഉപകാരങ്ങൾ ഉണ്ടെങ്കിൽ പിന്നെ എന്തുകൊണ്ടാണ് ചേലാകർമം ചെയ്യാത്ത അവസ്ഥയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത്? ദൈവം കുറ്റമറ്റവനും അത്യുന്നതനുമാണ് എന്നതിന് ഇത് ഒരു അപവാദമല്ലേ? അതല്ല, മനുഷ്യൻ ഏറ്റവും നല്ല ഘടനയിലല്ലേ സൃഷ്ടിക്കപ്പെട്ടത്?

‘ജന്തുജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ശരീരത്തിൻെറ ബാഹ്യഘടനയിൽ ചില്ലറ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യവും കൂടിയുള്ള നിലയിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളത്. തലമുടി പൂർണമായി മുണ്ഡനം ചെയ്യുകയോ, നിശ്ചിത വലിപ്പത്തിൽ വെട്ടി നിർത്തുകയോ, ഒന്നും ചെയ്യാതെ ജടപിടിച്ച നിലയിൽ വിടുകയോ, ചീകിയൊതുക്കുകയോ ചെയ്യാൻ അവന് സ്വാതന്ത്ര്യമുണ്ട്. ഒരു പരിധിയിൽ കവിയാത്തവിധം വെട്ടി ചീകിയൊതുക്കി വെക്കുന്നതാണ് ഇസ്ലാം പ്രോത്സാഹിപ്പിക്കുന്ന രീതി. മുണ്ഡനം ഒരു ഫാഷനായി സ്വീകരിച്ചവരും ചിലകാലങ്ങളിൽ ചില നാടുകളിൽ ഉണ്ടാകാറുണ്ട്. തലയിൽ ഒട്ടും മുടിവേണ്ടെന്നോ, നിശ്ചിത നീളത്തിൽമാത്രം വളരുന്ന നിലയിൽ (ശരീരത്തിൻെറ മറ്റ് പല ഭാഗങ്ങളിലും അങ്ങനെയാണല്ലോ) മതിയെന്നോ ദൈവം തീരുമാനിച്ചിരുന്നെങ്കിൽ പല അഭിരുചിക്കാർക്കും അത് അസൗകര്യമായി ഭവിക്കും. നഖത്തിൻെറ കാര്യവും ഏറെ വ്യത്യസ്തമല്ല. നഖം ഒട്ടും മുറിക്കാതെ പലവിധത്തിൽ നീട്ടിവളർത്തുന്നവർക്കും വിവിധ ആകൃതികളിൽ വെട്ടി അലങ്കരിച്ച് നടക്കുന്നവർക്കും വിരൽത്തുമ്പിനൊപ്പം മുറിച്ച് ഒഴിവാക്കുന്നവർക്കും ഒരുപോലെ സൗകര്യപ്രദമായ നിലയിലാണ് ദൈവം സംവിധാനിച്ചിരിക്കുന്നത്.

വ്യത്യസ്ത സാദ്ധ്യതകളോടെ മുടിയും നഖവും സൃഷ്ടിച്ചത് ദൈവത്തിൻെറ കഴിവിൻെറ തെളിവാണെങ്കിൽ, മുറിച്ചു നീക്കുകയോ നിലനിർത്തുകയോ ചെയ്യാനുള്ള സാധ്യതയോടെ അഗ്രചർമം സൃഷ്ടിച്ചത് എങ്ങനെയാണ് കഴിവുകേടോ അപൂർണതയോ ആകുന്നത്? പുരുഷ ശരീരത്തിലെ ഏറ്റവും മൃദുലവും ‘സെൻസിറ്റീവും’ ആയ ഭാഗമാണ് ലൈംഗികാവയവത്തിൻെറ അഗ്രഭാഗം. വസ്ത്രം ധരിക്കാത്ത അവസ്ഥയിൽ പരിക്കേൽക്കാൻ കൂടുതൽ സാധ്യതയുള്ള ആ ഭാഗത്തിന് ഒരു പ്രത്യേക ചർമാവരണം സൃഷ്ടികർത്താവ് നൽകിയത് അവൻെറ കരുതലും കാരുണ്യവും മൂലമാണ്.

എന്നാൽ വസ്ത്രം ധരിക്കുകയും ശ്രദ്ധയോടെ ജീവിക്കുകയും ചെയ്യുന്നയാളുടെ അവയവത്തിന് അഗ്രചർമം മുഖേനയുള്ള സംരക്ഷണം ആവശ്യമായിവരുന്നില്ല. പ്രായപൂർത്തിയാകുന്നതോടെ ആ ചർമത്തിൻെറ ഉൾഭാഗം എപ്പോഴും മാലിന്യമുക്തമായി സൂക്ഷിക്കുക പ്രയാസമായിരിക്കും. പലതരം ശരീരദ്രാവകങ്ങളുടെ അംശങ്ങൾ ചെറിയ അളവിലെങ്കിലും ആഭാഗത്ത് അവശേഷിക്കുന്നത് അവയവത്തിൻെറ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്നത് ഇന്ന് ആരോഗ്യശാസ്ത്രജ്ഞന്മാർക്കിടയിൽ തർക്കമില്ലാത്ത വിഷയമാകുന്നു. ദൈവിക മതം ചേലാകർമം അനുശാസിച്ചതിൻെറ പ്രസക്തി നമുക്ക് ഇവിടെ വ്യക്തമാകുന്നു.

ശരീരഘടനയിൽ വിവിധ സാധ്യതകൾ ഉൾപ്പെടുത്തുകയും ചിന്തിക്കുന്ന മനുഷ്യർക്ക് അവയുമായി ബന്ധപ്പെട്ട ഏറ്റവും ഉത്തമമായ സമീപനം കൈക്കൊള്ളാൻ മാർഗദർശനം നൽകുകയും ചെയ്ത ദൈവം എല്ലാം അറിയുകയും എല്ലാം പരിഗണിക്കുകയും ചെയ്യുന്നുവെന്നത്രെ ഇതിൽനിന്നൊക്കെ ഗ്രഹിക്കാവുന്നത്. ശരീരത്തിലെവിടെയും ബാഹ്യചർമത്തിന് മീതെ മറ്റൊരു ചർമമില്ലാതിരിക്കെ പ്രത്യുൽപാദന അവയവത്തിൻെറ അഗ്രഭാഗത്ത് മാത്രം ഒരു ചർമ്മാവരണം നൽകപ്പെട്ടത് ഘടനാപരമായ ന്യൂനതയ്ക്കല്ല സൂക്ഷ്മതക്കാണ് തെളിവാകുന്നത്.

# 21

**മദ്യവും വ്യഭിചാരവും ഇസ്‌ലാം നിരോധിക്കുകയും അതിൽ ഏർപ്പെടുന്നവർ ശിക്ഷക്കർഹരാണെന്ന് പറയുകയും ചെയ്യുന്നു. എന്നാൽ സ്വർഗത്തിൽ ഈ സുഖങ്ങളെല്ലാം മനുഷ്യന് നൽകുമെന്ന് പറയുന്നതും ഖുർആൻതന്നെ. ഇതിൻെറ യുക്തി എന്താണ്?**

! സ്വർഗത്തിലെ പാനീയങ്ങൾ ദോഷരഹിതവും ലഹരിമുക്തവും ആയിരിക്കുമെന്ന് വിശുദ്ധ ഖുർആനിലെ 37:47 വചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 'ഖംറ്' എന്ന അറബി പദം മുന്തിരിക്കള്ളിനും ലഹരിയുണ്ടാക്കാത്ത മുന്തിരിച്ചാറിനും പ്രയോഗിക്കും. സ്വർഗത്തിലെ 'ഖംറ്' ലഹരിയുണ്ടാക്കുന്ന മദ്യമല്ലെന്ന് ഖുർആനിൽനിന്നുതന്നെ



വ്യക്തമായ സ്ഥിതിക്ക് ഈ വിഷയത്തിൽ ആശയക്കുഴപ്പത്തിന് സാധ്യതയില്ല.

നിയമാനുസൃതമായ ഇണകളല്ലാത്തവരുമായി നടത്തുന്ന അവിഹിത ലൈംഗിക ബന്ധമാണ് വ്യഭിചാരം. സത്യവിശ്വാസികൾക്ക് സ്വർഗത്തിൽ പരിശുദ്ധരായ ഇണകളുണ്ടായിരിക്കുമെന്നാണ് ഖുർആനിൽ (2:25, 3:15, 4:57) പറഞ്ഞിട്ടുള്ളത്. സ്വർഗവാസികൾക്ക് പടച്ചവൻ നിയമാനുസൃത ഇണകളായി നിശ്ചയിച്ചുകൊടുക്കുന്നവരുമായുള്ള ലൈംഗിക ബന്ധം വ്യഭിചാരമല്ല; പവിത്രമായ ദാമ്പത്യമാകുന്നു. ലൈംഗിക ആസ്വാദനം ദൈവം നൽകുന്ന അനുഗ്രഹമാണ്. നിഷിദ്ധവേഴ്ച മാത്രമാണ് നികൃഷ്ടമായിട്ടുള്ളത്.

# 22

**ഹജ്ജ് കർമത്തിനിടയിൽ ഹാജിമാർ ഭക്ത്യാദരപൂർവം (പിശാചിനെ) കല്ലെറിയൽ എന്ന ഒരു ചടങ്ങ് ചെയ്തുവരുന്നുണ്ടല്ലോ. കല്ലെറിഞ്ഞാൽ പിശാച് ഓടിമറയുമോ? കല്ലെറിയൽ ചടങ്ങിന് വളരെ പ്രാധാന്യം നൽകുകയും അതിലൂടെ ഒരു ഭക്തൻ സായൂജ്യമടയുകയും ചെയ്യുമ്പോൾ അതിനെ ശബരിമലയിലെ 'മകരവിളക്ക്' കണ്ടു സായൂജ്യമടയുന്നതിനോട് സാമ്യപ്പെടുത്താമല്ലോ. വ്യക്തമായ മറുപടി പ്രതീക്ഷിക്കുന്നു.**

! ഹജ്ജിനിടയിൽ കല്ലെറിയുന്ന സ്ഥാനങ്ങൾ അഥവാ ജംറകൾ പിശാചിൻെറ പ്രതീകങ്ങളാണെന്ന ധാരണ മുസ്‌ലിം സമൂഹത്തിൽ വ്യാപകമായി നിലനിൽക്കുന്നുണ്ട്. പക്ഷേ, ഇതിന് വിശുദ്ധ ഖുർആനിലോ പ്രാമാണികമായ ഹദീസിലോ ഖണ്ഡിതമായ തെളിവില്ല. ജംറകളിൽ പിശാച് കുടിയിരിക്കുന്നുണ്ടെന്നോ അവിടെ എറിഞ്ഞാൽ പിശാച് തോറ്റോടുമെന്നോ അല്ലാഹുവും റസൂലും (സ) പറഞ്ഞിട്ടില്ല.

അല്ലാഹുവിൻെറ കൽപന പ്രകാരം റസൂൽ (സ) നിർവഹിച്ചു കാണിച്ചുതന്ന ഹജ്ജിൽ ഈ ഏറും ഉൾപ്പെടും എന്നതു കൊണ്ടും 'നിങ്ങളുടെ തീർത്ഥാടന കർമങ്ങൾ എന്നിൽനിന്ന് ഗ്രഹിക്കുക' എന്ന് അദ്ദേഹം നിർദേശിച്ചതുകൊണ്ടുമാണ് മുസ്‌ലിംകൾ ഈ ഏറ് പ്രാധാന്യപൂർവം നിർവഹിക്കുന്നത്. അല്ലാഹുവും റസൂലും(സ) നിർ

ദ്ദേശിച്ച രീതിയിൽ ഹജ്ജ് കർമങ്ങൾ നിർവഹിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യമല്ലാതെ, മകരവിളക്ക് ദർശിച്ച ഭക്തന്മാർക്ക് അനുഭവപ്പെടുന്നതായി പറയപ്പെടുന്ന സായൂജ്യമൊന്നും ജംറകളിൽ എറിയുന്ന ഹാജിമാർ അവകാശപ്പെടുന്നില്ല.

കടലമണിയുടെ വലുപ്പത്തിലുള്ള കല്ലുകൾ അല്ലാഹുവിൻെറ നാമം ഉച്ചരിച്ചുകൊണ്ട് എറിയുകയാണ് നബി (സ) ചെയ്തത്. അദ്ദേഹം വിക്ഷുബ്ധനാവുകയോ ആക്രോശിക്കുകയോ ചെയ്തിട്ടില്ല. ഇപ്പോൾ ചില നാട്ടുകാർ ജംറകളിൽ ചെരുപ്പുകളും ഉരുളൻ കല്ലുകളും ഊക്കോടെ എറിയുകയും വലിയ ശബ്ദമുണ്ടാക്കുകയും തിക്കും തിരക്കുമുണ്ടാക്കി മറ്റ് തീർഥാടകർക്ക് വിഷമം സൃഷ്ടിക്കുകയും ചെയ്യാറുണ്ട്. അവർ എന്ത്തരം സായൂജ്യമാണ് അനുഭവിക്കുന്നതെന്ന് അറിഞ്ഞുകൂടാ. എന്തായാലും അതൊക്കെ ഇസ്‌ലാമിക പ്രമാണങ്ങളിൽ അടിസ്ഥാനമില്ലാത്തതാകുന്നു.

# 23

**അല്ലാഹു ത്രികാലജ്ഞാനിയാണ്. സർവജ്ഞനാണ്. അവനോട് ഏതു സമയത്തും നമുക്ക് പ്രാർഥിക്കാം. പിന്നെ എന്തിനാണ് പ്രത്യേക സമയം നിർണയിക്കപ്പെട്ട അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ? സുജൂദ്, റുകൂഅ് പോലുള്ള പ്രത്യേകരൂപങ്ങൾ എന്തിനാണ് പ്രാർഥ നക്ക്? നമുക്ക് ഇഷ്ടമുള്ള രൂപത്തിൽ പ്രാർഥിച്ചാൽ പോരെ?**

! സത്യവിശ്വാസികൾക്ക് അല്ലാഹുവോട് ഏത് സമയത്തും പ്രാർഥിക്കാം. ന്യായമായ ഏത് കാര്യത്തിനുവേണ്ടിയും പ്രാർഥിക്കാം. നമസ്കാരം എന്ന ആരാധനാകർമത്തിന് മാത്രമാണ് സമയം നിർണയിക്കപ്പെട്ടിട്ടുള്ളത്. ഖുർആൻപാരായണവും പ്രാർഥനയും പ്രകീർത്തനവും നിർത്തവും ഇരുത്തവും കുമ്പിടലും സാഷ്ടാംഗവും എല്ലാം അടങ്ങിയതാണ് നമസ്കാരം. ദിനരാത്രങ്ങൾക്കിടയിൽ നിശ്ചിത ഇടവേളകളിൽ ഈ ആരാധനാകർമം നിർവഹിക്കാൻ വിശ്വാസികളോട് അല്ലാഹു കൽപിച്ചിട്ടുള്ളത് അവൻെറ അനുഗ്രഹങ്ങളോട് അവർ കൃതജ്ഞരായിരിക്കുന്നതിനും അവൻെറ വിധിവിലക്കുകളെ സംബന്ധിച്ച ബോധം അവരുടെ മനസ്സിൽ സദാ



സജീവമായിരിക്കുന്നതിനും വേണ്ടിയാകുന്നു. ഭൂഗോളത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മനുഷ്യർ ഓരോനമസ്കാരവും വ്യത്യസ്ത സമയങ്ങളിലായിരിക്കും നിർവഹിക്കുന്നത്. അതിനാൽ ഭൂമിയിൽ നമസ്കാരം നിർവഹിക്കപ്പെടാത്ത ഒരു സമയവും ഉണ്ടാകാനിടയില്ല.

# 24

**ലോകത്തിലുള്ള എല്ലാ ദൈവവിശ്വാസികളും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ വിഗ്രഹാരാധകന്മാരാണ്. അതായത് ഹൈന്ദവ വിശ്വാസികൾ വിവിധ ക്ഷേത്രങ്ങളിൽ വ്യത്യസ്ത രൂപത്തിലുള്ള വിഗ്രഹങ്ങൾ പ്രതീകമാക്കി ഏകദൈവത്തെ ആരാധിക്കുന്നു. ക്രിസ്ത്യാനികൾ യേശുവിനെ വിവിധ ചർച്ചുകളിൽ പ്രതീകമാക്കി ദൈവത്തോട് പ്രാർഥിക്കുന്നു. മുസ്‌ലിംകൾ മുഴുവൻ 'കഅ്ബ' എന്ന പ്രതീകത്തിന് നേരെ തിരിഞ്ഞ് ഏകദൈവത്തെ ആരാധിക്കുന്നു. ഇതെല്ലാം ഒത്തുചേരുന്നത് എല്ലാ മതങ്ങളും വിഗ്രഹാരാധനയിൽ (ദൈവിക പ്രതീകാരാധനയിൽ) അധിഷ്ഠിതമാണ് എന്നതിലല്ലേ?**

! വിഗ്രഹങ്ങളെ പ്രതീകമാക്കി അവയെത്തന്നെയാണ് ഹൈന്ദവർ ആരാധിക്കുന്നതും പ്രാർഥിക്കുന്നതും. ഓരോ ആവശ്യത്തിനും വിവിധ ദൈവങ്ങൾക്ക് നേർച്ചകളർപ്പിക്കുകയും അവരോട് പ്രാർഥിക്കുകയും ചെയ്യുന്നത് ഏകദൈവാരാധനയാണെന്ന് പറയുന്നതിൽ യാതൊരർഥവുമില്ല. ക്രൈസ്തവർ ഏകദൈവാരാധനക്ക് യേശുവെ പ്രതീകമാക്കുകയല്ല; ഒരു ത്രിയേക ദൈവസങ്കൽപമുണ്ടാക്കി ദൈവപുത്രൻ എന്ന പേരിൽ യേശുവെ ആരാധിക്കുകയും അദ്ദേഹത്തോട് പ്രാർഥിക്കുകയുമാണ് ചെയ്യുന്നത്. ഏകദൈവമായ യഹോവയോട് മാത്രം പ്രാർഥിക്കുന്നവർ ക്രൈസ്തവർക്കിടയിൽ വളരെ വിരളമാകുന്നു.

എന്നാൽ കഅ്ബഃ ഏകദൈവത്തിൻെറ പ്രതീകമോ വിഗ്രഹമോ അല്ല. കഅ്ബയെ മുസ്‌ലിംകൾ ആരാധിക്കുകയോ കഅ്ബയോട് പ്രാർഥിക്കുകയോ ചെയ്യുന്നില്ല. ഏകദൈവത്തെ മാത്രം ആരാധിക്കാൻവേണ്ടി, യഹൂദരുടെയും ക്രൈസ്തവരുടെയും മുസ്‌ലിംകളുടെയും പൂർവികാചാര്യനായ പ്രവാചക ശ്രേഷ്ഠൻ ഇബ്രാഹീം(അ)

അഥവാ അബ്രഹാം സ്ഥാപിച്ച ആരാധനാലയമാണ് കഅ്ബഃ. അദ്ദേഹം അവിടെനിന്ന് ഏകദൈവത്തോട് എങ്ങനെ പ്രാർഥിച്ചുവോ അതുപോലെ അങ്ങോട്ട് തിരിഞ്ഞുനിന്ന് ഏകദൈവത്തോട് മാത്രം പ്രാർഥിക്കുകയാണ് മുസ്‌ലിംകൾ ചെയ്യുന്നത്. വിഗ്രഹാരാധനയുടെ യാതൊരുസ്പർശവും യഥാർഥ മുസ്‌ലിംകളുടെ ആരാധനയിലോ പ്രാർഥനയിലോ ഇല്ല.

# 25

**ബഹുദൈവത്വത്തിൻെറയോ അന്ധവിശ്വാസങ്ങളുടെയോ യാതൊരു ലാഞ്ചനയുമില്ല എന്ന് പറയപ്പെടുന്ന ഇസ്‌ലാമിലെ സുപ്രധാന കർമമായ ഹജ്ജ് വേളയിൽ 'ഹജറുൽ അസ്‌വദ്' എന്ന കല്ലിനെ ആദരവോടും ആവേശത്തോടും മുത്തുന്നതെന്തിനാണ്? കല്ലിനെയും മുള്ളിനെയും ആരാധിക്കരുത്, അവയോടൊന്നും ഒരുതരത്തിലുമുള്ള ആദരവും ബഹുമാനവും പാടില്ലായെന്ന് പഠിപ്പിച്ച നബി (സ)തന്നെ ഈ കർമം നടത്തിയത് എന്തോ ഒരു ബഹുമാനം ആ കല്ലിനോട് ഉള്ളതുകൊണ്ടല്ലേ? നിർജീവമായ ആ കല്ലിനോട് ഒരു ആരാധനാ മനോഭാവമുള്ളത് കൊണ്ടല്ലേ? ഇന്ന് ജനങ്ങൾ ഈ കല്ലിനോട് കാണിക്കുന്ന ആവേശം അതല്ലേ സൂചിപ്പിക്കുന്നത്?**

! പ്രപഞ്ചനാഥനെ മാത്രം ആരാധിക്കാൻവേണ്ടി ഭൂമുഖത്ത് ആദ്യമായി സ്ഥാപിക്കപ്പെട്ട ആരാധനാലയം എന്നതാണ് പരിശുദ്ധ കഅ്ബയുടെ മഹത്വമെന്ന് വിശുദ്ധ ഖുർആനിൽ (3:96) വ്യക്തമാക്കിയിട്ടുണ്ട്. കഅ്ബയെ ലക്ഷ്യമാക്കി ഏകദൈവ വിശ്വാസികളായ തീർഥാടകർ പോകുന്നത് ആവേശത്തോടെ തന്നെയാണ്. പക്ഷേ, അവർ ആരാധിക്കുന്നത് ആ ചതുരക്കെട്ടിടത്തെയല്ല. ലോകരക്ഷിതാവിനെ മാത്രം ആരാധിക്കാനുള്ള സങ്കേതമെന്ന നിലയിൽ ആഭവനത്തോട് അവർക്കുള്ളത് ആദരവാണ്, ആരാധനയല്ല. കഅ്ബയുടെ തെക്കുകിഴക്കെ മൂലയിൽനിന്നാണ് പ്രദക്ഷിണം തുടങ്ങേണ്ടത്. ആ മൂലയിൽ സ്ഥാപിച്ചിട്ടുള്ള ഒരു അടയാള കല്ലാണ് ഹജറുൽ അസ്‌വദ്. ആകല്ലിൽ ചുംബിച്ചുകൊണ്ടോ തൊട്ട്മുത്തിക്കൊണ്ടോ അതിനുനേരെ കൈകൊണ്ട് ആംഗ്യം കാണിച്ചു കൊണ്ടോ പ്രദക്ഷിണം തുടങ്ങാം.



എന്തായാലും തീർഥാടകർ ആ കല്ലിന് ആരാധനയർപ്പിക്കുന്നില്ല. ആ കല്ലിനോ മറ്റേതെങ്കിലും കല്ലിനോ കെട്ടിടത്തിനോ അഭൗതികമായ എന്തെങ്കിലും കഴിവുണ്ടെന്ന് വിശ്വസിക്കുന്നില്ല. ആ കല്ലിൽ നിന്ന് ഉപകാരം പ്രതീക്ഷിക്കുകയോ ഉപദ്രവം ഭയപ്പെടുകയോ ചെയ്യുന്നില്ല. ആ കല്ലിൻെറയും അത് ഉൾക്കൊള്ളുന്ന കഅ്ബയുടെയും നാഥനായ അല്ലാഹുവെ മാത്രമാണ് അവർ ആരാധിക്കുന്നത്. ആ കല്ലിനെ ആദരിക്കൽ ഹജ്ജിൻെറയോ ഉംറയുടെയോ നിർബന്ധിത കർമ്മങ്ങളിൽ പെട്ടതല്ല എന്ന കാര്യവും പ്രസ്താവ്യമാകുന്നു. അതിൻെറ നേരെനിന്നുകൊണ്ട് ത്വവാഫ് (പ്രദക്ഷിണം) തുടങ്ങുക മാത്രമാണ് നിർബന്ധമായിട്ടുള്ളത്.

നിലത്ത് നെറ്റിയും മൂക്കും വെച്ചുകൊണ്ടാണ് സത്യവിശ്വാസികൾ സാഷ്ടാംഗം ചെയ്യേണ്ടത്. എന്നാൽ മറ്റുചിലർ പറയുന്ന ഭൂമി പൂജയുമായി ഇതിന് യാതൊരു ബന്ധവുമില്ലെന്നും ഭൂമിയുടെ സ്രഷ്ടാവിൻെറ മുമ്പിൽ പരമമായ വണക്കം പ്രകടിപ്പിക്കുക മാത്രമാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടതെന്നും സത്യവിശ്വാസികൾക്കെല്ലാം അറിയാം. അതുപോലെ തന്നെയാണ് ഹജറുൽ അസ്‌വദിനെ ആദരിച്ചുകൊണ്ട് അല്ലാഹുവിന് മാത്രമുള്ള ആരാധനയായ ത്വവാഫ് നിർവഹിക്കുന്ന ഏകദൈവ വിശ്വാസിയുടെ അവസ്ഥയും. സഫാ മർവാ കുന്നുകളോടും മക്കയിലെ മറ്റ് പുണ്യസ്ഥലങ്ങളോടും സത്യവിശ്വാസികൾക്കുള്ള മനോഭാവവും ഇതുപോലെതന്നെ.

# ഖുർആനും
# വിമർശനങ്ങളും

# 26

**നമ്മുടെ സമൂഹത്തിൽ ഇന്ന് കാണപ്പെടുന്ന തരത്തിലുള്ള 'യുക്തി വാദികളെ'ക്കുറിച്ച് സൂചന നൽകുന്ന ഖുർആൻവചനങ്ങളുണ്ടോ? പ്രവാചകന്റെ കാലത്ത് ഇത്തരം യുക്തിവാദികളോ, നിരീശ്വരവാദികളോ ഉണ്ടായിരുന്നതായി ചരിത്രത്തിൽ വല്ല തെളിവുമുണ്ടോ? ഇത്തരം ആളുകളുമായി എങ്ങനെ സംവദിക്കണമെന്നതിന് വിശുദ്ധ ഖുർആൻ വല്ല മാതൃകയും നമുക്ക് മുന്നിൽ വെച്ചിട്ടുണ്ടോ?**

! "അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെ സംബന്ധിച്ച് യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു". (വി. ഖു 45:24) ഈ ഖുർആൻ സൂക്തം ദൈവത്തെ തീർത്തും നിഷേധിക്കുന്നവരുടെ കാര്യത്തിലാണോ, അതല്ല ദൈവവിശ്വാസികളെന്ന് അവകാശപ്പെടുന്നവരുടെ കൂട്ടത്തിൽതന്നെയുള്ള, ദൈവം മനുഷ്യരെ മരിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നവനാണെന്ന യാഥാർഥ്യത്തെ നിഷേധിക്കുന്ന ഒരു വിഭാഗത്തിന്റെ കാര്യത്തിലാണോ അവതരിച്ചതെന്ന് ഉറപ്പിച്ചുപറയാൻ ഖണ്ഡിതമായ തെളിവ് ലഭ്യമല്ല. യുക്തിവാദികളുടെ കാര്യത്തിൽ അവതരിച്ചതാണ് ഈ സൂക്തമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ഇബ്രാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെക്കുറിച്ച് നീ അറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവൻ അതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്രാ

ഹീം പറഞ്ഞപ്പോൾ, 'ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ' എന്നാണ് അവൻ പറഞ്ഞത്. ഇബ്രാഹീം പറഞ്ഞു: 'എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീ അതിനെ പടിഞ്ഞാറ് നിന്നുകൊണ്ട് വരൂ', അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല" (വി.ഖു 2:258). ഇബ്രാഹീം നബി (അ) യുടെ കാലത്ത് ഇറാഖ് ഭരിച്ചിരുന്ന നിംറോദ് രാജാവിനെ സംബന്ധിച്ചാണ് ഈ സൂക്തത്തിൽ പരാമർശിച്ചിട്ടുള്ളത്. സകല ജീവജാലങ്ങളെയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന പ്രപഞ്ചനാഥനെ ആ സ്വേച്ഛാധിപതി അംഗീകരിച്ചിരുന്നില്ല എന്ന് വ്യക്തമാണ്. എന്നാൽ നിംറോദിന്റെ സ്വയം ദൈവവാദം ഒരു ഭൗതികവാദിയുടെ അഹങ്കാരപ്രകടനം മാത്രമാണോ, അതല്ല ഏതെങ്കിലും അഭൗതിക ശക്തിയിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ടതാണോ എന്ന് ഉറപ്പിച്ച് പറയാൻ തെളിവുകൾ ലഭ്യമല്ല.

# 27

**"ഖുർആൻ വചനങ്ങൾ ക്രോഡീകരിച്ചത് ദൈവിക നിർദേശം അനുസരിച്ചല്ലെന്ന് വിവിധ ഖുർആനുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഖുർആൻ വചനങ്ങൾ ചേർത്തത് മാത്രമല്ല അതിലെ അധ്യായങ്ങൾ ചേർത്തതിലും ക്രമം തെറ്റിയതായി കാണാം. ഖലീഫ ഉസ്മാൻ ക്രോഡീകരിച്ച ഖുർആന്റെ ഘടനയും ഖലീഫ അലിയുടെ ഖുർആന്റെ ഘടനയും തമ്മിൽ അന്തരമുണ്ട്. അലിയുടെ ഖുർആനിൽ അൽഅലഖ് ഒന്നാമത്തെ അധ്യായമാണെങ്കിൽ ഉസ്മാന്റെ ഖുർആനിൽ 96-ാം അധ്യായമാണ്. 74ൽ കാണുന്ന മുദ്ദസ്സിർ രണ്ടാമത്തേതും 50ൽ കാണുന്ന ക്വാഫ് മൂന്നാമത്തേതും 73ൽ കാണുന്ന മുസമ്മിൽ നാലാമത്തേതുമാണ്. അതുപോലെ ഉബയ്യിബ്നു കഅ്ബിന്റെ ഖുർആനിൽ ഉസ്മാന്റെ ഖുർആനിലെ നാലാം അധ്യായമായ അന്നിസാഅ് മൂന്നാം അധ്യായമാണ്. ഇബ്നു മസ്ഊദിന്റെ ഖുർആനിൽ ഉസ്മാന്റെ ഖുർആനിലെ 2-ാം അധ്യായമായ അൽബഖറയാണ് ഒന്നാം അധ്യായം. അതിൽ രണ്ടാം അധ്യായമായി വരുന്നത് ഉസ്മാന്റെ 4-ാം അധ്യായമായ അന്നിസാഅ് ആണ്. ഇവയിൽ ആരുടെ ഖുർആനാണ് യാഥാർഥ്യം"**



**(സെയ്തുമുഹമ്മദ് ആനക്കയം, യുക്തിവിചാരം-ജൂലൈ 2001 പേജ് 21). പ്രതികരണം?**

! വിശുദ്ധ ഖുർആനിന്റെ ക്രോഡീകരണം അല്ലാഹു ഏറ്റെടുത്ത ബാധ്യതയാണെന്ന് ഖുർആനിൽതന്നെ (75:17) പറഞ്ഞിട്ടുണ്ട്. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ദിവ്യവചനത്തെക്കാൾ വലിയ പ്രമാണമൊന്നുമില്ല. 'വിവിധ ഖുർആനുകൾ' എന്ന യുക്തിവാദിയുടെ പ്രയോഗംതന്നെ വലിയ തട്ടിപ്പാണ്. ലോകത്ത് ഒരു ഖുർആനേയുള്ളൂ. നബി (സ)യുടെ അനുചരന്മാരുടെ കാലം മുതൽ ഇന്നുവരെ അനിഷേധ്യമായി അംഗീകരിക്കപ്പെട്ടുവരുന്ന യാഥാർഥ്യമാണ് മുസ്ലിംകൾക്ക് വിഭിന്ന ഖുർആനുകൾ ഇല്ലെന്നത്. ഖലീഫ ഉസ്മാൻ ഖുർആൻ ക്രോഡീകരിച്ചു എന്ന പരാമർശം യുക്തിവാദിയുടെ മറ്റൊരു കള്ളത്തരമാണ്. നബി (സ)യുടെ വിയോഗത്തെ തുടർന്ന് ഒന്നാം ഖലീഫ അബൂബക്കറിന്റെ നേതൃത്വത്തിൽ നബി (സ) പഠിപ്പിച്ച ക്രമത്തിൽ തയ്യാറാക്കിയ ഖുർആൻപ്രതിയുടെ കുറെ തനിപ്പകർപ്പുകളെടുത്ത് ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രവിശ്യാതലസ്ഥാനങ്ങളിലേക്ക് കൊടുത്തയക്കുകയാണ് മൂന്നാം ഖലീഫ ഉസ്മാൻ (റ) ചെയ്തത്. അദ്ദേഹം സ്വന്തമായി ഖുർആൻ ക്രോഡീകരിച്ചിട്ടില്ല.

നാലാം ഖലീഫ അലി (റ), ഉബയ്യിബ്നുകഅ്ബ്, ഇബ്നു മസ്ഊദ് (റ) എന്നിവരാരും ഒന്നാം ഖലീഫയുടെ നേതൃത്വത്തിൽ സൂക്ഷ്മ പരിശോധന നടത്തി തയാറാക്കിയതിൽനിന്ന് വ്യത്യസ്തമായ ഖുർആൻ ക്രോഡീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്തിട്ടില്ല. നബി (സ)ക്ക് ദിവ്യസന്ദേശങ്ങൾ അവതരിക്കാൻ തുടങ്ങിയകാലം മുതൽതന്നെ സാക്ഷരരായ അനുചരന്മാർ ഖുർആൻ സൂക്തങ്ങൾ എഴുതിസൂക്ഷിച്ചിരുന്നു. ഓരോ സന്ദർഭത്തിലും അവതരിപ്പിക്കപ്പെടുന്ന വചനങ്ങളും അധ്യായങ്ങളും ഒന്നിന് പുറകെ മറ്റൊന്നായി രേഖപ്പെടുത്തുമ്പോൾ അതിന്റെക്രമം അവതരണക്രമംതന്നെയായിരിക്കുക സ്വാഭാവികമാകുന്നു. അധ്യായങ്ങളുടെയും വചനങ്ങളുടെയും ക്രമം അല്ലാഹു നിർദേശിച്ചതനുസരിച്ച് നബി (സ) അറിയിച്ചുകൊടുക്കുന്നതിന് മുമ്പ് ശിഷ്യന്മാർ എഴുതിവെച്ച പകർപ്പുകളെല്ലാം അവതരണ ക്രമപ്രകാരമുള്ളതായിരുന്നു. ആ കാര്യമാണ് ചില ഗ്രന്ഥങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഖുർആനിന്റെ ആമുഖമായ ഫാതിഹയെ ആദ്യകാലത്ത് ചിലസഹാബികൾ ഒരു അധ്യായമെന്ന

നിലയിൽ എണ്ണാത്തതുകൊണ്ടാണ് അവർ അൽബഖറയെ ഒന്നാമത്തെ അധ്യായമായി ഗണിച്ചത്. എന്നാൽ ഫാതിഹ ഖുർആനിൽ പെട്ടതല്ലെന്ന് സത്യവിശ്വാസികളാരും ഒരിക്കലും പറഞ്ഞിട്ടില്ല. 96, 74, 73, 4, 3, 2,1 എന്നീ അധ്യായങ്ങളോ അവയിലെ ഏതെങ്കിലും വചനങ്ങളോ ഖുർആനിൽ പെട്ടതല്ലെന്ന് യുക്തിവാദി ചൂണ്ടിക്കാണിച്ച സഹാബികൾ ഒരിക്കലും അഭിപ്രായപ്പെട്ടിട്ടേയില്ല. എങ്കിലേ ഇവർക്കെല്ലാം വ്യത്യസ്തമായ ഖുർആൻ ഉണ്ടായിരുന്നുവെന്ന് പറയുന്നതിന് ന്യായമുള്ളൂ. അല്ലാഹുവും റസൂലും (സ) നിർദേശിച്ചപ്രകാരം ക്രോഡീകരിക്കുന്നതിന് മുമ്പ് വിവിധ സഹാബികൾ എഴുതിവെച്ചിരുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ഖുർആനിൻെറ അഖണ്ഡതയെ ചോദ്യം ചെയ്യാൻ തെളിവാക്കുന്നത് യുക്തിവാദമല്ല; ദുരാരോപണമാകുന്നു.

# 28

**മുഹമ്മദ് നബി നിരക്ഷരനായിരുന്നുവല്ലോ. അതിനാൽ ഖുർആൻ അവതരിക്കുമ്പോൾ അത് തെറ്റ് കൂടാതെയാണ് തൻെറ അനുചരന്മാർ രേഖപ്പെടുത്തിവെക്കുന്നത് എന്ന് അദ്ദേഹത്തിന് ബോധ്യപ്പെടുവാൻ സാധിക്കുമോ? പ്രവാചകൻ അയൽരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതിയിരുന്നുവല്ലോ. അതിനാൽ പിൽക്കാലത്ത് അദ്ദേഹം അക്ഷരജ്ഞാനം സ്വായത്തമാക്കിയിരുന്നുവോ?**

**പ്രവാചകൻെറ കാലത്തുതന്നെ ഖുർആൻ ക്രോഡീകരിക്കുകയും അബൂബക്കറിൻെറ കാലത്ത് ഖുർആൻെറ ഗ്രന്ഥാവിഷ്കരണം നടത്തുകയും ചെയ്യുകയുണ്ടായല്ലോ. അച്ചടിവിദ്യ അക്കാലത്തൊന്നും കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ അന്നത്തെ ഖുർആൻെറ ഗ്രന്ഥരൂപം എങ്ങനെയുള്ളതായിരുന്നു?**

! നബി (സ)യുടെ കാലത്ത് ഗദ്യപദ്യ സാഹിത്യങ്ങളെല്ലാം സമൂഹത്തിൽ നിലനിർത്തിയിരുന്നതും തലമുറകളിലേക്ക് കൈമാറിയിരുന്നതും മനഃപാഠമാക്കുന്നതിലൂടെയായിരുന്നു. സാക്ഷരരുടെ സംഖ്യ വളരെ കുറവായിരുന്നതുകൊണ്ട് ലിഖിതങ്ങളെ അവലംബിക്കുന്ന രീതിയും വളരെ കുറവായിരുന്നു. ഒരക്ഷരത്തിനോ സ്വരത്തിനോ



പോലും വ്യത്യാസംവരാതെ വിശുദ്ധ ഖുർആൻ പൂർണമായി ഹൃദിസ്ഥമാക്കിയ നൂറുകണക്കിനാളുകൾ പ്രവാചക ശിഷ്യന്മാരുടെ കൂട്ടത്തിലുണ്ടായിരുന്നു. ലഭ്യമാകുന്ന എഴുത്തുതാളുകളിലൊക്കെ എഴുതിവെച്ച കുറച്ചുപേരുമുണ്ടായിരുന്നു. ഇന്നും വിശുദ്ധ ഖുർആൻ പൂർണമായി ഹൃദിസ്ഥമാക്കിയ ലക്ഷക്കണക്കിനാളുകൾ ഭൂമുഖത്തുണ്ട്. ഓരോ ദിവസവും ആയിരക്കണക്കിന് വിദ്യാപീഠങ്ങളിൽ മുസ്ലിം വിദ്യാർത്ഥികൾ ഖുർആൻ ഹൃദിസ്ഥമാക്കുന്ന യത്നം തുടരുന്നു. ഖുർആൻ മാത്രമല്ല, അനേകായിരം നബി വചനങ്ങളും അവ റിപ്പോർട്ട് ചെയ്തവരെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ ഹൃദിസ്ഥമാക്കിയ ധാരാളം പണ്ഡിതന്മാർ പല നാടുകളിലുമുണ്ട്. അച്ചടിച്ച പ്രതികളാകെ ആരെങ്കിലും ചുട്ട്ചാമ്പലാക്കിയാൽപോലും ഇസ്ലാമിൻെറ മൗലിക പ്രമാണങ്ങൾ മനസ്സുകളിൽനിന്ന് തികച്ചും അന്യൂനമായി പകർത്താവുന്നവിധം നിലനിൽക്കാൻ ജഗന്നിയന്താവിൻെറ അനുഗ്രഹത്താൽ നടക്കുന്ന പ്രക്രിയയാകുന്നു ഇത്.

ഏതെങ്കിലുമൊരാൾ ഖുർആൻ എഴുതുന്നതിലോ അച്ചടിക്കുന്നതിലോ തെറ്റ് വരുത്തിയാൽ പോലും അത് ഹൃദിസ്ഥമാക്കിയ ഹാഫിദ്വുകളെ ആശയക്കുഴപ്പത്തിലാക്കാൻ കഴിയില്ല. പിൽക്കാലത്ത് ഖുർആനിൽ അന്യവചനങ്ങൾ തിരുകിക്കയറ്റാൻ ശത്രുക്കൾ പല ശ്രമങ്ങൾ നടത്തിയെങ്കിലും അതൊന്നും വിജയിക്കുകയുണ്ടായില്ല. മനഃപാഠമാക്കിയവർക്ക് പുറമെ പ്രവാചക ശിഷ്യന്മാരുടെ കാലംമുതൽ തന്നെ അനേകം കയ്യെഴുത്ത് വിദഗ്ധരും ഖുർആൻ അന്യൂനമായി നിലനിർത്തുന്നതിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ലോകത്തിലെ പ്രശസ്തമായ പല ലൈബ്രറികളിലും വിശുദ്ധ ഖുർആനിൻെറ അതിപ്രാചീനമായ കയ്യെഴുത്ത് പ്രതികളുണ്ട്. ഓറിയൻറലിസ്റ്റുകൾ ഉൾപ്പെടെ ഇസ്ലാമിനെ വിമർശിക്കാൻ പഴുത് തേടുന്നവരുടെ നാടുകളിലെ ഗ്രന്ഥശാലകളിലുമുണ്ട് ഇത്തരം കയ്യെഴുത്ത് പ്രതികൾ. അവതമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്ന കാര്യം അവർക്കൊക്കെ അറിയാം.

പ്രവാചകൻ സ്വന്തം കൈകൊണ്ട് കത്തെഴുതിയിട്ടുണ്ടെന്ന് പറയാൻ ഖണ്ഡിതമായ തെളിവുകൾ കാണുന്നില്ല. അദ്ദേഹത്തിൻെറ കത്തുകൾ എന്ന് പറയുന്നതൊക്കെ അദ്ദേഹത്തിൻെറ നിർദേശപ്രകാരം സാക്ഷരരായ ശിഷ്യന്മാർ എഴുതിയിട്ട് അദ്ദേഹം മോതിരമുദ്ര ചാർത്തിയ ലിഖിതങ്ങളാകുന്നു.

അച്ചടിവിദ്യ കണ്ടുപിടിച്ചതിനുശേഷം ഗ്രന്ഥമെന്നാൽ കടലാസിൽ അച്ചടിച്ചത് എന്ന ധാരണ പ്രബലമായിരിക്കയാണ്. എന്നാൽ ഇന്ത്യയുൾപ്പെടെ എല്ലാ നാടുകളിലും ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പ്വരെ എല്ലാ വിജ്ഞാനങ്ങളും കയ്യെഴുത്ത് കൃതികളായാണ് രേഖപ്പെടുത്തിയിരുന്നത്. താളിയോലകളിലും തുണികളിലും തുകലുകളിലും കൈകൊണ്ട് നിർമിച്ച കടലാസുകളിലുമെല്ലാം ഇങ്ങനെ ഗ്രന്ഥങ്ങൾ എഴുതി പൂർത്തിയാക്കി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രമുഖ ഗ്രന്ഥശാലകളിലും മ്യൂസിയങ്ങളിലും ഇവ ഇപ്പോഴും ഭദ്രമായി സൂക്ഷിച്ചുപോരുന്നു. അച്ചടിത്തെറ്റുകളെക്കാൾ വളരെ കുറവായിരുന്നു പല കയ്യെഴുത്ത്പ്രതികളിലെയും തെറ്റുകൾ.

വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കിയവരുടെ ഓർമ്മയും എഴുതിവെച്ചവരുടെ പകർപ്പുകളും ഒത്തുനോക്കി പരിശോധിച്ചാണ് സൈദ് ബിൻ ഥാബിത് എന്ന പ്രവാചക ശിഷ്യൻെറ മേൽനോട്ടത്തിൽ ഖലീഫാ അബൂബക്കറി(റ)ൻെറ നിർദേശപ്രകാരം ആദ്യമായി ഖുർആൻ ഒറ്റവാല്യത്തിൽ ക്രോഡീകരിച്ചത്. അതിൻെറ പേജുകൾ ഏത് തരത്തിലുള്ളതായിരുന്നുവെന്ന് ചരിത്ര ഗ്രന്ഥങ്ങളിൽ വിശദീകരിച്ചു കാണുന്നില്ല. കട്ടികുറഞ്ഞ തുകൽത്താളുകളാണ് അക്കാലത്ത് എഴുതാൻ കൂടുതൽ ഉപയോഗിച്ചിരുന്നത്. പിന്നീട് മൂന്നാം ഖലീഫ ഉസ്മാൻെറ (റ)കാലത്താണ് കൂടുതൽ പകർപ്പുകൾ അതീവ ശ്രദ്ധയോടെ തയാറാക്കി ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പ്രവിശ്യാആസ്ഥാനങ്ങളിലേക്ക് അയച്ചുകൊടുത്തത്. ഇവയിൽ ചിലത് ഇപ്പോഴും ചില യൂറോപ്യൻ ലൈബ്രറികളിൽ ഉണ്ടെന്ന് പറയപ്പെടുന്നു. ഈ ആധികാരിക പ്രതികളിൽനിന്ന് ഒട്ടും വ്യത്യാസമില്ലാത്ത അസംഖ്യം കയ്യെഴുത്ത് പ്രതികൾ പിൽക്കാലത്ത് മുസ്‌ലിം നാടുകളിലാകെ പ്രചരിക്കുകയുണ്ടായി.

# 29

**ഖുർആനിൽ 17:15 ൽ 'വലാ തസിറു വാസിറത്തുൻ വിസ്റ ഉഖ്റാ' (പാപം ചുമയ്ക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപം ചുമയ്ക്കുകയില്ല). എന്ന സൂക്തത്തിൻെറ മഫ്ഹൂം മുഖാലഫ (വിപരീത സൂചന) കുറ്റം ചെയ്യാത്ത ആത്മാവ് പാപം ചുമയ്ക്കും എന്നല്ലേ? പ്രവാചകർ പാപമുക്തരാണോ?, അവർ പാപം ചുമയ്ക്കില്ലേ?**



! 17:15ലെ ഉദ്ധൃത ഭാഗത്തിൻെറ അർഥം "പാപഭാരം ചുമയ്ക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമയ്ക്കുകയില്ല" എന്നാണ്. ഇതിൻെറ 'മഫ്ഹൂം മുഖാലഫ' (വിപരീത സൂചന) 'ഓരോ പാപിയും തൻെറ പാപഭാരം സ്വയം വഹിക്കേണ്ടിവരും' എന്നാണ്. പാപമൊന്നും ചെയ്യാത്തവൻ കുറ്റവാളികളുടെ പാപഭാരം വഹിക്കേണ്ടിവരും എന്ന യാതൊരു സൂചനയും ആ വാക്യത്തിൽ ഇല്ല. കുറ്റവാളികളുടെ പാപങ്ങൾ കുറ്റമൊന്നും ചെയ്യാത്തവരുടെമേൽ വെച്ചുകെട്ടുന്നത് ദൈവിക നീതിക്ക് വിരുദ്ധമാകുന്നു. 17:15 വചനത്തിൻെറ ആദ്യഭാഗത്തിൽനിന്നുതന്നെ ഇത് ഗ്രഹിക്കാവുന്നതാണ്.

ഇനി പ്രസ്തുത വചനത്തിൻെറ അവസാന ഭാഗം നോക്കുക: "ഒരു ദൂതനെ അയക്കുന്നതുവരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല". അല്ലാഹു ദൂതനെ അയക്കുന്നത് നന്മതിന്മകളെയും രക്ഷാശിക്ഷകളെയും സംബന്ധിച്ച് ഉദ്ബോധിപ്പിക്കാനാണെന്നും അതിനുശേഷം കുറ്റംചെയ്യുന്നവർ (അവരുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചിട്ടില്ലെങ്കിൽ) ശിക്ഷ അനുഭവിക്കുകതന്നെ വേണ്ടിവരുമെന്നുമാണ് ഇതിൽനിന്ന് ഗ്രഹിക്കാവുന്നത്. പാപമുക്തനായ ദൂതനെ അല്ലാഹു നിയോഗിച്ചത് സകല കുറ്റവാളികളുടെയും പാപഭാരം വഹിക്കാനാണെങ്കിൽ ഇങ്ങനെ പറയേണ്ടതില്ലല്ലോ.

# 30

**ഖുർആൻ 3:85ൽ ഇസ്‌ലാംമാത്രമാണ് ദൈവത്തിങ്കൽ സ്വീകാര്യമെന്ന് പറയുമ്പോൾ 2:62ൽ വിശ്വാസികൾക്ക് പുറമെ ക്രൈസ്തവരും യഹൂദരും സാബികളും സ്വർഗത്തിൽ പോകുമെന്ന് പറയുന്നു. ഇതിലെ പ്രകടമായ വൈരുദ്ധ്യം നിഷേധിക്കാൻ സാധിക്കുമോ?**

**മാർച്ച് മാസത്തെ 'സ്നേഹസംവാദ' ത്തിൽ പേജ് 19 മൂന്നാം കോളത്തിൽ മതവിഭിന്നതയല്ല, യഥാർഥ വിശ്വാസവും പ്രവർത്തനവുമാണ് വിജയനിദാനമെന്ന് 2:62നെ വ്യാഖ്യാനിക്കുന്നു. എങ്കിൽ പിന്നെ മതപരിവർത്തനത്തിൻെറ ആവശ്യമില്ലല്ലോ. അഥവാ 'യഥാർഥ വിശ്വാസവും പ്രവർത്തനവും കൊണ്ടുദ്ദേശിക്കുന്നത് ഇസ്‌ലാമാണെങ്കിൽ അത് കൈക്കൊണ്ട ശേഷവും അവരെ ക്രൈസ്തവർ, യഹൂദർ, സാബികൾ എന്നിങ്ങനെ വിളിക്കേണ്ട ആവശ്യമെന്താണ്? ഇനി അത്തരം പരാമർശംകൊണ്ട് ഉദ്ദേശി**

**ക്കുന്നത് ജാതീയതയാണെങ്കിൽ ഇസ്‌ലാം സ്വീകരിച്ചവരെയും ജാതി കൊണ്ട് വിളിക്കുന്നതുകൊണ്ട് ഇസ്‌ലാം ജാതീയതയെ അംഗീകരിക്കുന്നു എന്ന് അർഥമാക്കാമോ?**

! മുഹമ്മദ് നബി (സ) വളരെ വ്യക്തമായി പ്രഖ്യാപിച്ച കാര്യമാണ് ഇസ്‌ലാം താൻ സ്ഥാപിച്ച ഒരു പുതിയ മതമല്ല; പ്രത്യുത, മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്ത ദൈവിക മതമാണ് എന്നത്. എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത ആദർശത്തിൻെറ അതിപ്രധാനഭാഗം ഏകദൈവത്തിലും പരലോകത്തിലുമുള്ള വിശ്വാസമാണ്. ഏതെങ്കിലും ഒരു ജനവിഭാഗത്തിനോ സമുദായത്തിനോമാത്രം അവകാശപ്പെട്ടതാണ് മോക്ഷമെന്ന് ഒരു പ്രവാചകനും പഠിപ്പിച്ചിട്ടില്ല. മനുഷ്യൻ സ്വജീവിതം ലോകരക്ഷിതാവിന് സമർപ്പിക്കുക എന്ന് അർഥമുള്ള ഇസ്‌ലാം മുഴുവൻ മനുഷ്യരുടെയും മോക്ഷത്തിനുള്ള മതമാണ്. ജാതിമതമോ സമുദായമതമോ അല്ല. എന്നാൽ മിക്ക പ്രവാചകന്മാരുടെയും അനുയായികൾ അവരുടെ കാലശേഷം സാമുദായിക വാദികളായി മാറുകയാണുണ്ടായത്.

'സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ) പറയുക: നിങ്ങൾസത്യവാന്മാരാണെങ്കിൽ (അതിന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടുവരൂ എന്ന്. എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമകാരിയായിക്കൊണ്ട് ആത്മസമർപ്പണം ചെയ്തുവോ അവന് തൻെറ രക്ഷിതാവിങ്കൽ അതിൻെറ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. യഹൂദന്മാർ പറഞ്ഞു; ക്രിസ്ത്യാനികൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. ക്രിസ്ത്യാനികൾ പറഞ്ഞു; യഹൂദന്മാർക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. അവരെല്ലാം വേദഗ്രന്ഥം പാരായണം ചെയ്യുന്നവരാണ് താനും. അങ്ങനെ ഇവർ പറഞ്ഞതുപോലെതന്നെ വിവരമില്ലാത്ത ചിലരൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ തമ്മിൽ ഭിന്നിക്കുന്ന വിഷയത്തിൽ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അല്ലാഹു അവർക്കിടയിൽ തീർപ്പ് കൽപിക്കുന്നതാണ്" (വി.ഖു. 2:111-113).

ഒരു സമുദായത്തിൽ മെമ്പറായാലേ മോക്ഷമുള്ളൂവെന്ന് ഒരു വേദഗ്രന്ഥത്തിലും പറഞ്ഞിട്ടില്ല. അതിനാൽ വേദഗ്രന്ഥങ്ങളുടെ



കൈവശക്കാർ എന്ന് അവകാശപ്പെടുന്ന ആർക്കും സാമുദായിക മതത്തിൻെറ വക്താവാകാൻപാടില്ല. പക്ഷേ, നിർഭാഗ്യവശാൽ മൂസാനബി (അ)യുടെ കാലശേഷം അദ്ദേഹത്തിൻെറ അനുയായികളിൽ പലരും, ഈസാനബി (അ)യുടെ കാലശേഷം അദ്ദേഹത്തി ൻെറ ശിഷ്യന്മാരുടെ അനന്തര തലമുറകളിൽ പലരും സാമുദായിക വാദമുന്നയിച്ചു. താന്താങ്ങളുടെ സമുദായത്തിൽപെട്ടവർക്ക് മാത്രമെ മോക്ഷമുള്ളൂവെന്ന് വാദിച്ചു. സാമുദായിക മതത്തിന് മറ്റൊരു കുഴപ്പവും കൂടിയുണ്ട്. സ്വന്തം സമുദായത്തിൽപെട്ടവരുടെ വിശ്വാസവും കർമവും മോശമായാൽപോലും അവർക്ക് മോക്ഷമുണ്ടെന്ന് സാമുദായിക മതക്കാർ വാദിച്ചുകളയും.

പ്രവാചകന്മാർ പഠിപ്പിച്ചതും വേദഗ്രന്ഥങ്ങളിലുള്ളതും സാമുദായിക വാദത്തിന് തികച്ചും വിപരീതമാണ്. സമുദായമേതായാലും സത്യവിശ്വാസവും സൽകർമവും സ്വീകരിച്ചവർക്കൊക്കെ മോക്ഷമുണ്ട്. വിശ്വാസവും കർമവും ശരിയാകാത്തവൻെറ സമുദായ മേൽവിലാസത്തിന് അല്ലാഹുവിങ്കൽ സ്ഥാനമൊന്നും ഉണ്ടായിരിക്കുകയില്ല. ഈ യാഥാർഥ്യമാണ് 2:62ലെന്നപോലെ 3:85ലും ഊന്നിപ്പറയുന്നത്. 2:62ൽ 'അല്ലദീന ആമനൂ' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് മുഹമ്മദ് നബി (സ)യിൽ വിശ്വസിച്ചവരാണ്. അവരും സാമുദായിക വാദികളാകാൻ പാടില്ല. അല്ലാഹുവിലും പരലോകത്തിലും ദൃഢമായ വിശ്വാസമുണ്ടെങ്കിലേ അവർക്കും മോക്ഷത്തിനവകാശമുള്ളൂ.

ഞാൻ മുഹമ്മദ് നബി (സ)യുടെ 'ഉമ്മത്തി'ൽ പെട്ടവനായതിനാൽ എൻെറ വിശ്വാസവും കർമവുമൊക്കെ എങ്ങനെയായാലും എനിക്ക് മോക്ഷമുണ്ടെന്ന് വല്ലവനും വാദിച്ചാൽ 2:113ൽ വിമർശിക്കപ്പെട്ട വിഭാഗങ്ങളെപോലെ തന്നെയായിരിക്കും അവൻെറയും അവസ്ഥ. സാമുദായിക സങ്കുചിതത്വത്തിനതീതമായ ഇസ്‌ലാം (ദൈവത്തിനുള്ള സമർപ്പണം) എന്ന ആദർശമേ അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയുള്ളൂ എന്നാണ് 3:85ൽ വചനത്തിൻെറ താൽപര്യം. ഈ കാര്യംതന്നെയാണ് 2:62ൻെറയും സാരാംശം. ഏകദൈവ വിശ്വാസത്തിന് വിരുദ്ധമായ ദൈവപുത്രവാദവും ശരിയായ പരലോക വിശ്വാസത്തിന് വിരുദ്ധമായ സാമുദായിക മോക്ഷവാദവും വെച്ചുപുലർത്തുന്നവർക്ക് അല്ലാഹുവിങ്കൽ സ്വീകാര്യതയുണ്ടാവില്ലെന്ന് തന്നെയാണല്ലൊ 2:62ൽനിന്ന് ഗ്രഹിക്കാവുന്നത്. അതിനാൽ ഈവചനങ്ങൾ തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ല.

2:62 വചനം ജാതീയതയെ അംഗീകരിക്കുന്നില്ല. ചരിത്രത്തിൽ യഹൂദർ, ക്രൈസ്തവർ, സാബികൾ എന്നൊക്കെ അറിയപ്പെട്ടവരെ സംബന്ധിച്ചിടത്തോളം അവരുടെ സമുദായ വ്യത്യാസങ്ങളല്ല അവർക്ക് ഏകദൈവത്തിലും പരലോകത്തിലും അന്യൂനമായ വിശ്വാസം ഉണ്ടായിരുന്നോ ഇല്ലേ എന്നതാണ് നിർണായക വിഷയമെന്ന് വ്യക്തമാക്കുന്ന ഈ വചനം യഥാർഥത്തിൽ ജാതീയതയെയും സാമുദായികതയെയും നിരാകരിക്കുകയാണ് ചെയ്യുന്നത്.

# 31

**ഖുർആനിൽ മൂസാ നബി (അ)മയുടെ ചരിത്രം നൂറിലധികം സ്ഥലങ്ങളിൽ വിവരിച്ചത് കാണാം. അതിൽ ചിലത് ഒരു സ്ഥലത്തു വിവരിച്ചതിൽനിന്നും വ്യത്യസ്തമായി അതേ സംഭവം മറ്റൊരു സ്ഥലത്ത് വിവരിച്ചതായും കാണാം. ഉദാ.- സൂറത്തുത്വാഹയിൽ 25-ാം ആയത്തിൽ മൂസാനബി(അ)മയോട് അല്ലാഹു തൻെറ ദൗത്യം ഏൽപിച്ചപ്പോൾ അദ്ദേഹം ദൈവ സഹായം തേടുകയാണ്. അക്കൂട്ടത്തിൽ തൻെറ സഹോദരൻ ഹാറൂനിനെ നബിയാക്കണമെന്നും അദ്ദേഹം പ്രാർഥിക്കുന്നുണ്ട്. തൽഫലമായിട്ടാണ് ഹാറൂൻ പ്രവാചകനാകുന്നത് എന്നാണ് ഇവിടെ വിവരിച്ചത്. ഇതേസംഭവം 28:34ൽ വിവരിക്കുന്ന സ്ഥലത്ത് മൂസാനബി അല്ലാഹുവിനോട് തൻെറ സഹോദരനെ പ്രവാചകനാക്കണമെന്ന് പ്രാർഥിക്കുമ്പോൾ ഉപയോഗിച്ച പദം നേരത്തേതിൽനിന്നും വ്യത്യസ്തമാണ്. അതുപോലെ ദൈവത്തിൻെറ മറുപടിയും അങ്ങനെതന്നെ. ഇങ്ങനെ ഒരേ സംഭവം ഒരേ ആശയമുൾക്കൊള്ളുന്നതാണെങ്കിലും വ്യത്യസ്ത പദങ്ങളുപയോഗിക്കുമ്പോൾ, ദൈവത്തിൽനിന്ന് അവതീർണമായ ഖുർആൻ ചരിത്ര പുരുഷന്മാരുടെ കഥകൾ വിവരിക്കുമ്പോൾ അവരുടെ വാക്കും ചിന്തയും അതേപോലെ പകർത്തുന്നതിൽ അശക്തമാവാമോ? ഇനി ഈ ചരിത്ര വിശദീകരണത്തിലും ചില അവ്യക്തതകൾ കാണാം.**

**മൂസാ നബിയുടെ സഹോദരൻ അദ്ദേഹത്തിൻെറ കൂടെ മദ്‌യനിലേക്ക് പോയിരുന്നില്ലല്ലോ. പിന്നെ എങ്ങനെയാണ് അവിടെനിന്ന് തിരിച്ചുവരുമ്പോൾ സീനാ താഴ്‌വരയിൽ ഹാറൂൻ എത്തുന്നത്? അവിടെ ഹാറൂനും ഉണ്ടായിരുന്നുവെന്നാണ് ഖുർആൻ വാക്കിൽനിന്നും മനസ്സിലാവുന്നത് (20:45,46).**



**ഇങ്ങനെ അവ്യക്തത നീക്കുന്നതിന് പകരം വിവരിച്ച സംഭവങ്ങൾ തന്നെ അനേകം തവണ വിവരിക്കുന്നതിലുള്ള യുക്തി എന്താണ്? അഞ്ച് നേരത്തെ നമസ്കാരംപോലും നമ്മൾ അനുഷ്ഠിക്കുംപോലെ ഖുർആൻ വിവരിക്കാതെ ഇത്തരത്തിലുള്ള അനേക ചരിത്ര സംഭവങ്ങൾ ആവർത്തിക്കുന്നത് ദൈവഗ്രന്ഥത്തിന് അനുഗുണമാവുന്നതെങ്ങനെ?**

! വിശുദ്ധ ഖുർആൻ പ്രപഞ്ചനാഥൻെറ ഗ്രന്ഥമാണ്. ഈപ്രപഞ്ചത്തെ വൈവിധ്യപൂർണവും വിസ്മയാവഹവുമായി സൃഷ്ടിച്ച അല്ലാഹു അതേപോലെ വൈവിധ്യങ്ങളും വിസ്മയങ്ങളും നിറഞ്ഞ നിലയിലാണ് തൻെറ ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കുന്ന അതുല്യഗ്രന്ഥവും അവതരിപ്പിച്ചത്. മനുഷ്യർ രചിച്ച ഗ്രന്ഥങ്ങളെപ്പോലെ തന്നെയാകണം ദൈവിക ഗ്രന്ഥം എന്ന് ശഠിക്കുന്നത് നിരർഥകമാകുന്നു. മനുഷ്യരുടെ കൃഷിയിടങ്ങളും മനുഷ്യർ വളർത്തിയതല്ലാത്ത വനങ്ങളും തമ്മിലുള്ള വ്യത്യാസംനോക്കൂ. മനുഷ്യർ കുറെസ്ഥലത്ത് തെങ്ങ്മാത്രം കൃഷിചെയ്യുന്നു. വേറെ കുറെസ്ഥലത്ത് നെൽ വയലുകൾ തന്നെ, അപ്പുറത്താകട്ടെ കുറെ വാഴത്തോപ്പുകൾ മാത്രം. എന്നാൽ അല്ലാഹു വളർത്തിയ കാടിൻെറ ഘടന തികച്ചും വ്യത്യസ്തമാകുന്നു. ഓരോ ചതുരശ്ര മീറ്ററിനുള്ളിലും വൈവിധ്യമാർന്ന ധാരാളം മരങ്ങൾ, ചെടികൾ, വള്ളികൾ. അത്യന്തം മൗലികമായതിനാൽ അപ്പടി നിലനിർത്തണമെന്ന് പരിസ്ഥിതിവാദികൾ ശക്തിയായി ആവശ്യപ്പെടുന്ന ജൈവവൈവിധ്യം. മനുഷ്യർ നിർമിച്ച ഏതെങ്കിലും വയലിനോ എസ്റ്റേറ്റിനോ ഇതുപോലെയുള്ള മൗലികതയോ ജൈവപ്രഭാവമോ ഉണ്ടെന്ന് ഒരു പരിസ്ഥിതിശാസ്തജ്ഞനും പറയുകയില്ല.

മനുഷ്യരുടെ ഗ്രന്ഥങ്ങൾ അവരുടെ എസ്റ്റേറ്റുകൾപോലെ തന്നെയാകുന്നു. ഒട്ടേറെ പേജുകളിൽ ഒരേ വിഷയംതന്നെ ക്രമാനുഗതമായി വിശകലനം ചെയ്യുന്നു. വേറെ വിഷയത്തിന് വേറെ പുസ്തകം. ഈ രീതി നമുക്ക് സൗകര്യപ്രദമായി തോന്നുന്നു എന്നത് ശരിയാണ്. തേയില തോട്ടങ്ങളും റബർ തോട്ടങ്ങളും നമുക്ക് യുക്തമായി തോന്നുന്നതുപോലെതന്നെ. എന്നാൽ ദൈവിക ഗ്രന്ഥം ഇതിൽനിന്ന് വ്യത്യസ്തമായി ഒരു പേജിൽതന്നെ വൈവിധ്യമാർന്ന വിഷയങ്ങൾ അടങ്ങുന്നതാണ്. ഒരു അധ്യായത്തിൽതന്നെ ഭൂതകാല സംഭവങ്ങളും വർത്തമാനകാല ജനതയുടെ സ്വഭാവങ്ങളും പരലോകത്തി

ലെ അനുഭവങ്ങളും കടന്നുവരുന്നു. അതോടൊപ്പംതന്നെ അല്ലാഹുവിൻെറ രക്ഷാശിക്ഷകളെ സംബ്ധിച്ചും അവൻെറ സൃഷ്ടിവൈഭവത്തെ സംബന്ധിച്ചുമുള്ള പ്രതിപാദനങ്ങളുമുണ്ടാകും. സ്ഥലകാല സീമകൾ അതിലംഘിക്കുന്ന, ഭൂതഭാവി വർത്തമാനങ്ങൾ ഇടക്കിടെ മിന്നി മറയുന്ന, ആകാശവും ഭൂമിയും ചക്രവാളങ്ങളും സസ്യജീവജാലങ്ങളും ഇടക്കിടെ പ്രമേയമാകുന്ന അനിതരമായ ഒരു പ്രതിപാദന ശൈലി. അത് തന്നെയാണ് അതിൻെറ മൗലികത.

സൈലൻറ് വാലിയുടെ മൗലികതയെന്താണ്? അത്യന്തം അപൂർവതയും അത്യധികം വൈവിധ്യവുമുള്ള ജന്തുസസ്യ ജാലങ്ങളുടെ അനിതരമായ വിന്യാസമാണ് അതിൻെറ ദൈവികമായ മൗലികതക്ക് നിദാനം. ദൈവ വിശ്വാസികളല്ലാത്തവരുടെ ദൃഷ്ടിയിൽ പ്രകൃതി പരമായ മൗലികത. എന്തായാലും അതിന് പകരംവെക്കാൻ ഒരു എസ്റ്റേറ്റും പര്യാപ്തമാവുകയില്ലെന്ന് എല്ലാവരും അംഗീകരിക്കും. നിത്യഹരിത വനങ്ങളെ സംവിധാനിച്ച ജഗന്നിയന്താവ് തന്നെയാണ് ആശയ വിസ്മയവും ഭാഷാദൃഷ്ടാന്തവുമായ വിശുദ്ധ ഖുർആൻ അവതരിപ്പിച്ചത്. അത് മനുഷ്യരുടെ ആശയ എസ്റ്റേറ്റുകളെപ്പോലെ ആകാത്തതിൽ പരിഭവിച്ചിട്ട് കാര്യമില്ല. നമസ്കാരത്തിലോ അല്ലാതെയോ മനസ്സാന്നിധ്യത്തോടെ വിശുദ്ധ ഖുർആനിൻെറ ഏത് ഭാഗം പാരായണം ചെയ്യുന്നവൻെറ മനസ്സിലേക്കും സീമകളില്ലാത്ത ആശയങ്ങളുടെ മഹാപ്രവാഹം തന്നെ ഉണ്ടാകേണ്ടതിന് പാകത്തിലാണ് വിശുദ്ധ ഖുർആനിലെ ആവർത്തനങ്ങൾ.

മൂസാനബി (അ)യുടെ ചരിത്രം ഒട്ടേറെ അധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, എല്ലായിടത്തും സന്ദർഭം ഒന്നല്ല. ലക്ഷ്യവും വ്യത്യസ്തമാണ്. ചിലപ്പോൾ മാനവരാശിയുടെ മതപരമായ ചരിത്രത്തിലെ ഗതിവിഗതികൾ വിശദമാക്കുന്ന സന്ദർഭത്തിലായിരിക്കും മൂസാ നബി (അ)യുടെ ചരിത്രകഥനം. ചിലപ്പോഴത് ഇസ്രാഈലി സമൂഹത്തിന് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ സംബന്ധിച്ചോ അവരുടെ ചാപല്യങ്ങളെക്കുറിച്ചോ ചർച്ച ചെയ്യുന്ന സന്ദർഭത്തിലായിരിക്കും. ചിലപ്പോൾ ഫറോവയുടെ ധിക്കാരവും ധാർഷ്ട്യവും വ്യക്തമാക്കുന്നതായിരിക്കും സന്ദർഭം. മൂസാ (അ)യുടെ ദൗത്യത്തിൻെറ സവിശേഷതകളിലേക്കായിരിക്കും ചില സന്ദർഭങ്ങളിൽ വെളിച്ചം വീശുന്നത്. അദ്ദേഹത്തിൻെറ ജനനവും മാതാവിന് അല്ലാഹു നൽകിയ ബോധനവുമായിരിക്കും ഒരിടത്ത് പ്രതിപാദ്യം. മറ്റൊരിടത്ത് അദ്ദേഹത്തിൻെറ യൗവനവും അന്നത്തെ ഈജിപ്തിലെ സാമൂഹ്യ സാഹചര്യവും തിരിച്ചുവരവും ചർച്ചാ വിഷയമാകുന്നു. അതിലെല്ലാം അല്ലാഹുവിൻെറ അനുഗ്രഹത്തിൻെറയും ആസൂത്രണത്തിൻെറയും ദൃഷ്ടാന്തങ്ങളുണ്ട്. യാതൊന്നും വൃഥാസ്ഥൂലമായ വിവരണമല്ല.



മൂസാനബി(അ) പ്രാർഥിച്ച ഹിബ്രുവാക്കുകളല്ല, പ്രത്യുത അവയുടെ ചില അംശങ്ങൾ ഖുർആനിൻെറ അമാനുഷിക ഘടനയുടെ മൂശയിൽ വാർത്തെടുത്തതാണ് സൂറത്തു ത്വാഹയിലും ഖസസിലും നാം കാണുന്നത്. അദ്ദേഹം ദീർഘമായി പ്രാർഥിച്ചിട്ടുണ്ടാകാം. ഒന്നിലേറെ തവണ ഒരേ കാര്യത്തിന് വേണ്ടി പ്രാർഥിച്ചിട്ടുണ്ടാകാം. പ്രാർഥനക്ക് അല്ലാഹു നൽകിയ ഉത്തരത്തിൻെറയും ചില അംശങ്ങൾ മാത്രമായിരിക്കാം ഖുർആനിൽ എടുത്തുദ്ധരിച്ചിട്ടുള്ളത്. ഏതായാലും 20, 28 അധ്യായങ്ങളിലെ പരാമർശങ്ങൾ തമ്മിൽ യാതൊരു വൈരുദ്ധ്യവും ഇല്ല. പ്രതിപാദനത്തിലെ വൈവിധ്യം മാത്രമാണുള്ളത്. ഓരോ സന്ദർഭത്തിലും അവിടേക്ക് പ്രസക്തമായ വസ്തുതകളും പദഘടനയും തെരഞ്ഞെടുക്കുന്നതിൽ യാതൊരു അപാകതയുമില്ല.

ഹാറൂൻ (അ) മദ്‌യനിലേക്ക് പോയിരുന്നില്ല എന്നത് ശരിയാണ്. 20:12ൽ ത്വുവാ താഴ്‌വരയിൽ മൂസാനബി (അ) യോട് അല്ലാഹു സംസാരിക്കുമ്പോൾ ഹാറൂൻ (അ) കൂടെയുണ്ടായിരുന്നുവെന്ന് യാതൊരു ഖുർആൻ സൂക്തത്തിൽനിന്നും തെളിയുന്നില്ല. അതിനു ശേഷം അവർ ഇരുവരും സന്ധിച്ചിട്ട് ഫിർഔൻെറ അടുത്തേക്ക് അല്ലാഹുവിൻെറ കൽപനപ്രകാരം പോകാൻ ഒരുങ്ങുന്ന സന്ദർഭത്തിൽ അവർക്ക് നൽകപ്പെട്ട ദിവ്യസന്ദേശമാണ് 20:43-48 വചനങ്ങളിലെ പ്രതിപാദ്യം. 20:12 മുതൽ 36 വരെയുള്ള ത്വുവായിലെ സംഭവ വിവരണങ്ങൾക്കുശേഷം മൂസാ നബി (അ)യുടെ ശൈശവത്തെ സംബന്ധിച്ച ഒരു ഫ്‌ളാഷ് ബാക്ക് കഴിഞ്ഞിട്ടാണ് 43-48 വചനങ്ങൾ വരുന്നത്. ത്വുവായിൽ വെച്ച് ദൗത്യത്തെ സംബന്ധിച്ച് പ്രാഥമികമായ സൂചന നൽകിയശേഷം ദൗത്യനിർവഹണത്തിനായി അവർ പുറപ്പെടേണ്ട സന്ദർഭത്തിൽ നൽകിയ നിർദേശങ്ങളാണ് 43-48 വചനങ്ങളെന്നാണ് സാഹചര്യങ്ങൾ നൽകുന്ന സൂചന. ഈ വചനങ്ങളിൽ അബദ്ധമോ വൈരുദ്ധ്യമോ ഉണ്ടെന്ന്പറയാൻ യാതൊരു തെളിവും ആർക്കും ചൂണ്ടിക്കാണിക്കാനാവില്ല.

# 32

**മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച് ഖുർആനിൽ ഒരിടത്ത് ഇങ്ങനെ പറയുന്നു: 'തീർച്ചയായും മനുഷ്യനെ കളിമണ്ണിൻെറ സത്തയിൽ നിന്ന് നാം നൃഷ്ടിച്ചിരിക്കുന്നു' (23:12). ഇതേകാര്യം 76-ാം അധ്യായത്തിൽ പറയുന്നത് ഇപ്രകാരമാണ്. 'കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു'. ഇവ രണ്ടും പരസ്പരവിരുദ്ധമല്ലേ? ദൈവിക ഗ്രന്ഥത്തിൽ എങ്ങനെ ഈ വൈരുദ്ധ്യം കടന്നു കൂടി?**

! ആദ്യത്തെ മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നാണ്. ആദിമനുഷ്യനെ സംബന്ധിച്ചിടത്തോളം പിതാവിൻെറ ബീജമോ മാതാവിൻെറ അണ്ഡമോ ഉണ്ടാവില്ലല്ലോ. ആദിമനുഷ്യൻെറ ഇണയെ സൃഷ്ടിച്ചത് അദ്ദേഹത്തിൻെറ തന്നെ സത്തയിൽ നിന്നാണ്. അത് സംബന്ധിച്ച് ഖുർആനിൽ കൂടുതൽ വിശദീകരിച്ചിട്ടില്ല. അതിന് ശേഷമുള്ള എല്ലാ മനുഷ്യരെയും (ഈസാ നബി(അ) ഒഴികെ) അല്ലാഹു സൃഷ്ടിച്ചത് കൂട്ടിച്ചേർന്ന ബീജത്തിൽ നിന്നാകുന്നു. ഈ കാര്യം ഖുർആനിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

'മനുഷ്യരേ, നിങ്ങളെ ഒരേ സത്തയിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽനിന്ന് തന്നെ അതിൻെറ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ'(വി.ഖു. 4:1).

'താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കിയവനത്രെ അവൻ. മനുഷ്യൻെറ സൃഷ്ടി കളിമണ്ണിൽ നിന്ന് അവർ ആരംഭിച്ചു. പിന്നെ അവൻെറ സന്തതിയെ നിസ്സാരമായ ഒരു ദ്രാവകത്തിൻെറ സത്തിൽ നിന്ന് അവൻ ഉണ്ടാക്കി' (വി.ഖു. 32:7,8).

മണ്ണിലെ ജലാംശവും ധാതുലവണങ്ങളും തന്നെയാണ് എല്ലാ മനുഷ്യരുടെയും ശരീരത്തിലുള്ളത്. ഭൂമിയിൽ ഭൗതികവസ്തുക്കൾ നിശ്ചിത അളവിൽ സംയോജിപ്പിച്ചിട്ട് അതിൽ ആത്മാവ് സന്നിവേശിപ്പിച്ചുകൊണ്ടാണ് വിസ്മയങ്ങളിൽ വിസ്മയമായ മനുഷ്യാസ്തിത്വം അല്ലാഹു സംവിധാനിച്ചത്. വിവിധ ശാസ്ത്രശാഖകൾ



അതിൻെറ പല വിശദാംശങ്ങളും അനാവരണം ചെയ്തിട്ടുണ്ട്. മനുഷ്യനെ കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചുവെന്ന് പറഞ്ഞത് ഈ അർഥത്തിലും ശരിയാകുന്നു. അപ്പോൾ മനുഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ച ഖുർആനിക പരാമർശങ്ങളിൽ വൈരുദ്ധ്യമില്ലെന്ന് വ്യക്തമാകുന്നു. കളിമണ്ണിൽനിന്ന് സൃഷ്ടിച്ചുഎന്നതും ബീജത്തിൽനിന്ന് സൃഷ്ടിച്ചു എന്നതും ആപേക്ഷിക സത്യങ്ങളാകുന്നു.

# 33

**ദൈവിക ഗ്രന്ഥമെന്ന് അവകാശപ്പെടുന്ന പരിശുദ്ധ ഖുർആനിൽ സൂറഃ അൽ ബഖറ 233-ാം വചനത്തിൽ മാതാക്കൾ തങ്ങളുടെ കുട്ടികൾക്ക് രണ്ടു വർഷം മുലകൊടുക്കാൻ കൽപിക്കുന്നു. ഇതേകാര്യം സൂറഃ ലുഖ്മാനിലെ 14-ാം വചനത്തിലും കാണാം. എന്നാൽ സുറഃ അഹ്ഖാഫ് 15-ാം വചനത്തിൽ മാതാവ് ഗർഭം ചുമന്നകാലവും മുലകുടി നിർത്തലും കൂടി മുപ്പത് മാസമാകുന്നു എന്ന് പറയുന്നു. മുലകുടി പ്രായം 24 മാസം കഴിഞ്ഞാൽ ഗർഭം '6' മാസമോ? ഇത് ആശയവൈരുദ്ധ്യമല്ലേ?**

! "മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ടുകൊല്ലം മുലകൊടുക്കേണ്ടതാണ്. (കുട്ടിയുടെ) മുലകുടി പൂർണമാക്കണമെന്ന് ഉദ്ദേശിക്കുന്നവർക്കത്രെ ഇത്" (വി.ഖു. 2:235). എല്ലാ മാതാക്കളും എല്ലാ കുട്ടികൾക്കും നിർബന്ധമായി 24 മാസം മുലയൂട്ടണം എന്ന കൽപനയല്ല ഈ വാക്യം. പ്രത്യുത, മുലയൂട്ടൽ പൂർണമായ അളവിൽ നിർവഹിക്കാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടത് രണ്ടു വർഷം തികച്ച് മുലയൂട്ടുകയാണ് എന്ന നിർദേശമാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. രണ്ടുവർഷം തികയുന്നതിന് രണ്ടോ മൂന്നോ മാസം മുമ്പ് മുലകുടി നിർത്താൻ ഒരു മാതാവ് തീരുമാനിച്ചാൽ അത് കുറ്റകരമാവില്ലെന്ന് തന്നെയാണ് പ്രസ്തുത വാക്യത്തിൻെറ സൂചന.

46:15 വചനത്തിൽ പരാമർശിക്കുന്നത് ഒരു മുസ്ലിം സ്ത്രീ തൻെറ കുഞ്ഞിന് എത്രകാലം മുലയൂട്ടണം എന്ന വിഷയത്തെക്കുറിച്ചല്ല. ഓരോ മനുഷ്യനും തൻെറ മാതാവിനോടുള്ള കടപ്പാടുകളുടെ അടിസ്ഥാനമാണ് അവിടത്തെ പ്രതിപാദ്യം. ഗർഭകാലത്തും മുലയൂട്ടൽ കാലത്തും തനിക്കുവേണ്ടി മാതാവ് അനുഭവിച്ച ക്ലേശങ്ങൾ ഒരാ

ളും വിസ്മരിക്കരുത് എന്ന് ഉപദേശിക്കുന്ന സന്ദർഭത്തിലാണ് മാതാവിനെ പൂർണമായി ആശ്രയിച്ചിരുന്ന കാലയളവ് എന്ന നിലയിൽ മുപ്പതുമാസത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്.

ഒരുകുഞ്ഞ് ജീവനോടെ ജനിക്കാൻ ഏറ്റവും ചുരുങ്ങിയ സാധ്യതയുള്ളത് ഗർഭകാലം ആറുമാസമാകുമ്പോഴാണ്. എട്ട് മാസത്തിനും പത്തുമാസത്തിനുമിടയിലാണ് അധികപ്രസവവും നടക്കുന്നത്. മുലകുടി നിർത്തൽ അധികവും നടക്കുന്നത് 20-25 മാസങ്ങൾക്കിടയിലാണ്. വളരെ കണിശമല്ലാത്ത ഈ രണ്ട് കാലയളവുകളെ സംബന്ധിച്ച് മൊത്തമായി പ്രതിപാദിക്കവെ മുപ്പതുമാസം എന്ന് പറഞ്ഞതിൽ യാതൊരു അപാകതയുമില്ല. ഒരുമാസത്തിൽ 28 മുതൽ 31വരെ ദിവസങ്ങൾ ഉണ്ടാകാമെങ്കിലും സാമാന്യമായി ഒരു മാസം മുപ്പത് ദിവസമാകുന്നു എന്നാണല്ലോ നാം പറയാറുള്ളത്. ഗണിതശാസ്ത്രത്തിൽതന്നെ സ്വീകാര്യമായ ഈ സമ്പ്രദായത്തിന് 'അപ്രോക്സിമേഷൻ' എന്ന് പറയുന്നു. ഇതനുസരിച്ച് ഇരുപത്തെട്ടോ, ഇരുപത്തൊമ്പതോ, മുപ്പതോ, മുപ്പത്തിരണ്ടോ മാസങ്ങൾ ആകാവുന്ന കാലയളവിനെക്കുറിച്ച് സാമാന്യമായി മുപ്പത് മാസം എന്ന് പറയുന്നത് തികച്ചും സാധുതയുള്ള പ്രയോഗമാകുന്നു.

# 34

**"ഹേ, മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. തീർച്ചയായും അല്ലാഹുവിൻെറ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (വി.ഖു. 49:13).**

**"പങ്കാളികളുടെ ജീനുകൾ കൂട്ടിച്ചേർത്ത് സ്വവർഗപ്രേമികൾക്കും അച്ഛനമ്മമാർ ആകാമെന്ന് അമേരിക്കയിലെ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നു. ഒരു സ്ത്രീയുടെ ശരീരത്തിൽനിന്ന് കൃത്രിമബീജം ഉൽപാദിപ്പിച്ചെടുത്ത് മറ്റേ സ്ത്രീയുടെ അണ്ഡവുമായി കൂട്ടിച്ചേർത്താണ് ശാസ്ത്രജ്ഞർ പരീക്ഷണം നടത്തിയത്. ഒരുകോശത്തിൽനിന്ന് ജനിത ഘടകം**



**വേർതിരിച്ചെടുത്ത് അത് അണ്ഡത്തിലേക്ക് കടത്തിവിടുകയാണ് രീതി" (മലയാള മനോരമ 10--3-02- ഞായറാഴ്ച 'ആയുരാരോഗ്യം' പംക്തിയിൽനിന്ന്). ഇതുപോലെ ക്ലോണിംഗിലൂടെ മനുഷ്യഭ്രൂണം സൃഷ്ടിച്ചെടുത്തതായും പിന്നീട് അത് നശിച്ചുപോയതായുമുള്ള വ്യത്യസ്ത വാർത്തകൾ ഈയിടെ പത്രത്തിൽ കണ്ടു. ഇത്തരം കാര്യങ്ങൾ സംഭവ്യമാവുന്നത് മുകളിൽ കൊടുത്ത വി.ഖുർആൻ വാക്യത്തിന് വിരുദ്ധമല്ലേ?**

! ചരിത്രാതീതകാലം മുതൽ ഇന്നുവരെയും ദൈവിക വ്യവസ്ഥപ്രകാരം പുരുഷബീജവും സ്ത്രീയുടെ അണ്ഡവും ചേർന്നാണ് മനുഷ്യൻ ഉണ്ടായത്. ഇനിയും ലോകാവസാനംവരെ അത് തുടരുകയും ചെയ്യും. ഇതാണ് സൃഷ്ടികർത്താവ് നിശ്ചയിച്ച പ്രകൃതി വ്യവസ്ഥ. സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ സ്വവർഗപ്രേമികളായ ചില മനുഷ്യരും ഉണ്ടായിരുന്നു. ദാമ്പത്യജീവിതം നയിക്കാൻ പറ്റുന്ന ശാരീരികഘടന ഉണ്ടായിട്ടും പ്രകൃതിവിരുദ്ധമായ മാർഗം സ്വയം തെരഞ്ഞെടുത്തവർ. സ്ത്രീപുരുഷന്മാരെ ഇണകളായി ദൈവം സൃഷ്ടിച്ചു എന്ന് വേദഗ്രന്ഥങ്ങളിൽ പറഞ്ഞത് തെറ്റാണെന്ന് ഈ 'കൂട്ടം തെറ്റിമേയുന്ന'വരെ ചൂണ്ടിക്കാണിച്ച് ആരും ഇതുവരെ പറഞ്ഞുകേട്ടിട്ടില്ല. പ്രകൃതിപരവും ന്യായവുമായ മാർഗം സ്വീകരിച്ച് അതിൻെറ സൽഫലങ്ങൾ അനുഭവിക്കാൻ ദൈവം മനുഷ്യന് അവസരം ഒരുക്കിയതുപോലെ പ്രകൃതിവിരുദ്ധമായ മാർഗം സ്വീകരിച്ച് അതിൻെറ ദുഷ്ഫലങ്ങൾ അനുഭവിക്കാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്.

പ്രകൃതിവിരുദ്ധമായ മാർഗങ്ങൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് മാത്രമെ ദൈവം നൽകിയിട്ടുള്ളൂ. "തെളിഞ്ഞുനിൽക്കുന്ന രണ്ട് പാതകൾ അവന് നാം കാട്ടിക്കൊടുക്കുകയും ചെയ്തിരിക്കുന്നു" (വി.ഖു. 90:10) എന്ന സൂക്തത്തിൻെറ പരിധിയിൽ വരുന്നതാണ് ഇത്. പ്രകൃതിപരമായതിൻെറ മൗലികതയും പ്രകൃതിവിരുദ്ധമായതിൻെറ അപാകതയും തിരിച്ചറിയാൻ പര്യാപ്തമായ വിശേഷബുദ്ധിയും ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. പക്ഷേ, ആ വിശേഷ ബുദ്ധി ശരിയായി ഉപയോഗപ്പെടുത്താതെ, പ്രകൃതിയിൽ തെറ്റായ ഇടപെടൽ നടത്താൻ മനുഷ്യർ ഉദ്യമിക്കുമെന്നും അതിന് പ്രേരകം പൈശാചിക ദുർബോധനമായിരിക്കുമെന്നും വിശുദ്ധ ഖുർആനിൽ (4:119) വ്യക്തമാക്കിയിട്ടുണ്ട്. പിശാച് പറഞ്ഞ വാക്കുകൾ അല്ലാഹു ഉദ്ധരിക്കുന്നു: "ഞാൻ അവരോട് കൽപിക്കുമ്പോൾ അല്ലാഹുവിൻെറ

സൃഷ്ടി (പ്രകൃതി)യെ അവർ അലങ്കോലപ്പെടുത്തും".

കൃത്രിമ ബീജസങ്കലനം, ജനിതക പരിഷ്കരണം, ക്ലോണിംഗ് തുടങ്ങിയ പല മാർഗങ്ങളിലൂടെയും ജൈവപ്രകൃതിയിൽ മനുഷ്യർ മാറ്റത്തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ അവർ ഉണ്ടാക്കിയെടുത്തതിനൊന്നും ദൈവം സൃഷ്ടിച്ചതിൻെറ തനിമയുടെ അടുത്തെത്താൻപോലും കഴിഞ്ഞിട്ടില്ല എന്നത് ജീവശാസ്ത്രവും പരിസ്ഥിതിശാസ്ത്രവും അംഗീകരിക്കുന്ന അനിഷേധ്യസത്യമാകുന്നു. അത്യുൽപാദനശേഷിയോ കീട പ്രതിരോധ ശേഷിയോ മോഹിച്ച് ജനങ്ങൾ സങ്കര വിത്തിനങ്ങളും ജനിതക പരിഷ്കരണം വരുത്തിയ (ജി.എം) വിത്തിനങ്ങളും മാത്രം കൃഷിക്ക് ഉപയോഗിച്ചാൽ ദൈവം നമുക്കുവേണ്ടി ഒരുക്കിയ ജൈവവൈവിധ്യം എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകുമോ എന്നതാണ് ഇപ്പോൾ പരിസ്ഥിതി പ്രശ്നം. ക്ലോണിംഗ്, ചോദ്യത്തിൽ വിവരിച്ചതുപോലുള്ള ജനിറ്റിക് എഞ്ചിനീയറിംഗ് എന്നീ മാർഗങ്ങളിലൂടെ വികസിപ്പിച്ചെടുക്കപ്പെടുന്ന ജന്തുക്കൾ സൃഷ്ടിച്ചേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും ശാസ്ത്ര-സാമൂഹ്യശാസ്ത്ര മേഖലകളിലെ പ്രമുഖർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. ദൈവം സൃഷ്ടിച്ച യാതൊന്നിനെ സംബന്ധിച്ചും ഇതുപോലെ മനുഷ്യർ ആശങ്കാകുലരാകേണ്ടിവരുന്നില്ല. ജൈവ പ്രകൃതിയെക്കുറിച്ചും മനുഷ്യരുടെ പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും ശരിയായ വസ്തുതകൾ വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കെ ദൈവിക ഗ്രന്ഥത്തിൻെറ വിശ്വാസ്യതക്ക് വിരുദ്ധമായ യാതൊന്നും ഈ റിപ്പോർട്ടുകളിൽ ഇല്ലെന്ന് വ്യക്തമാകുന്നു.

# 35

**രാപകലുകളുണ്ടാകുന്നത് ഭൂമി സ്വയംകറങ്ങുന്നതുകൊണ്ടാണെന്നോ, ഭൂമി ഒരു ഗോളമാണെന്നോ ഖുർആനിലും ബൈബിളിലും മറ്റു മതഗ്രന്ഥങ്ങളിലും പറയുന്നില്ല. നബിക്കുശേഷം 900 വർഷങ്ങൾ പിന്നിടേണ്ടിവന്നു ഈ സത്യം കണ്ടെത്താൻ. ഭൂമി പരന്നതാണെന്ന് പ്രവാചകന്മാർ പ്രബോധനം ചെയ്തപ്പോൾ അല്ലാഹു എന്തുകൊണ്ട് ആ തെറ്റ് തിരുത്തിക്കൊടുത്തില്ല? സഹാബികളുടെ കുടുംബ പ്രശ്നങ്ങൾപോലും ഖുർആനിൽ ചർച്ചാവിഷയമാണുതാനും. അല്ലാഹുവും നബിയും തമ്മിൽ**



**യാതൊരു ബന്ധവുമില്ലെന്നല്ലേ ഇത് തെളിയിക്കുന്നത്? മീഡിയേറ്ററായ ജിബ്രീൽ എന്ന മലക്കിനെങ്കിലും ഇക്കാര്യം പറഞ്ഞുകൊടുക്കാമായിരുന്നില്ലേ? ഈ ഒരൊറ്റ കാരണം പോരേ ഞങ്ങൾ യുക്തിവാദികളുടെ വാദമാണ് ശരിയെന്ന് തെളിയിക്കാൻ?**

! സൂര്യൻ നമ്മുടെ കിഴക്കുഭാഗത്ത് ഉദിക്കുകയും പടിഞ്ഞാറു ഭാഗത്ത് അസ്തമിക്കുകയും ചെയ്യുന്നു എന്നത് സത്യമാണോ? ഭൂമി സ്വയം കറങ്ങുന്നതിനാൽ സൂര്യൻ ചക്രവാളങ്ങളിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതായി നമുക്ക് തോന്നുകയാണ്; യഥാർഥത്തിൽ സൂര്യൻ സ്വന്തം നിലയിൽ ഉദിക്കുകയോ അസ്തമിക്കുകയോ ചെയ്യുന്നില്ല എന്നതല്ലേ സത്യം? ഭൂമിയിലെ നിരീക്ഷകർക്കെല്ലാം അനുഭവപ്പെടുന്നത് എന്ന നിലയിൽ ആദ്യം പറഞ്ഞത് സത്യമാണ്. എന്നാൽ പ്രാപഞ്ചിക വിശകലനത്തിൽ രണ്ടാമതു പറഞ്ഞതാണ് സത്യം. പാഠപുസ്തകങ്ങളിലും പണ്ഡിതന്മാരുടെ രചനകളിലുമെല്ലാം ഈ രണ്ട് സത്യങ്ങളും പരാമർശിക്കപ്പെടാറുണ്ട്. എന്നാൽ 'ദൈവം സൂര്യനെ കിഴക്ക് ഉദിപ്പിക്കുന്നു' എന്ന് വേദഗ്രന്ഥത്തിൽ പറഞ്ഞാൽ അത് ദൈവത്തിൻെറയോ പ്രവാചകന്റെയോ വിവരക്കേടാണെന്ന് പറയുന്നത് ന്യായമാണോ?അല്ല! മനുഷ്യർക്ക് ആപേക്ഷികമായി അനുഭവപ്പെടുന്ന കാര്യങ്ങളും ആത്യന്തിക സത്യങ്ങളുമെല്ലാം ദൈവം മനുഷ്യർക്ക് വ്യക്തമാക്കിക്കൊടുക്കുന്നതിന് പ്രസക്തിയുണ്ട്.

സോവിയറ്റ് യൂണിയനിൽ പ്രസിദ്ധീകരിച്ച് കേരളത്തിൽ വ്യാപകമായി വിതരണംചെയ്ത 'ഭൗതിക കൗതുകം' (by പെരൽമാൻ)എന്ന ഗ്രന്ഥത്തിൽ, ഭൂമിയുടെ പരപ്പും ഗോളാകൃതിയും ഒരുപോലെ ആപേക്ഷിക സത്യങ്ങളാണെന്ന് ഉദാഹരണങ്ങൾസഹിതം വ്യക്തമാക്കിയിട്ടുണ്ട്.

വിശുദ്ധ ഖുർആൻ ഭൂമിശാസ്ത്ര ഗ്രന്ഥമോ ഗോളശാസ്ത്ര ഗ്രന്ഥമോ അല്ല. ഖുർആനിൽ ഭൗതികപ്രതിഭാസങ്ങളെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളത് മനുഷ്യർക്ക് ദൈവംനൽകിയ അപാരമായ അനുഗ്രഹങ്ങളെ സംബന്ധിച്ച് അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയാ ണ്. ഈ അനുഗ്രഹങ്ങൾ സാക്ഷരർക്കും നിരക്ഷരർക്കും ഗ്രാമീണർക്കും നഗരവാസികൾക്കും പ്രാചീനർക്കും ആധുനികർക്കും ഒരുപോലെ ബോധ്യപ്പെടുന്നതായിരിക്കണം. മനുഷ്യർക്ക് വീടുണ്ടാക്കാനും

കൃഷി ചെയ്യാനും വാഹനമോടിക്കാനും പാകത്തിൽ ഭൂമിയെ വിതാനിച്ചത് എല്ലാവർക്കും ബോധ്യപ്പെടുന്ന കാര്യമാണ്. ഇതിനെ സംബന്ധിച്ച് സൂക്ഷ്മമായി ചിന്തിക്കുന്നവർക്കെല്ലാം ഇതിലുള്ള ദൈവിക ദൃഷ്ടാന്തങ്ങൾ അഥവാ ദിവ്യാനുഗ്രഹത്തിന്റെ തെളിവുകൾ ഗ്രാഹ്യമാകും.

ഭൂമി പരന്നതാകുന്നു എന്നൊരു പ്രസ്താവം വിശുദ്ധ ഖുർആനിലില്ല. 'ഭൂമിയെ നിങ്ങൾക്ക് വേണ്ടി മെത്തയാക്കി', 'ഭൂമിയെ നിങ്ങൾക്ക് തൊട്ടിലാക്കി', 'ഭൂമി എങ്ങനെയാണ് പരത്തപ്പെട്ടിട്ടുള്ളതെന്ന് (നോക്കൂ)' എന്നൊക്കെയാണ് ഖുർആനിലെ പരാമർശങ്ങൾ. അതിവേഗം കറങ്ങുന്ന ഒരു ഗോളമായിരിക്കെതന്നെ ഭൂമിയുടെ പ്രതലം ജനങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും വിശാലമായ സൗകര്യമുള്ളതായി സംവിധാനിച്ച വിധാതാവിനോട് സൃഷ്ടികൾ നന്ദികാണിക്കേണ്ടതിൻെറ ആവശ്യകതയാണ് ഈ വാക്യങ്ങളിലൂടെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്.

ഇതോടൊപ്പംതന്നെ ഭൂമി ഗോളമാണെന്ന് സൂചിപ്പിക്കുന്ന പലവാക്യങ്ങളും ഖുർആനിലുണ്ട്. ഒന്ന്, "രാത്രിയെ അവൻ പകലിനുമേൽ ചുറ്റിക്കുന്നു. പകലിനെ അവൻ രാത്രിമേലും ചുറ്റിക്കുന്നു"(39:5). ഗോളം എന്നർഥമുള്ള കൂറഃ, കുറഃ എന്നീ പദങ്ങളും ഈ വാക്യത്തിൽ പ്രയോഗിച്ച 'കവ്വ്റ'യും ഒരേ പദധാതുവിൽനിന്ന് നിഷ്പാദിതമായിട്ടുള്ളവയത്രെ. 'കവ്വ്റ' എന്ന പദത്തിന് Hands Wehr Ara bic English Dictionary യിൽ നൽകിയ അർഥങ്ങളുടെ കൂട്ടത്തിൽ roll into a ball, to make ball shaped എന്നും കാണാം. പരന്ന ഭൂമിയിൽ രാപകലുകൾ മാറിമാറി വരുന്നതിനെ സംബന്ധിച്ച് വിവരിക്കാൻ 'പന്തുപോലെ കറങ്ങുന്നതാക്കുക' എന്നർഥമുള്ള ഒരു പദം ഉപയോഗിക്കുന്നതിന് പ്രസക്തിയില്ല. രണ്ട്, മശ്രിഖ് (ഉദയസ്ഥാനം), മഗ്രിബ് (അസ്തമയ സ്ഥാനം) എന്നീ പദങ്ങൾ ഏകവചനമാ യും (2:115), ദ്വിവചനമായും (55:17), ബഹുവചനമായും (70:40) വിശുദ്ധ ഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. ഒരു പരന്ന പ്രതലത്തിൽ സൂര്യൻ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്യുന്നതായി ധരിച്ച ഒരാൾ ഇങ്ങനെ മൂന്ന് വിധത്തിൽ പ്രയോഗിക്കാൻ ഒരു ന്യായവുമില്ല. രണ്ട് അർധഗോളങ്ങളിലും ഭൂഗോളത്തിൻെറ വിവിധ ഭാഗങ്ങളിലും അനുഭവപ്പെടുന്ന ഉദയാസ്തമനങ്ങളെ സംബന്ധിച്ച ശരിയായ ധാരണയാണ് ഈ വൈവിധ്യമാർന്ന പദപ്രയോഗങ്ങൾക്ക് നിദാനം.



ഗലീലിയോക്ക് മുമ്പ് ആരും ഭൂമി ഒരു ഗോളമാണെന്ന് പറഞ്ഞിട്ടില്ല എന്നൊരു അബദ്ധധാരണ ലോകത്ത് എങ്ങനെയോ പ്രചരിച്ചിട്ടുണ്ട്. യഥാർഥത്തിൽ മുഹമ്മദ് നബി (സ)ക്ക് മുമ്പുതന്നെ ഭൂമിയുടെ ഗോളാകൃതി സംബന്ധിച്ച് പ്രകൃതിശാസ്ത്രജ്ഞർക്ക് ധാരണയുണ്ടായിരുന്നു. 365 1/4 ദിവസമുള്ള സൗരകലണ്ടർ പ്രാചീനകാലത്ത് പലരും ഗണിച്ചിരുന്നു. ഭൂമി സൂര്യന്ചുറ്റും ഒരു പ്രദക്ഷിണം പൂർത്തിയാക്കാനെടുക്കുന്ന സമയമാണല്ലോ ഒരു സൗരവർഷം. പരന്ന ഭൂമിയെ സംബന്ധിച്ച ധാരണയനുസരിച്ച് അത്ര കണിശമായി സൗരവർഷം ഗണിക്കുക സാധ്യമേ അല്ല. നൈൽ നദിയിൽ പരമാവധി ജലനിരപ്പ് ഉയരുന്ന രണ്ട് ദിവസങ്ങൾ നിരീക്ഷിച്ചിട്ട് അവ തമ്മിലുള്ള അകലം കണക്കാക്കിയാണ് ടോളമിയും മറ്റും കണിശമായ സൗരവർഷം ഗണിച്ചതെന്ന് ഗോർഡൻ ചൈൽഡ് എഴുതിയിട്ടുണ്ട്. വെള്ളപ്പൊക്കം നിരീക്ഷിച്ചിട്ട് 365 1/4 എന്ന സൂക്ഷ്മ സംഖ്യയിൽ എത്തി എന്ന കഥ വിശ്വസിക്കാൻ വളരെ പ്രയാസമാണ്. എന്നാൽ ജൂലിയൻ കലണ്ടറിൽ സൗരവർഷം കണിശമായി ഗണിച്ചത് ഏത് നദിയിലെ വെള്ളപ്പൊക്കത്തെ ആധാരമാക്കിയാണെന്ന് ആരും എഴുതിക്കണ്ടിട്ടില്ല. ഭൂമിയെ ഒരു ഗോളമായികണ്ടുകൊണ്ടുള്ള ജ്യാമിതീയ ഗണനയിലൂടെ മാത്രമെ സൗരവർഷം കണിശമായി കണക്കാക്കാൻ കഴിയൂ എന്നാണ് ഈ ലേഖകൻ കരുതുന്നത്.

ആദ്യകാല മുസ്ലിംകളിൽ പലരും ഭൂമി ഒരു ഗോളമാണെന്ന ധാരണയുള്ളവരായിരുന്നു. A History of Astronomy from Thales to Kepler എന്ന ഗ്രന്ഥത്തിൽ Ile Dreyar എഴുതിയത് നോക്കുക: "പ്രപഞ്ചവുമായി തുലനം ചെയ്യുമ്പോൾ വളരെ ചെറിയ പരിമാണം മാത്രമുള്ള ഒരു ഗോളമാണ് ഭൂമിയെന്ന വസ്തുത ഏതോവിധത്തിൽ അറേബ്യൻ പണ്ഡിതന്മാർക്കിടയിൽ അനിഷേധ്യമായ സ്വീകാര്യത നേടിക്കഴിഞ്ഞിരുന്നു. ജ്യോതിശാസ്ത്രത്തിൻെറ ഉദ്ഗതിയെത്തുടർന്ന് അവർക്കിടയിൽ ആദ്യമായി നടത്തപ്പെട്ട ശാസ്ത്രീയ സംരംഭം ഭൂമിയുടെ വലുപ്പം (ചുറ്റളവും വ്യാസവും) നിർണയിക്കുകയായിരുന്നു. പാൽമിറാ സമതലത്തിൽ ഖലീഫാ മാമൂൻെറ ഉത്തരവു പ്രകാരമാണ് അത് നടന്നത്". നബി (സ)ക്ക് ശേഷം 200 വർഷത്തിനുള്ളിലാണ് ഈ സംഭവം.

# 36

**"ഇവർ ഇതുവരെ (പ്രാർഥനാ വേളയിൽ) തിരിഞ്ഞു നിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചുവിട്ട കാരണമെന്താണെന്ന് മൂഢന്മാരായ ആളുകൾ ചോദിച്ചേക്കും. (നബിയേ) പറയുക: അല്ലാഹുവിൻേറതുത ന്നെയാണ് കിഴക്കും പടിഞ്ഞാറുമെല്ലാം. അവനുദ്ദേശിക്കുന്നവരെ അവൻ നേരായ മാർഗത്തിലേക്കു നയിക്കുന്നു" (2:142).**

**നമ്മൾ തുടർന്നുപോരുന്ന ഒരു കാര്യത്തിൽ വല്ല മാറ്റവും വരുത്തു മ്പോൾ കാരണമന്വേഷിക്കുക സ്വാഭാവികമാണല്ലോ. മുകളിൽ കൊടുത്ത വചനത്തിൽ ഖിബ്‌ല മാറ്റത്തെക്കുറിച്ച് അന്വേഷിക്കുന്ന ആളുകളെ മൂഢന്മാർ എന്നാണല്ലോ ഖുർആൻ സംബോധന ചെയ്യുന്നത്. ഇത് ശരിയാണോ?**

! അത്യുന്നതനും ആകാശഭൂമികളുടെ സ്രഷ്ടാവുമായ അല്ലാഹുവോ ട് പ്രാർഥിക്കുന്നവർ ഏത് ഭാഗത്തേക്ക് തിരിയണം എന്നത് വളരെ നിർണായകമായ കാര്യമല്ല. എല്ലാ ദിക്കുകളുടെയും സ്രഷ്ടാവിന് ഒരു പ്രത്യേക ദിക്കിനോട് പ്രത്യേക വിരോധമോ പ്രത്യേക താൽപര്യ മോ ഉണ്ടാവുകയില്ല. എന്നാൽ, മുസ്‌ലിംകളുടെ വ്യവസ്ഥാപിത പ്രാർഥനയ്ക്ക്, അഥവാ നമസ്കാരത്തിന് ഐകരൂപമുണ്ടാകാൻ ഒരു ദിശ നിശ്ചയിച്ചേ തീരൂ.

മസ്ജിദുൽ ഹറാം ഇബ്രാഹിം നബി(അ) സ്ഥാപിച്ച ആരാധനാല യമാണെങ്കിലും ഖുറൈശികൾ അത് ബഹുദൈവാരാധനയുടെ കേന്ദ്രമാക്കി മാറ്റിയിരുന്നു. ഖുറൈശികളാകട്ടെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഉന്മൂലനം ചെയ്യാൻ കോപ്പുകൂട്ടുന്നവരുമായിരുന്നു. അതുകൊണ്ടായിരിക്കാം അപ്പോഴും ശിർക്കിൻെറ കേന്ദ്രമാക്കപ്പെട്ടി ട്ടില്ലാത്ത മസ്ജിദുൽ അഖ്സയിലേക്ക് തിരിഞ്ഞു നമസ്കരിക്കാൻ മുസ്‌ലിംകൾക്ക് കൽപന ലഭിച്ചത്. എന്നാൽ, മക്കാനിവാസികളിൽ ഗണ്യമായ ഒരു ഭാഗം ഇസ്‌ലാം സ്വീകരിക്കുകയും മസ്ജിദുൽ ഹറാം ശിർക്കിൽനിന്ന് മുക്തമാക്കപ്പെടാൻ സാധ്യത തെളിയുകയും ചെയ് തപ്പോൾ മുസ്‌ലിംകൾ അങ്ങോട്ടുതിരിഞ്ഞു നമസ്കരിക്കാൻതന്നെ അല്ലാഹു കൽപിക്കുകയും ചെയ്തു. ഇബ്രാഹീമീമാർഗം പിന്തുടരു ന്ന മുസ്‌ലിംകൾ അദ്ദേഹം സ്ഥാപിച്ച മസ്ജിദിൻെറ നേർക്ക്



തിരിഞ്ഞുനിന്ന് നമസ്കരിക്കുന്നതിൻെറ പ്രസക്തി ആർക്കും വ്യക്തമാണ്. ഇതൊക്കെ അറിയാമെങ്കിലും വെറുതെ ആശയക്കുഴപ്പ മുണ്ടാക്കാനും കാര്യബോധമില്ലാത്തവരെ ഇസ്‌ലാമിൽനിന്ന് അകറ്റാനുംവേണ്ടി കുതർക്കം നടത്തിയിരുന്നവരെയാണ് ഈ സൂക്തത്തിൽ മൂഢന്മാർ എന്ന് വിശേഷിപ്പിച്ചത്.

# ഇസ്‌ലാമും
# വിമർശനങ്ങളും

# 37

**ഭൗതിക നിയമമനുസരിച്ചാണല്ലോ അടിമവ്യാപാരവും വെപ്പാട്ടി സമ്പ്രദായവും ആധുനികലോകം നിരോധിച്ചത്. മദ്യം നിരോധിച്ചതുപോലെ പടിപടിയായെങ്കിലും ഇക്കാര്യങ്ങൾ നിരോധിക്കാത്തതുകൊണ്ട് മറ്റുള്ള നിയമങ്ങൾ ലോകാവസാനംവരെ നിലനിൽക്കണമെന്നും, ഭേദഗതി പാടില്ലെന്നും വാദിക്കുന്നതുപോലെ ഇവയും നിലനിർത്തണമെന്ന് പറയാത്തതെന്തുകൊണ്ടാണ്? അടിമ വ്യാപാരവും വെപ്പാട്ടി സമ്പ്രദായവും ഭൂപ്രഭുത്വവും നിലനിർത്തിക്കൊണ്ടെങ്ങനെ ഒരു ചൂഷണ വിമുക്തമായ രാഷ്ട്രം കെട്ടിപ്പടുക്കാൻ കഴിയും?**

! ഇസ്‌ലാം അടിമത്തം സൃഷ്ടിച്ചിട്ടില്ല. സ്വതന്ത്രരായ മനുഷ്യരെയൊന്നും അടിമകളാക്കാൻ ഇസ്‌ലാം അനുവദിച്ചിട്ടുമില്ല. യുദ്ധത്തടവുകാരെപോലും നിരുപാധികം വിട്ടയക്കുകയോ മോചനദ്രവ്യം വാങ്ങി മോചിപ്പിക്കുകയോ ചെയ്യാനാണ്-അടിമകളാക്കാനല്ല-ഖുർആനിൽ (47:4) നിർദേശിച്ചിട്ടുള്ളത്. എന്നാൽ മുസ്‌ലിം യുദ്ധത്തടവുകാരെ ശത്രുക്കൾ അടിമകളാക്കി മാറ്റിയിരുന്നതിനാൽ മുസ്‌ലിംകൾക്കും തത്തുല്യമായ നടപടി സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. അവരെപോലും അടിമയെന്ന് വിളിക്കാതെ ഭൃത്യൻ, ഭൃത്യ എന്നിങ്ങനെ വിശേഷിപ്പിക്കാനാണ് നബി (സ) പഠിപ്പിച്ചത്. ഏതെങ്കിലും വിധത്തിൽ അടിമയായിത്തീർന്ന മനുഷ്യനെ മോചിപ്പിച്ച് സ്വതന്ത്ര പൗരനാക്കി മാറ്റുന്നത് ഇസ്‌ലാമിൽ മഹത്തായ പുണ്യകർമമാകുന്നു. പല തെറ്റുകുറ്റങ്ങൾക്കും ഖുർആനിൽ നിർദേശിച്ച പ്രായശ്ചിത്തങ്ങളിലൊന്ന് അടിമയെ മോചിപ്പിക്കലാകുന്നു. മാനവിക പ്രതിസന്ധികൾക്ക് വിശുദ്ധ ഖുർആൻ (90:13) നിർദേശിച്ച പരിഹാരങ്ങളിൽ പ്രഥമമായിട്ടുള്ളത് അടിമകളുടെ മോചനമാകുന്നു. ഇസ്‌ലാമിക ഭരണകൂടം ഉള്ളേടത്തും

ഇല്ലാത്തേടത്തും വിശ്വാസികൾ പാലിക്കേണ്ട ധാർമിക അനുശാസനങ്ങൾക്കാണ് ദൈവികമായ ആദർശത്തിൽ പ്രാമുഖ്യമുള്ളത്. മദ്യത്തിൻെറ കാര്യത്തിലും ഇസ്‌ലാമിൻെറ നിലപാട് ഏറെ വ്യത്യസ്തമല്ല. ഒരു ഭരണനിയമത്തിലൂടെയുള്ള മദ്യനിരോധത്തെക്കാൾ ഇസ്‌ലാമിൽ പ്രാധാന്യമുള്ളത് മദ്യവർജ്ജനം ഒരു ധാർമിക ബാധ്യതയായി വിശ്വാസികൾ ഗണിക്കുന്നതിനാണ്.

ഭൗതിക നിയമങ്ങളനുസരിച്ച് അടിമത്തവും വെപ്പാട്ടി സമ്പ്രദായവും അവസാനിപ്പിച്ചുവെങ്കിലും അനൗപചാരികമായ രൂപത്തിൽ ഇതൊക്കെ പലരാജ്യങ്ങളിലും നിലനിന്നുവരുന്നുണ്ട് എന്നതാണ് സത്യം. ഇന്ത്യയുടെ ചില ഭാഗങ്ങളിൽ അടിമപ്പണി നിലനിൽക്കുന്നത് ഇടക്കിടെ മാധ്യമങ്ങൾ വെളിച്ചത്ത് കൊണ്ടുവരാറുണ്ട്. ഒരു സ്ത്രീയെ അടിമയാക്കി ജോലിയെടുപ്പിക്കുന്നത് ആധുനിക രാഷ്ട്രങ്ങൾ നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും Concubine (വെപ്പാട്ടി) എന്ന പേരിൽ ഭാര്യയല്ലാത്ത സ്ത്രീകളുമൊത്ത് ലൈംഗിക ജീവിതം നയിക്കുന്നത് പല യൂറോ-അമേരിക്കൻ രാജ്യങ്ങളിലും നിർബാധം തുടരുന്നുണ്ട്. കമ്യൂണിസത്തിൻെറ ഉപജ്ഞാതാവായ കാറൽ മാർക്സിനും ഇത്തരം ഒരു വെപ്പാട്ടിയുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെ 'കോഹാബിറ്റേഷൻ' എന്ന പേരിലും ആധുനികർ ഭാര്യയല്ലാത്ത സ്ത്രീകളുമായി ബന്ധം സ്ഥാപിച്ചുവരുന്നു. പ്രൈവറ്റ് സെക്രട്ടറിമാരും സ്റ്റെനോകളും മറ്റും ഫലത്തിൽ വെപ്പാട്ടികളായിത്തീരുന്ന സംഭവങ്ങളും കുറവല്ല. ചുരുക്കത്തിൽ, അടിമത്തവും വെപ്പാട്ടി സമ്പ്രദായവും ഔപചാരികമായി നിരോധിച്ച രാജ്യങ്ങളിലും ഫലത്തിൽ അതൊക്കെ തുടരുന്നു; സ്ത്രീധന നിരോധനത്തിൽ നിന്ന് ഏറെ വ്യത്യസ്തമല്ലാത്ത നിലയിൽ. എന്നാൽ ഇസ്‌ലാം ഒരു കടലാസ് നിയമം അവതരിപ്പിക്കുന്നതിന് പകരം അടിമത്തത്തിൻെറ മനുഷ്യത്വവിരുദ്ധമായ ഉള്ളടക്കത്തിനെതിരിൽ ധാർമികമായ നീക്കം നടത്തുകയാണ് ചെയ്തത്. മദ്യനിരോധം വിജയിപ്പിക്കാൻ ആധുനിക, ഭൗതിക രാഷ്ട്രങ്ങൾക്ക് കഴിയാതെ പോയത് അവയ്ക്ക് ഈ ധാർമികതയുടെ അന്തസ്സത്ത ഇല്ലാത്തതുകൊണ്ടത്രെ. ചരിത്രത്തിൽ തുല്യതയില്ലാത്ത വിജയം മദ്യവർജ്ജന വിഷയത്തിൽ കൈവരിക്കാൻ ഇസ്‌ലാമിന് സാധിച്ചത് ധർമബോധം നിയമത്തിന് പിൻബലമേകിയതുകൊണ്ടു മാത്രമാകുന്നു. ഭൗതികമായ യാതൊരു നിയമത്തിനും ഇതഃ



പര്യന്തം ഈ നേട്ടം കരഗതമായിട്ടില്ല. ഭൂപ്രഭുത്വം ഇസ്‌ലാമിന് അന്യമാകുന്നു. ഭൂമി കൃഷിയോഗ്യമാക്കിയാൽ ഒന്നുകിൽ സ്വയം കൃഷി ചെയ്യുകയോ അല്ലെങ്കിൽ മറ്റുള്ളവർക്ക് കൃഷി ചെയ്യാൻ വിട്ടുകൊടുക്കുകയോ ചെയ്യണമെന്നാണ് പ്രവാചക നിർദേശം.

# 38

**സർവലോക രക്ഷിതാവായ അല്ലാഹുവിൻെറ അടിമകളാണ് ഞാനടക്കമുള്ള മനുഷ്യസമൂഹം എന്നിരിക്കെ, മനുഷ്യൻ മറ്റ് മനുഷ്യരെ അടിമകളാക്കിവെക്കുന്നത് ശരിയല്ലല്ലോ? അതും എല്ലാവിധ കെട്ടുപാടുകളിൽ നിന്നും മനുഷ്യനെ മോചിപ്പിച്ച ഇസ്‌ലാമിൽ!**

**ഈ അടിമത്ത സമ്പ്രദായം മുഹമ്മദ് നബി (സ) പ്രവാചകനായിവരുന്നതിന് മുമ്പ് ഉണ്ടായതാണോ? അതോ നബി (സ)ക്ക് ശേഷം നിലവിൽ വന്നതാണോ? അടിമത്തത്തെക്കുറിച്ചുള്ള ഇസ്‌ലാമിൻെറ യഥാർഥ നിലപാട് എന്താണ്?**

! അടിമത്തം രണ്ട് വിധമുണ്ട്. ഒന്ന് പരമവും അലൗകികവുമായ അടിമത്തം. എല്ലാ മനുഷ്യരും പ്രപഞ്ചനാഥൻെറ അടിമകളാണെന്ന് പറയുന്നത് ഈ അർഥത്തിലാണ്. ചിലർ ഈ അർഥത്തിലുള്ള ദാസ്യം മറ്റ് പലർക്കും അർപ്പിക്കാറുണ്ട്. സൂര്യദാസൻ, യേശുദാസൻ, ശ്രീപത്മനാഭ ദാസൻ എന്നൊക്കെ പറയുന്നത് ഇതിന് ഉദാഹരണമാകുന്നു. ഇങ്ങനെയുള്ള ദാസ്യം കണിശമായ ഏകദൈവ വിശ്വാസത്തിന് വിപരീതമാകുന്നു. എന്നാൽ ലൗകികമായ അടിമത്തത്തിൻെറ കാര്യം ഇതിൽനിന്ന് വ്യത്യസ്തമാണ്.

ലോകത്തിൻെറ പല ഭാഗങ്ങളിലും മുഹമ്മദ് നബി (സ)ക്ക് മുമ്പും ശേഷവും നിലനിന്നിരുന്ന അടിമത്ത സമ്പ്രദായത്തെ ഇസ്‌ലാം ഒട്ടും പ്രോത്സാഹിപ്പിച്ചിട്ടില്ല എന്നതുപോലെതന്നെ കർശനമായി നിരോധിച്ചിട്ടുമില്ല. നബി (സ)യുടെ കാലഘട്ടത്തിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളിൽ പ്രായോഗികമായി സാധ്യമായിരുന്ന ഒട്ടേറെ നടപടികളിലൂടെ ക്രമപ്രവൃദ്ധമായി അടിമത്തം ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് ഇസ്‌ലാം ചെയ്തത്. യുദ്ധത്തിൻെറ അനിവാര്യ സാഹചര്യങ്ങളിലൊഴികെ സ്വതന്ത്രരായ മനുഷ്യരെ അടിമകളാക്കി മാറ്റാൻ

ഇസ്‌ലാം ആർക്കും അവകാശം നൽകിയിട്ടില്ല. നബി (സ)യുടെ കാലത്ത് ഇസ്‌ലാമിൻെറ ശത്രുക്കൾ ചെയ്തിരുന്നത് അവരുടെ പിടിയിൽ അകപ്പെടുന്ന മുസ്‌ലിം യുദ്ധത്തടവുകാരെ അടിമകളാക്കി മാറ്റുകയായിരുന്നു. തത്തുല്യനടപടി എന്നനിലയിൽ മുസ്‌ലിംകളും അവരുടെ പിടിയിലാകുന്ന യുദ്ധത്തടവുകാരെ അടിമകളാക്കിയിരുന്നു. ഇങ്ങനെ ചെയ്യാത്തപക്ഷം ശത്രുക്കളുടെ ധാർഷ്ട്യം വർദ്ധിക്കുകയും മുസ്‌ലിംകൾ ക്രൂരമായ അടിമത്തം സ്ഥിരമായി അനുഭവിക്കേണ്ടിവരുകയും ചെയ്യുമായിരുന്നു.

എന്നാലും യുദ്ധത്തടവുകാരെ അടിമകളാക്കി മാറ്റണമെന്ന് അല്ലാഹു കൽപിച്ചിട്ടില്ല. ഈ വിഷയകമായി വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക: “ആകയാൽ സത്യനിഷേധികളുമായി നിങ്ങൾ ഏറ്റുമുട്ടിയാൽ പിരടികളിൽ വെട്ടുക. അങ്ങനെ അവരെ നിങ്ങൾ അമർച്ച ചെയ്തുകഴിഞ്ഞാൽ അവരെ ശക്തിയായി ബന്ധിക്കുക. എന്നിട്ട് അതിനുശേഷം (അവരോട്) ദാക്ഷിണ്യം കാണിക്കുകയോ അല്ലെങ്കിൽ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യുക. യുദ്ധം അതിൻെറ ഭാരങ്ങൾ ഇറക്കിവെക്കുന്നതുവരെയത്രെ അത്” (വി. ഖുർആൻ 47:4). യുദ്ധത്തടവുകാരെ ഒന്നുകിൽ വെറുതെ വിടുകയോ അല്ലെങ്കിൽ മോചനമൂല്യം വാങ്ങിവിടുകയോ ആണ് വേണ്ടതെന്നത്രെ ഈ വചനം വ്യക്തമാക്കുന്നത്.

സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന അടിമകൾ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുവെങ്കിൽ അവരുമായി മോചനകരാറിൽ ഏർപ്പെടണമെന്ന് വിശുദ്ധ ഖുർആൻ (24:33) കൽപിച്ചിട്ടുണ്ട്. മാനവിക പ്രതിസന്ധി പരിഹരിക്കാൻ അനിവാര്യമായ കാര്യങ്ങൾ വിവരിക്കുന്നേടത്ത് വിശുദ്ധ ഖുർആൻ ഒന്നാമതായി എണ്ണിയിട്ടുള്ളത് മനുഷ്യരെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുന്ന കാര്യമാണ് (90:13). പല തെറ്റുകുറ്റങ്ങൾക്കും വിശുദ്ധ ഖുർആൻ വിധിച്ചിട്ടുള്ള പ്രധാന പ്രായശ്ചിത്തം അടിമയെ മോചിപ്പിക്കലാണ് (വി.ഖു 4:92, 5:89, 58:2 എന്നീ വചനങ്ങൾ നോക്കുക). അടിമകളെ മോചിപ്പിക്കൽ ഇസ്‌ലാമിൽ ഒരു പ്രധാന പുണ്യകർമമത്രെ. നബി (സ)യുടെ ഉത്തമ ശിഷ്യന്മാർ ഒട്ടേറെ അടിമകളെ അവരുടെ യജമാനന്മാരിൽനിന്ന് വിലയ്ക്ക് വാങ്ങിയതിനുശേഷം നിരുപാധികം മോചിപ്പിക്കുകയുണ്ടായി.

ചില പ്രത്യേക സാഹചര്യങ്ങളിൽ അടിമത്തം ഇസ്‌ലാം അനുവദിച്ചു, അഥവാ നിരോധിച്ചില്ല എന്നുണ്ടെങ്കിലും അടിമത്തത്തിലെ മനുഷ്യത്വവിരുദ്ധമായ അംശങ്ങളൊക്കെ ഇസ്‌ലാം വിലക്കിയിട്ടുണ്ട്. അടിമകളെ അധമരായി ഗണിക്കാതെ മനുഷ്യ സഹോദരങ്ങൾ എന്ന നിലയിൽ വീക്ഷിക്കണമെന്ന് അല്ലാഹുവും റസൂലും (സ) പല വചനങ്ങളിലൂടെ പഠിപ്പിച്ചു. അടിമകൾക്ക് അടിസ്ഥാനജീവിത സൗകര്യങ്ങളൊക്കെ നൽകണമെന്നും അവരെക്കൊണ്ട് കഠിനമായ ജോലികൾ ചെയ്യിക്കരുതെന്നും റസൂൽ (സ) അനുശാസിച്ചു. അടിമകളോട് നല്ല നിലയിൽ പെരുമാറണമെന്ന് വിശുദ്ധ ഖുർആൻ (4:36) കൽപിച്ചു. അടിമകൾ സ്ത്രീകളായാലും പുരുഷന്മാരായാലും അവർക്ക് കുടുംബജീവിതം ഏർപ്പെടുത്തിക്കൊടുക്കണമെന്ന് വിശുദ്ധ ഖുർആൻ (24:32) അനുശാസിച്ചു. അടിമ എന്ന പദം ഒഴിവാക്കി ഭൃത്യൻ, ഭൃത്യ എന്നിങ്ങനെ പ്രയോഗിക്കണമെന്ന് നബി (സ) നിർദേശിച്ചു.

ചുരുക്കത്തിൽ നബി (സ)ക്ക് മുമ്പ് സഹസ്രാബ്ദങ്ങളായി നിലനിന്നിരുന്ന അടിമത്തം പടിപടിയായി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതിനിടെ, അവശേഷിച്ചിരുന്ന അടിമകളെ പതിത്വത്തിൽ നിന്നും പീഡിതാവസ്ഥയിൽനിന്നും മോചിപ്പിക്കുകയുമാണ് ഇസ്‌ലാം ചെയ്തത്. എന്നാൽ മുസ്‌ലിംകളെ മുഴുവൻ ഭീകരരായി ചിത്രീകരിച്ച് ലോകത്തിന്മുമ്പിൽ മേനിനടിക്കുന്ന അമേരിക്ക ഒരു ആധുനിക രാഷ്ട്രമായി മാറിയതത്തന്നെ ആഫ്രിക്കയിൽനിന്ന് ചങ്ങലയിൽതളച്ചു കൊണ്ടുപോയ ലക്ഷക്കണക്കിൽ നീഗ്രോ അടിമകളെക്കൊണ്ട് അതിക്രൂരമായി രാപ്പകൽ പണിയെടുപ്പിച്ചിട്ടാണ്. അമേരിക്കയിലെ ആദിമ നിവാസികളായ റെഡ് ഇന്ത്യക്കാരോട് വെള്ളക്കാർ കാണിച്ച ക്രൂരതകൾ അതിനേക്കാൾ ഭയാനകമായിരുന്നു. തങ്ങളുടെ നാഗരികത കൊടുംക്രൂരതയുടെമേൽ കെട്ടിപ്പൊക്കിയതാണെന്ന സത്യം ചില അമേരിക്കൻ എഴുത്തുകാർതന്നെ തുറന്ന് സമ്മതിച്ചിട്ടുണ്ട്. അടിമത്തത്തോട് താത്വികമായും പ്രായോഗികമായും ഇസ്‌ലാമിനോളം അന്യൂനമായ നിലപാട് സ്വീകരിച്ച മറ്റൊരു മതവും ദർശനവും ഉണ്ടായിട്ടില്ല എന്നതിന് ചരിത്രം സാക്ഷിയാണ്.

# 39

**കാശ്മീരിലെ തീവ്രവാദികൾ പർദ ധരിക്കാത്ത മുസ്‌ലിം സ്ത്രീകളെ വെടിവെച്ചുകൊല്ലുമെന്നാണല്ലോ ഭീഷണി. യഥാർഥത്തിൽ അടിമ സ്ത്രീ കളായ മുസ്‌ലിം സ്ത്രീകൾ മറക്കേണ്ട ഭാഗം (ഔറത്ത്) മുട്ടിനും പൊക്കി ളിനും ഇടയിലുള്ള ഭാഗമാണെന്ന് നബിയുടെ കാലത്തെ ചരിത്രം ഉദ്ധരി ച്ചുകൊണ്ട് ഫത്ഹുൽ മുഈൻ പറയുന്നു. ബുർക്ക ധരിക്കേണ്ടത് നബി യുടെ ഭാര്യമാർക്കുള്ള പ്രത്യേക നിയമമായിരുന്നുവെന്നാണ് ചിലർ പറ യുന്നത്. ഇത് ശരിയാണോ? അടിമസ്ത്രീകൾക്ക് പർദയും ബുർക്കയും ധരിക്കേണ്ടതില്ല എന്ന വാദം കഴമ്പുള്ളതാണോ? എങ്കിൽ ഇത് പാശ്ചാ ത്യ വേഷത്തെ അംഗീകരിക്കുന്നതിൽ തെറ്റില്ല എന്നല്ലേ തെളിയിക്കുന്നത്? അപ്പോൾ പിന്നെ തീവ്രവാദികളുടെ പർദാനയം തെറ്റല്ലേ?**

! കാശ്മീരിലെ തീവ്രവാദികളിൽ ഏതൊക്കെ ചിന്താഗതിക്കാരുണ്ടെ ന്ന് ഈ ലേഖകന് സൂക്ഷ്മമായി അറിയില്ല. പർദ ധരിക്കാത്ത സ്ത്രീ കളുടെ നേരെ അവർ ഏത് തരം ഭീഷണി മുഴക്കിയെന്നും കൃത്യമാ യി അറിയില്ല. ഇത്തരം കാര്യങ്ങളിൽ മാധ്യമ റിപ്പോർട്ടുകൾ പൂർണ മായി വിശ്വസിക്കാൻ പ്രയാസമാണ്. എന്തായാലും ഒരുകാര്യം ഉറപ്പി ച്ചു പറയാം. സ്ത്രീകൾ അന്യപുരുഷന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെ ടുമ്പോൾ മുഖവും കൈപ്പടങ്ങളും ഒഴികെയുള്ള ശരീരഭാഗങ്ങൾ മ റക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചവരുത്തിയതിന്റെ പേരിൽ യാതൊരു സ്ത്രീയെ യും നബി (സ)യോ സച്ചരിതരായ ഖലീഫമാരോ പീഡിപ്പിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ദൈവ വിശ്വാസത്താൽ പ്രചോദിതരായി സത്യവിശ്വാസികൾ നിഷ്ഠപുലർത്തേണ്ട വിഷയങ്ങൾ അടിയും വെ ടിയും മുഖേന നടപ്പാക്കേണ്ടതാണെന്ന് തെറ്റിദ്ധരിച്ചവരാണ് തീവ്ര വാദ ഭീഷണികൾ മുഴക്കുന്നത്.

അടിമസ്ത്രീ മുട്ടിനും പൊക്കിളിനും ഇടയിലുള്ളഭാഗമേ മറ ക്കേണ്ടതുള്ളൂവെന്ന് അല്ലാഹുവോ റസൂലോ (സ) പറഞ്ഞിട്ടില്ല. ഇ പ്പോൾ അടിമത്തം ഇല്ലാത്തതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യു ന്നതിന് വലിയ പ്രസക്തിയുമില്ല. അടിമത്തം ക്രമേണ ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഖുർആനിലെയും ഹദീസിലെയും നിർ ദ്ദേശങ്ങൾ. നബി (സ)യുടെയും സഹാബികളുടെയും കാലത്ത്



കുറച്ച് അടിമകളുണ്ടായിരുന്നു. അവരിൽ ചിലരുടെ യജമാനന്മാർ അമുസ്‌ലിംകളായിരുന്നു. അടിമ സ്ത്രീകളിൽ ചിലർക്ക് പരിമിതമായ വസ്ത്രമേ ലഭിച്ചിരുന്നുള്ളൂ. അതിനാൽ ശരീരം പൂർണമായി മറയുന്ന വസ്ത്രം ധരിക്കാൻ അവരെ നിർബന്ധിക്കുന്നത് നീതിയായിരിക്കില്ല. അതിനാൽ "നിങ്ങൾക്ക് സാധിക്കുന്നത്ര അല്ലാഹുവെ സൂക്ഷിക്കുക" എന്ന ഖുർആനിക വിധിയനുസരിച്ച് ലഭ്യമായ വസ്ത്രം ധരിച്ച് നമ സ്ക്കരിച്ച അടിമസ്ത്രീകൾ ഉണ്ടായിട്ടുണ്ടാകാം. അതിന്റെ അടിസ് ഥാനത്തിൽ സ്ത്രീയുടെ 'ഔറത്ത്' സംബന്ധിച്ച് പൊതുവിധി രൂപ പ്പെടുത്തുന്നത് ശരിയായിരിക്കില്ല.

സ്ത്രീകൾ എങ്ങനെ വസ്ത്രം ധരിക്കണമെന്ന് വിശുദ്ധ ഖുർആ നിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രവാചക പത്നിമാർക്ക് മാത്രം ബാധകമായിട്ടുള്ളതല്ല, സത്യവിശ്വാസിനികൾക്ക് മൊത്തമായുള്ളതാ ണ്.

"സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാ നും അവരുടെ ഗുഹ്യ അവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും അവ രുടെ ഭംഗിയിൽനിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടു ത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായ മാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ" (വി.ഖു. 24:31). ശിരസും മാർവിടവും ഉൾപ്പെടെ ശരീരഭാഗങ്ങൾ മറയ്ക്കണമെന്ന് ഇതിൽനിന്ന് വ്യക്തമാണ്. 'പ്രത്യക്ഷമായതൊഴിച്ച്' എന്ന വാക്കിന് പ്രമുഖ പണ്ഡിതന്മാർ നൽകിയ വിശദീകരണം മുഖവും കൈപ്പട ങ്ങളും മറക്കേണ്ടതില്ലെന്നാണ്.

സ്ത്രീ സൗന്ദര്യം ആസ്വദിക്കാനും അവളുടെ മാദകത്വം ചൂഷണം ചെയ്യാനുംവേണ്ടി കഴുകക്കണ്ണും ചൂഷണത്വരയുമുള്ളവർ അവളുടെ മേൽ അടിച്ചേൽപിച്ച ആഭാസമാണ് പാശ്ചാത്യവേഷം. പുരുഷന്മാർ ശരീരമാകെ മറയ്ക്കുകയും സ്ത്രീകൾ പരമാവധി തുറന്നിടുകയും ചെയ്യുന്ന സമ്പ്രദായത്തെ ഒരു തലതിരിഞ്ഞ സംസ്കാരമായേ കാര്യ ബോധമുള്ളവർക്ക് വിലയിരുത്താനൊക്കൂ. തന്റെ അംഗലാവണ്യം പരമാവധി ചൂഷണം ചെയ്യപ്പെടുന്നതാണ് തന്റെ സ്വാതന്ത്ര്യത്തിന് നിദാനമെന്ന് ധരിക്കാൻ മാത്രമുള്ള മൗഢ്യം ഒരു സ്ത്രീയെ പിടി കൂടിയാൽ അത് ഒരു മഹാദുരന്തമാകുന്നു. നിർഭാഗ്യവശാൽ പാശ് ചാത്യ വനിതകളിലും അവരെ അന്ധമായി അനുകരിക്കുന്നവരിലും ഒരുവിഭാഗം ഈ ദുരന്തത്തിന് ഇരയായിരിക്കുകയാണ്.

# 40

**"അങ്ങയുടെ മുമ്പ് നാം പുരുഷന്മാരെയല്ലാതെ ഒരാളെയും പ്രവാചകനായി അയച്ചിട്ടില്ല" (യൂസുഫ് 109). നബിക്ക് ശേഷമുള്ള നാല് ഖലീഫമാരിൽ ആരും സ്ത്രീകളായിരുന്നില്ല. നിസ്കാരമടക്കം മുസ്‌ലിം സ്ത്രീക്ക് പൊതുമുറിയിൽ വെച്ചാണ് ഉത്തമം (മുസന്നഫ് ഇബ്നു അബീ ശൈബ (2/384). "പൊതുഭരണം നടത്താൻ സ്ത്രീയെ ഏൽപിച്ച സമൂഹം വിജയിക്കുകയില്ല"(ബുഖാരി). ഈ വാക്യങ്ങളിൽനിന്നും മുസ്‌ലിം സ്ത്രീ പൊതുഭരണം നടത്താൻ പാടില്ല എന്നല്ലേ മനസ്സിലാകുന്നത്? അങ്ങനെയാണെങ്കിൽ നമ്മുടെ രാജ്യത്ത് സ്ത്രീസംവരണം നടപ്പാക്കുന്നതിലൂടെ മുസ്‌ലിം സ്ത്രീക്ക് പൊതുഭരണം നടത്താൻ ഇസ്‌ലാമിക നിയമപ്രകാരം അനുവദനീയമാണോ?**

**!** "ചില പുരുഷന്മാരെയല്ലാതെ നിനക്ക് മുമ്പ് നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല" എന്ന പരാമർശം വിശുദ്ധ ഖുർആനിലെ മൂന്ന് സൂക്തങ്ങളിൽ (12:109, 16:43, 21:7) കാണാം. 'റിജാൽ' എന്നാണ് ഇവിടെയൊക്കെ പ്രയോഗിച്ച പദം. പുരുഷന്മാർ എന്നും മനുഷ്യന്മാർ എന്നും ഈ പദത്തിന് അർഥമാകാവുന്നതാണ്. സ്ത്രീകൾക്ക് പ്രവാചകത്വത്തിന് അവകാശമില്ലെന്ന് സ്ഥാപിക്കുകയാണ് ഉപര്യുക്ത പരാമർശത്തിൻെറ താൽപര്യമെന്ന് മനസ്സിലാക്കാൻ ന്യായം കാണുന്നില്ല. നാട്ടുകാരിൽപെട്ട ചില ആളുകളെതന്നെയാണ് അല്ലാഹു പ്രവാചകന്മാരായി നിയോഗിച്ചതെന്നും, മലക്കുകളെയോ ജിന്നുകളെയോ അപരിചിതരായ പരദേശികളെയോ അല്ല അയച്ചതെന്നും വ്യക്തമാക്കുകയാണ് പ്രസ്തുത പരാമർശംകൊണ്ട് ഉദ്ദേശിക്കപ്പെട്ടതെന്നാണ് പശ്ചാത്തലത്തിൽനിന്ന് ഗ്രഹിക്കാവുന്നത്.

എന്നാൽ ഏതെങ്കിലും സ്ത്രീയെ അല്ലാഹു പ്രവാചകത്വ ദൗത്യം ഏൽപിച്ചിട്ടുണ്ടോ എന്നത് ഖുർആനും ഹദീസും ചരിത്രവും പരിശോധിച്ച് ഉറപ്പുവരുത്തേണ്ട കാര്യമാണ്. ഏതെങ്കിലുമൊരു സ്ത്രീ പ്രവാചകയായിരുന്നുവെന്ന് ഉറപ്പിച്ച് പറയാനുതകുന്ന യാതൊരു തെളിവും ഈ ലേഖകന് കാണാൻകഴിഞ്ഞിട്ടില്ല. ഖുർആനിലും സുന്നത്തിലും നബി എന്നോ റസൂൽ എന്നോ പറഞ്ഞ് പരിചയപ്പെടുത്തിയവരുടെ കൂട്ടത്തിൽ ഒരു സ്ത്രീയും ഉൾപ്പെടുന്നില്ല. ഈസാ, മൂസാ (അ) എന്നീ പ്രവാചകന്മാരുടെ മാതാക്കൾക്ക് അല്ലാഹു



ബോധനം നൽകിയതായി വിശുദ്ധ ഖുർആനിൽനിന്ന് ഗ്രഹിക്കാവുന്നതിനാൽ അവർക്ക് ദൈവിക ദൗത്യം ഏൽപിക്കപ്പെട്ടിരുന്നു എന്ന് കരുതാമെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, അവർ സമൂഹമധ്യത്തിലിറങ്ങി പ്രബോധനം നടത്തിയതിന് തെളിവൊന്നും കാണുന്നില്ല.

മുസ്‌ലിം സ്ത്രീക്ക് പൊതുറൂമിൽവെച്ച് നമസ്കരിക്കുന്നതാണ് ഉത്തമം എന്നർഥമുള്ള യാതൊരു നബിവചനവും ഇല്ല. "നിങ്ങൾ അല്ലാഹുവിൻെറ ദാസികളെ അല്ലാഹുവിൻെറ പള്ളികളിൽ നിന്ന് തടയരുത്" എന്നർഥമുള്ള നബിവചനമാണ് ഏറ്റവും പ്രാമാണികതയുള്ള ഹദീസ് ഗ്രന്ഥങ്ങളായ ബുഖാരിയിലും മുസ്‌ലിമിലും ഉദ്ധരിച്ചിട്ടുള്ളത്. ഇത്രയും പ്രധാനമല്ലാത്ത ചില ഗ്രന്ഥങ്ങളിലാണ് "അവരുടെ വീടാണ് അവർക്ക് ഉത്തമം" എന്ന് കൂടി നബി (സ) പറഞ്ഞതായി ഉദ്ധരിച്ചിട്ടുള്ളത്. പ്രമുഖ ഹദീസ് ഗ്രന്ഥകർത്താക്കൾ ഈ വാക്യം ഉദ്ധരിച്ചിട്ടില്ല എന്നത് ഇതിൻെറ വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുന്നു. നബി (സ)യുടെ കാലത്തും അതിനു ശേഷവും അവുടത്തെ പത്നിമാർ ഉൾപെടെയുള്ള സഹാബി വനിതകൾ പള്ളിയിൽപോയി നമസ്കരിക്കുകയും 'ഇഅ്തികാഫ്' നിർവഹിക്കുകയും ചെയ്തതായി തെളിയിക്കുന്ന അനേകം ഹദീസുകൾ പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളിലുണ്ട്. പള്ളിയിൽ നമസ്കരിക്കുന്നത് ഉത്തമമല്ലെന്ന് നബി (സ) അവരെ പഠിപ്പിച്ചിട്ടില്ലെന്നാണല്ലോ അതിൽനിന്ന് മനസ്സിലാക്കാവുന്നത്. സ്ത്രീകൾ പള്ളിയിൽ നമസ്കരിക്കുന്നത് ഹറാമാണെങ്കിൽ അത് തടയരുതെന്ന് നബി (സ) വിലക്കാൻ യാതൊരു സാധ്യതയും ഇല്ലല്ലോ. ഇപ്പോൾ എല്ലാ ലോകരാജ്യങ്ങളിൽ നിന്നുമുള്ള ലക്ഷക്കണക്കിൽ സ്ത്രീകളാണ് മക്കയിലെയും മദീനയിലെയും അതിശ്രേഷ്ഠമായ പള്ളികളിലെ ജമാഅത്തുകളിൽ പങ്കെടുക്കാറുള്ളത്.

"സ്ത്രീയെ ഭരണമേൽപിച്ച സമൂഹം വിജയിക്കുകയില്ല" എന്ന നബി വചനം സാധാരണ ഗതിയിൽ സംഭവിക്കുന്ന ഒരു യാഥാർഥ്യം ചൂണ്ടിക്കാണിക്കുന്നു എന്നല്ലാതെ സ്ത്രീയെ ഭരണാധികാരിയാക്കൽ ഹറാമാണെന്ന് ഖണ്ഡിതമായി തെളിയിക്കുന്നില്ല. മിക്ക സമൂഹങ്ങളിലും പുരുഷന്മാർക്കായിരിക്കും ലോകകാര്യങ്ങളിൽ അവഗാഹവും യുദ്ധം നയിക്കാനുള്ള ശേഷിയും ഭരണ നൈപുണ്യവും കൂടുതലുണ്ടാവുക. മറ്റെന്തെങ്കിലും പരിഗണനയാൽ ഒരു സ്ത്രീ

ക്ക് ഭരണം പൂർണമായി ഏൽപിച്ചുകൊടുക്കുകയും പുരുഷന്മാർ അതിൽ നിർണായക പങ്കൊന്നും വഹിക്കാതിരിക്കുകയും ചെയ്താൽ ആ ഭരണകൂടം വിജയിക്കാൻ സാധ്യത വളരെകുറവാണ്. ലോകചരിത്രത്തിൽ ശക്തിയും പ്രതാപവും ആർജ്ജിച്ച് ജൈത്രയാത്ര നടത്തിയ ഭരണാധികാരികളിൽ ബഹുഭൂരിഭാഗവും പുരുഷന്മാരായിരുന്നുവെന്നത് ഒരു അനിഷേധ്യ സത്യമാണല്ലോ.

‘സബഅ്’ (ഷേബാ) എന്ന നാട് ഭരിച്ചിരുന്ന രാജ്ഞിയെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. രാജ്ഞിയുടെയും നാട്ടുകാരുടെയും ബഹുദൈവാരാധനയെ അല്ലാഹു ആക്ഷേപിച്ചിട്ടുണ്ടെങ്കിലും സ്ത്രീ ഭരണാധികാരിയായതിനെ വിമർശിച്ചിട്ടില്ല. പൂർവിക സമൂഹങ്ങളിലെ പല അധർമങ്ങളും എടുത്തുപറഞ്ഞ കൂട്ടത്തിൽ ഈ സ്ത്രീ ഭരണം ഒരു അധർമമായി വിവരിച്ചില്ല എന്നത് ശ്രദ്ധേയമാണ്. സബഇലെ രാജ്ഞി തൻെറ കൊട്ടാരപ്രമുഖരെക്കാൾ പക്വതയുള്ള വ്യക്തിയായിരുന്നുവെന്ന് സൂറഃനംലിലെ 34, 35 വചനങ്ങൾ സൂചിപ്പിക്കുന്നുമുണ്ട്.

സ്ത്രീകളുടെ നേരെ വൻതോതിൽ അതിക്രമങ്ങളും നീതിനിഷേധവും നടക്കുന്ന സാഹചര്യം മാറ്റിയെടുക്കാൻ അവർക്ക് അധികാരത്തിൽ പങ്ക് നൽകുന്നത് മുഖേന സാധിച്ചേക്കും എന്ന പ്രത്യാശയാണ് ജനപ്രതിനിധി സഭകളിലെ സ്ത്രീ സംവരണത്തിന് വേണ്ടിയുള്ള മുറവിളിക്ക് നിദാനം. സ്ത്രീ ഒരു നാടിൻെറ മൊത്തം ഭരണാധികാരിയാകുന്നത് തന്നെ നിഷിദ്ധമാണെന്ന് പറയാൻ ഖണ്ഡിതമായ തെളിവിൻെറ പിൻബലമില്ലെങ്കിൽ ഈ മൂന്നിലൊന്ന് സംവരണവും ഹറാമാണെന്ന് വിധിക്കാൻ ന്യായം കാണുന്നില്ല. കൈകാര്യകർതൃത്വത്തിന് കൂടുതൽ അർഹതയുള്ളത് പുരുഷന്മാർക്കാണെങ്കിലും സ്ത്രീകളെ അക്രമത്തിൽനിന്നും അനീതിയിൽനിന്നും മോചിപ്പിക്കാൻവേണ്ടി അവർക്ക് അധികാരത്തിൽ പങ്കനൽകുന്നതിൻെറ പ്രസക്തി ഇന്ത്യയിൽ നിലവിലുള്ള സാഹചര്യത്തിൽ തള്ളിക്കളയാവുന്നതല്ലെന്നാണ് ഈ ലേഖകൻ കരുതുന്നത്. ഇസ്ലാമികമായ മര്യാദകൾ പാലിച്ചുകൊണ്ട് വനിതകൾ ജനപ്രതിനിധിസഭകളിൽ പങ്കെടുക്കുന്നത് നിഷിദ്ധമാണെന്ന് പറയാൻ ന്യായമില്ല.



# 41

**നാല് ഭാര്യമാർ മാത്രമേ പാടുള്ളൂവെന്ന ഖുർആനിക വചനം അവതരിപ്പിച്ചപ്പോൾ നാലിൽ കൂടുതലുള്ള അനുചരന്മാരുടെ ഇഷ്ടമുള്ള നാലു ഭാര്യമാരെ നിലനിർത്തി ബാക്കിയുള്ളവരെ ഒഴിവാക്കാൻ മുഹമ്മദ് കൽപിച്ചു. എന്നാൽ ഇതിന് വിപരീതമായി തൻെറ മരണംവരെ ഒമ്പത് ഭാര്യമാരെ വെച്ചുപുലർത്തുന്ന മുഹമ്മദിനെയാണ് നമുക്ക് ചരിത്രത്തിൽ കാണാൻ കഴിയുന്നത്. തനിക്ക് മാത്രം എന്തും ചെയ്യാമെന്നും സാധാരണക്കാർ താൻ വിധിക്കുന്നത് മാത്രമെ ചെയ്യാവൂ എന്നും പറയുന്നത് സ്വേച്ഛാധിപത്യമല്ലേ? അനുചരർ ഒഴിവാക്കിയ നിരാലംബരായ സ്ത്രീകൾക്ക് ആര് ചെലവിന് കൊടുക്കും? സ്ത്രീകൾക്ക് പ്രത്യേക പദവി നൽകുന്നുവെന്ന് അവകാശപ്പെടുന്ന ഇസ്ലാമിൽ ഇതിനെന്ത് പരിഹാരമുണ്ട്?**

! പ്രവാചക പത്നിമാർ സത്യവിശ്വാസികളുടെ ആത്മീയ മാതാക്കളാകുന്നു. “പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളേക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിൻെറ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു” (വി.ഖു. 33:6). സ്വന്തം മാതാവിനെ പോലെ ആദരിക്കാൻ കൽപിക്കപ്പെട്ട വനിതയെ വിശ്വാസികളിൽ ഒരാൾക്കും വിവാഹം കഴിക്കാവുന്നതല്ല. അതിനാൽ നബി (സ) നാലിൽ കൂടുതലുള്ള പത്നിമാരെ വിവാഹമോചനം ചെയ്തിരുന്നെങ്കിൽ അവർ നിത്യ വൈധവ്യം അനുഭവിക്കേണ്ടിവരുമായിരുന്നു. എന്നാൽ മറ്റുള്ളവർ വിവാഹമോചനം ചെയ്യുന്ന സ്ത്രീകൾക്ക് ഇങ്ങനെയൊരു പ്രശ്നമില്ലായിരുന്നു. അന്നും ഇന്നും അറേബ്യയിലെ അവസ്ഥ ചോദ്യകർത്താവ് ധരിച്ചതുപോലെയല്ല. നമ്മുടെ നാട്ടിലേതിൽനിന്ന് വ്യത്യസ്തമായി അറേബ്യയിൽ ഒരിക്കലും വിധവകൾക്ക് പുനർവിവാഹം പ്രയാസകരമായിട്ടില്ല. അതുകൊണ്ട് വിവാഹമോചിതരൊക്കെ നിരാലംബരാകുന്ന പ്രശ്നമില്ല. ഇനി വല്ലവരും നിസ്സഹായാവസ്ഥയിലായാൽ അവർക്ക് വേണ്ടതെല്ലാം ചെയ്യാൻ പ്രവാചക ശിഷ്യന്മാർ പ്രതിജ്ഞാബദ്ധരുമായിരുന്നു.

# 42

**ഇസ്‌ലാമിൽ സ്ത്രീകൾ മുൻകൈയും മുഖവും ഒഴികെ ബാക്കിയെല്ലാം മറയ്ക്കണമല്ലോ. സ്ത്രീകൾ സ്ഥിരമായി പർദ ധരിക്കുമ്പോൾ സൂര്യപ്രകാശം ഏല്ക്കാത്തതുമൂലം വിറ്റാമിൻ-ഡി യുടെ കുറവുമൂലമുള്ള അസുഖങ്ങൾ ഉണ്ടാകുമെന്ന് അഫ്ഗാനിസ്ഥാനിലെ അനുഭവം സൂചിപ്പിക്കുന്നു. ശാരീരികമായ ഉന്നമനത്തെക്കൂടി ലക്ഷ്യം വയ്ക്കുന്ന ഇസ്‌ലാമിന് ഇതിനോടെങ്ങനെ യോജിക്കാനാകും?**

! സ്ത്രീകൾ മുഴുവൻ സമയവും പർദ ധരിക്കണമെന്ന് ഇസ്‌ലാം നിർബന്ധിക്കുന്നില്ല. അന്യപുരുഷന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ മാത്രമേ മുഖവും കൈപ്പടങ്ങളും ഒഴികെയുള്ള ഭാഗങ്ങൾ മറയ്ക്കണമെന്ന് നിർബന്ധമുള്ളൂ. രക്തബന്ധമുള്ളവരുടെ മുമ്പിൽ മാന്യതയ്ക്ക് ഇണങ്ങുന്ന വസ്ത്രം ധരിക്കണമെന്നേയുള്ളൂ. വീട്ടിലും കോമ്പൗണ്ടിലും അന്യരില്ലെങ്കിൽ ശരീരത്തിൽ സൂര്യപ്രകാശമേല്ക്കുന്ന തരത്തിലുള്ള വസ്ത്രം ധരിക്കുന്നതിന് യാതൊരു വിരോധവുമില്ല. വിറ്റാമിൻ-ഡി യുടെ കുറവുമൂലമുള്ള രോഗങ്ങൾ വരാതിരിക്കാൻ ശരീരമാകെ തുറന്നിട്ട് വെയിലത്ത് ഇരിക്കണമെന്നില്ല. നല്ല വെന്റിലേഷനുള്ള വീടുകൾക്കുള്ളിൽ ലഭിക്കുന്ന പ്രകാശം തന്നെ അതിന് മതിയാകും. ശരീരത്തിൽ നേരിട്ട് കൂടിയ അളവിൽ സൂര്യതാപം ഏൽക്കുന്നത് നിമിത്തം ചർമരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും ഇതോടൊപ്പം പരിഗണിക്കേണ്ടതാണ്.

# 43

**ഇസ്‌ലാം മതവിശ്വാസിക്ക് മരണാനന്തര വാഗ്ദാനമായി നൽകപ്പെടുന്ന ഒന്നാണല്ലോ സ്വർഗത്തിലെ 'ഹൂറുൽ ഈൻ' എന്ന സുന്ദരികളായ സ്ത്രീകൾ. ഇത് പുരുഷന് വേണ്ടിയുള്ളതല്ലേ? സ്ത്രീകൾക്ക് ഇങ്ങനെ ആസ്വദിക്കുവാനുള്ള വല്ല സൗകര്യവും സ്വർഗത്തിൽ ഉണ്ടോ? ഇസ്‌ലാമിലെ പുരുഷാധിപത്യത്തിനും സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്നതിനുമുള്ള വ്യക്തമായ തെളിവല്ലേ ഇത്? ഈ ലോകത്തുവെച്ച് വിലക്കുന്ന പലതും (ലൈംഗികത, ആഡംബരം തുടങ്ങിയവ) പരലോകത്ത്**



**വാഗ്ദാനം ചെയ്യുന്നതെന്തുകൊണ്ട്?**

! സ്ത്രീ പുരുഷ ഭേദമന്യെ എല്ലാവർക്കും സ്വർഗത്തിൽ കർമഫലങ്ങൾ പൂർണമായി നൽകപ്പെടുമെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത്. "അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ നിങ്ങളിൽനിന്ന് പ്രവർത്തിക്കുന്ന യാതൊരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റു വിഭാഗത്തിൽ നിന്ന് ഉത്ഭവിച്ചവരാകുന്നു" (വി.ഖു. 3:195). സ്വർഗസ്ത്രീകളെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പറഞ്ഞു എന്നതുകൊണ്ട് സത്യവിശ്വാസിനികൾ സ്വർഗത്തിൽ ഇണയും തുണയുമില്ലാതെ ഒറ്റപ്പെട്ട് പോകുമെന്ന് വരുന്നില്ല. സ്വർഗവാസികളെ സംബന്ധിച്ച് മൊത്തമായി പരാമർശിക്കുന്ന ഖുർആൻ സൂക്തങ്ങളിൽ പറഞ്ഞിട്ടുള്ളത് അവർക്ക് പരിശുദ്ധരായ ഇണകൾ ഉണ്ടായിരിക്കുമെന്നാണ്.

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വർഗത്തോപ്പുകൾ ലഭിക്കാനുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കുക. അതിലെ ഓരോ പഴവും ഭക്ഷിക്കാൻ നൽകപ്പെടുമ്പോൾ 'ഇതിനുമുമ്പ് ഞങ്ങൾക്ക് നൽകപ്പെട്ടതുതന്നെയാണല്ലോ ഇതും' എന്നായിരിക്കും അവർ പറയുക (വാസ്തവത്തിൽ) പരസ്പരം സാദൃശ്യമുള്ള നിലയിൽ അതവർക്ക് നൽകപ്പെടുകയാണുണ്ടായത്. പരിശുദ്ധരായ ഇണകളും അവർക്കവിടെ ഉണ്ടായിരിക്കും. അവർ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും" (വി.ഖു. 2:25).

"വിശ്വസിക്കുകയും സൽപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്തവരാകട്ടെ, താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അവർക്ക് അവിടെ പരിശുദ്ധരായ ഇണകളുണ്ടായിരിക്കും. സ്ഥിരവും ഇടതൂർന്നതുമായ തണലിൽ നാം അവരെ പ്രവേശിപ്പിക്കുകയും ചെയ്യും" (വി.ഖു. 4:57). ഇണകൾ എന്ന് അർഥമുള്ള 'അസ്‌വാജ്' എന്ന പദം സ്ത്രീകളെയും പുരുഷന്മാരെയും ഉൾക്കൊള്ളുന്നതാണ്. സ്ത്രീകൾക്ക് സ്വർഗത്തിൽ ഇണകളുണ്ടാവുകയില്ലെങ്കിൽ, സ്വർഗവാസികളെ സംബന്ധിച്ച് മൊത്തത്തിൽ വിവരിക്കുന്ന ഈ സൂക്തങ്ങളിൽ അത് പ്രത്യേകം പറയേണ്ടതായിരുന്നു. അങ്ങനെപറയാത്ത സ്ഥിതിക്ക് എല്ലാവർക്കും പരിശുദ്ധരായ

ഇണകൾ ഉണ്ടായിരിക്കുമെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്.

ഇസ്ലാമിൽ പുരുഷാധിപത്യമോ സ്ത്രീയെ ഉപഭോഗവസ്തുവായിഗണിക്കലോ ഇല്ല. സ്ത്രീകളുടെ നഗ്നത പലഅളവിൽ വിറ്റ് കാശാക്കുന്ന ആധുനിക നാഗരികതയാണ് സ്ത്രീയെ ഉപഭോഗ വസ്തുവാക്കുന്നത്. ഇപ്പോൾ സ്ത്രീ സൗന്ദര്യം പരമാവധി ചൂഷണം ചെയ്യുന്നത് മാധ്യമ-കലാ-കായിക രംഗങ്ങളിലെ പുരുഷന്മാരാണ്. സ്ത്രീകൾ പുരുഷസൗന്ദര്യത്തെ ഈ വിധത്തിൽ ചൂഷണം ചെയ്യുന്നില്ല. ഇതുതന്നെയല്ലേ പുരുഷാധിപത്യം?

നശ്വരവും അനശ്വരവുമായ ലോകങ്ങളുടെ ഘടന തികച്ചും വ്യത്യസ്തമായിരിക്കും. ജീർണതയും ക്ഷയവും നാശവും നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്ത് ആവശ്യമായ സംയമനത്തിനും നിയന്ത്രണത്തിനും അനശ്വരതയുടെ ലോകത്ത് യാതൊരു ആവശ്യവും ഉണ്ടായിരിക്കുകയില്ല. അനശ്വരമായ ഒരു ലോകത്തിന്റെ ഘടന എങ്ങനെയായിരിക്കുമെന്ന് വിഭാവന ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് അവിടത്തെ സുഖസൗഭാഗ്യങ്ങളെ സംബന്ധിച്ച ഖുർആനിലെ പരാമർശങ്ങൾ യഥാവിധി മനസ്സിലാക്കാൻ കഴിയാത്തത്.

# 44

**ഇസ്ലാം എന്തുകൊണ്ട് കലയ്ക്ക് പ്രാധാന്യം കൊടുത്തില്ല? ഖുർആൻ ശാസ്ത്രീയമാണ് എന്ന വാദത്തിനോട് ഇത് യോജിക്കുമോ?**

! ബുദ്ധിയുടെയും ഭാവനയുടെയും കഴിവുകളുടെയും സമർഥവും സുന്ദരവുമായ വിനിയോഗമാണ് കല. ഇസ്ലാം കലയുടെ നേരെ നിഷേധാത്മകമായ നിലപാടൊന്നും സ്വീകരിച്ചിട്ടില്ല. ബഹുദൈവത്വം, അധാർമികത, അശ്ലീലം, ലക്ഷ്യവിസ്മൃതി തുടങ്ങി ഇസ്ലാം വെറുക്കുന്ന കാര്യങ്ങളുമായി കലയും കലാകാരനും സമ്പർക്കത്തിലാകുമ്പോഴാണ് അനുകൂലമല്ലാത്ത നിലപാട് സ്വീകരിക്കേണ്ടിവരുന്നത്. ഇസ്ലാമിന് സത്യത്തോടും നന്മയോടും സദാചാരത്തോടുമുള്ള പ്രതിബദ്ധത കലയുടെ പേരിൽ കയ്യൊഴിക്കാൻ പറ്റില്ല. കെട്ടിടങ്ങളോ വാഹനങ്ങളോ സുന്ദരമായി ഡിസൈൻ ചെയ്യുന്നതിനെയോ, പ്രകൃതിദൃശ്യങ്ങൾ മനോഹരമായി ആവിഷ്കരിക്കുന്നതിനെയോ, കാലിഗ്രാഫിയിൽ വശ്യമായ വൈവിധ്യങ്ങൾ വരുത്തുന്നതിനെയോ ഇസ്ലാം എതിർത്തിട്ടില്ല.



ഖുർആൻ വിശ്വാസത്തിനും ധർമത്തിനും ഊന്നൽ നൽകുന്ന, മനുഷ്യന് മോക്ഷത്തിൻെറയും മോചനത്തിൻെറയും വഴി കാണിച്ചു കൊടുക്കുന്ന ഗ്രന്ഥമാണ്. ശാസ്ത്രവും കലയും പഠിപ്പിക്കാൻവേണ്ടി ദൈവിക ഗ്രന്ഥങ്ങൾ അവതരിച്ചിട്ടില്ല. അതിൻെറ ആവശ്യവുമില്ല. മനുഷ്യന് ദൈവം നൽകിയ സഹജമായ കഴിവുകൾകൊണ്ട് തന്നെ ശാസ്ത്ര പുരോഗതിയും കലാമേന്മയും കൈവരിക്കാവുന്നതാണ്. എന്നാൽ ശാശ്വതമോക്ഷത്തിൻെറ കാര്യം അങ്ങനെയല്ല. ദൈവിക മാർഗദർശനം മുഖേന മാത്രമെ അത് നേടിയെടുക്കാൻ കഴിയൂ. കലകൊണ്ടോ ശാസ്ത്രംകൊണ്ടോ മാത്രം അത് നേടാൻ കഴിയില്ല.

വിശുദ്ധ ഖുർആൻ കലയെയോ ശാസ്ത്രത്തെയോ എതിർത്തിട്ടില്ല. മറ്റേത് വിഷയത്തിലുമെന്നപോലെ ഇവ രണ്ടിലും ദൈവവിശ്വാസത്തിനും ധർമനിഷ്ഠയ്ക്കും അനുരൂപമായ നിലപാട് സ്വീകരിക്കണമെന്ന് ഖുർആനിക അധ്യാപനങ്ങൾ താൽപര്യപ്പെടുന്നു എന്ന് മാത്രം. ഖുർആൻ ശാസ്ത്രീയമാണെന്ന് പറയുന്നവർ അതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവിക ദൃഷ്ടാന്തങ്ങൾ എന്ന നിലയിൽ ഖുർആനിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങളൊന്നും തെളിയിക്കപ്പെട്ട ശാസ്ത്ര നിയമങ്ങളോട് വിയോജിക്കുന്നില്ല എന്നായിരിക്കും. പതിനാല് നൂറ്റാണ്ട് മുമ്പ് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തിൽ,പ്രപഞ്ചത്തെയും ജീവ- സസ്യജാലങ്ങളെയും മനുഷ്യസത്തയെയും സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ ആധുനിക വിജ്ഞാനവുമായി പൊരുത്തപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. പ്രാചീന അറേബ്യയിലെ ഒരു മനുഷ്യൻ അന്നത്തെ അറിവ് പ്രകാരം രചിച്ച ഒരു ഗ്രന്ഥമായിരുന്നെങ്കിൽ ഇത്തരം വിഷയങ്ങളെ സംബന്ധിച്ച പ്രതിപാദ്യങ്ങളുടെ പലവശങ്ങളും കാലഹരണപ്പെട്ടുപോയിട്ടുണ്ടാകും. ഖുർആനികാശയങ്ങൾ ഈ വിധം കാലഹരണ പ്പെട്ടിട്ടില്ല എന്നത് അത് സർവജ്ഞനായ ദൈവം അവതരിപ്പിച്ചതാണ് എന്നതിന് മതിയായ തെളിവാകുന്നു. ജീവിതത്തിൽ കലയ്ക്ക് അത്യന്തം പ്രാധാന്യം നൽകണം എന്നത് ഒരു ശാസ്ത്ര നിയമമല്ല. ഖുർആൻ അങ്ങനെ നിർദേശിച്ചിട്ടില്ല എന്നത് ഒരു ന്യൂനതയാണെന്ന് കരുതാൻ ന്യായവുമില്ല.

# 45

**ഖുർആനിൽ വേദക്കാർ എന്ന് പറഞ്ഞിരിക്കുന്നത് ക്രിസ്ത്യാനികളെയും ജൂതന്മാരെയും സംബന്ധിച്ചാണല്ലോ? ഇവരുമായുള്ള വിവാഹബന്ധം ഖുർആൻ അനുവദിക്കുന്നു (5:5). അല്ലാഹുവിൽ വിശ്വസിക്കാത്ത ആളുകളായിരുന്നിട്ടും എന്തുകൊണ്ടാണ് ഖുർആൻ ഇവരുമായി മാത്രം വിവാഹബന്ധം അനുവദിക്കുന്നത്?**

! ജൂതരോ ക്രിസ്ത്യാനികളോ ആയ ചാരിത്ര്യശുദ്ധിയുള്ള സ്ത്രീകളെ വിവാഹം കഴിക്കാൻ വിശുദ്ധ ഖുർആൻ മുസ്ലിംകളെ അനുവദിക്കുന്നു. എന്നാൽ മുസ്ലിം സ്ത്രീകളെ ജൂതർക്കോ ക്രിസ്ത്യാനികൾക്കോ വിവാഹം കഴിച്ചുകൊടുക്കാൻ പാടില്ല. ഭാര്യ ജൂത/ക്രൈസ്തവ സ്ത്രീയായാലും കുടുംബനാഥനായ മുസ്ലിമിന് കുടുംബത്തിൽ ഇസ്ലാമിക അന്തരീക്ഷം നിലനിർത്താനും സന്തതികളെ ഇസ്ലാമിക രീതിയിൽ വളർത്താനും സാധിച്ചേക്കും. എന്നാൽ അമുസ്ലിമായ കുടുംബനാഥൻെറ കീഴിൽ മുസ്ലിം സ്ത്രീക്ക് ഇതൊന്നും സാധിക്കാതിരിക്കാനാണ് കൂടുതൽ സാധ്യത. മുസ്ലിമായ ഭർത്താവ് മൂസാ നബി (അ)യെയും ഈസാനബി (അ)യെയും ആദരിക്കുന്ന വ്യക്തിയായതിനാൽ വേദക്കാരിയായഭാര്യക്ക് ആദർശപരമായ സംഘർഷം അനുഭവപ്പെടാൻ സാധ്യതയില്ല. എന്നാൽ മുഹമ്മദ് നബി(സ)യെ വ്യാജവാദിയായി ഗണിക്കുന്ന ഭർത്താവിൻെറ കീഴിൽ മുസ്ലിമായ ഭാര്യ എപ്പോഴും മനഃപ്രയാസം അനുഭവിക്കേണ്ടിവന്നേക്കാം.

യഹൂദരും ക്രൈസ്തവരും അല്ലാഹുവിൽ വിശ്വസിക്കേണ്ടതുപോലെ വിശ്വസിക്കുന്നില്ല എന്നത് ശരിയാണ്. പക്ഷേ, അവർ ഏകദൈവ വിശ്വാസികളാണെന്ന് സ്വയം കരുതുന്നവരാണ്. യഹൂദർ ഏകദൈവമായ യഹോവയിലാണ് വിശ്വസിക്കുന്നത്. എന്നാൽ അവരിൽ ഒരു വിഭാഗം ഉസൈർ (എസ്രാ പ്രവാചകൻ) ദൈവ പുത്രനാണെന്ന് വിശ്വസിക്കുന്നു. മിക്കയഹൂദരും മുഖ്യ പുരോഹിതന്മാർക്ക് ദൈവികമായ ആധികാരികതയും അപ്രമാദിത്വവും കൽപിക്കുന്നവരാണ്. ഇതൊക്കെയാണ് അവരുടെ ആദർശപരമായ വ്യതിയാനങ്ങൾ. ക്രിസ്ത്യാനികളും പറയുന്നത് തങ്ങൾ ഏകദൈവമായ യഹോവയിൽ വിശ്വസിക്കുന്നുവെന്നാണ്. എന്നാൽ അതോടൊപ്പംതന്നെ



ദൈവത്തിന് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്ന് 'ആളത്വ'ങ്ങളുണ്ടെന്ന് അവർ സിദ്ധാന്തിക്കുകയും, യേശുക്രിസ്തു ദൈവ പുത്രനാണെന്ന് വാദിക്കുകയും പുരോഹിതന്മാർക്ക് പരിശുദ്ധാത്മാവിൻെറ പിൻബലമുണ്ടെന്ന് പറഞ്ഞ് അപ്രമാദിത്വം കൽപിക്കുകയും ചെയ്യുന്നു. ഇതൊക്കെയാണ് അവരുടെ വിശ്വാസ വൈകൃതങ്ങൾ. ഏതായാലും ഈ രണ്ട് വിഭാഗക്കാരെയും 'മുശ്രിക്കു'(ബഹുദൈവവാദി)കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താതെ 'അഹ്ലുൽ കിതാബ്' അഥവാ വേദക്കാർ എന്നാണ് വിശുദ്ധ ഖുർആനിൽ വിശേഷിപ്പിച്ചിട്ടുള്ളത്. 'മുശ്രിക്കാ'യ സ്ത്രീയെ വിവാഹം കഴിക്കുന്നത് നിഷിദ്ധമാക്കിയെങ്കിലും വേദക്കാരിൽപെട്ട സ്ത്രീയെ വിവാഹം കഴിക്കാൻഅനുവദിച്ചത് ഈ പ്രത്യേക പരിഗണന പ്രകാരം തന്നെയാകുന്നു.

# 46

**മനുഷ്യനെ വഴിതെറ്റിക്കുന്നത് ഇബ്ലീസാണെങ്കിൽ ജിന്നുകളെ വഴിതെറ്റിക്കുന്നത് ആരാണ്? ഇബ്ലീസ് ശപിക്കപ്പെടുന്നതിനുമുമ്പ് ജിന്നുകളിൽപെട്ട ഒരു നല്ല വ്യക്തിയായിരുന്നെന്ന് പറയപ്പെടുന്നു. ജിന്നുകളിൽ വിശ്വാസികളും അവിശ്വാസികളും ഉണ്ടെന്ന് ഖുർആൻ പറയുന്നു. എങ്കിൽ അന്ന് (ഇബ്ലീസ് ശപിക്കപ്പെടും മുമ്പ്) ഭൂമിയിലുണ്ടായിരുന്ന ജിന്നുകളെ വഴിപിഴപ്പിച്ചതാരായിരുന്നു?**

! ഇത്തരം വിഷയങ്ങൾ ബുദ്ധിപരമായ അന്വേഷണത്തിൻെറ പരിധിയിൽ വരുന്നതല്ല. അതിനാൽ വിശുദ്ധ ഖുർആനിലോ പ്രാമാണികമായ ഹദീസുകളിലോ തെളിവുള്ള കാര്യങ്ങൾ പറയുകയും മറ്റുള്ളവയെ സംബന്ധിച്ച് മൗനം അവലംബിക്കുകയും ചെയ്യുകയാണ് കരണീയം. ചില ചരിത്രഗ്രന്ഥങ്ങളിലും ഐതിഹ്യങ്ങളിലും ഇതിനപ്പുറമുള്ള പലതും കാണുമെങ്കിലും അതൊന്നും വിശ്വാസയോഗ്യമല്ല. മനുഷ്യരിലും ജിന്നുകളിലും ശൈത്വാൻമാർ അഥവാ ധിക്കാരികളായ ദുർബോധകർ ഉണ്ടെന്നാണ് വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിട്ടുള്ളത്.

"അപ്രകാരം ഓരോ പ്രവാചകനും മനുഷ്യരിലും ജിന്നുകളിലും

പെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. കബളിപ്പിക്കുന്ന ഭംഗിവാക്കുകൾ അവർ അന്യോന്യം ദുർബോധനം ചെയ്യുന്നു. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചി രുന്നുവെങ്കിൽ അവരത് ചെയ്യുമായിരുന്നില്ല. അതുകൊണ്ട് അവർ കെട്ടിച്ചമക്കുന്ന കാര്യങ്ങളുമായി അവരെ നീ വിട്ടേക്കുക" (വി.ഖു. 6:112). മനുഷ്യരുള്ള കാലത്തോളം മനുഷ്യപ്പിശാചുക്കളുണ്ടാകുമെന്നതുപോലെ ജിന്നുകളുള്ള കാലത്തൊക്കെയും ജിന്നുപിശാചുക്കളും ഉണ്ടായിട്ടുണ്ടാകാം. സൂക്ഷ്മജ്ഞാനം അല്ലാഹുവിന്മാത്രമാകുന്നു.

# 47

**ഭക്ഷണത്തിലേക്ക് ഊതരുതെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. അണുക്കൾ ഭക്ഷണത്തിൽ കലരും എന്നതാണല്ലോ കാരണം. എന്നാൽ ഊതിയില്ലെങ്കിലും ആ അണുക്കൾ നമ്മുടെ ശരീരത്തിനുള്ളിൽതന്നെ ഉണ്ടാകുമല്ലൊ. പിന്നെ ഊതരുതെന്ന് പറഞ്ഞതിൽ എന്തർഥമാണുള്ളത്?**

! ഭക്ഷണത്തിൽ ഊതരുത് എന്നല്ല, കുടിനീരിൽ ഊതരുത് എന്ന് നബി (സ) വിലക്കിയതായിട്ടാണ് ഹദീസുകളിലുള്ളത്. രോഗാണുക്കളെ സംബന്ധിച്ച് ഈ ഹദീസുകളിൽ യാതൊരു പരാമർശവുമില്ല. നബി (സ)യുടെ വിലക്കിന് കാരണം രോഗാണുക്കൾ പാനീയത്തിൽ കലരും എന്നതാണെന്ന് ഏതെങ്കിലും പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിൽ അതിന് ഇസ്‌ലാമിൽ പ്രാമാണികതയൊന്നുമില്ല. ഒരു നിഗമനം എന്ന സ്ഥാനംമാത്രമെ അതിനുള്ളൂ. നബി (സ) ഒരു കാര്യം വിലക്കിയാൽ അതിന്റെ കാരണം വ്യക്തമായില്ലെങ്കിലും അനുസരിക്കുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. ഉച്ഛ്വാസവായുവിൽ രോഗാണുക്കൾ ഉണ്ടായാലും ഇല്ലെങ്കിലും അത് അശുദ്ധവായുവാണെന്ന കാര്യത്തിൽ സംശയമില്ല. രക്തത്തിലെ മാലിന്യങ്ങളുടെ ഒരംശവും ശരീരത്തിന് ഉൾക്കൊള്ളാൻ പറ്റാത്ത കാർബ ൺ ഡൈ ഓക്സൈഡും ഉച്ഛ്വാസവായുവിൽ അടങ്ങിയിട്ടുണ്ടാകും. ശരീരത്തിൽ രോഗാണുക്കൾ ഉണ്ടാകുമെങ്കിലും ഒരിക്കൽ ശരീരം പുറംതള്ളിയതിനെ വീണ്ടും അകത്തേക്ക് ചെലുത്തുന്നത് ന്യായമല്ലല്ലോ.



# 48

**മരണപ്പെട്ട വ്യക്തിക്ക് 216 ലക്ഷം ഉറുപ്പികയുടെ സ്വത്തുണ്ട്. അദ്ദേഹത്തിന് മൂന്ന് പുത്രിമാരും മാതാപിതാക്കളും ഭാര്യയും ജീവിച്ചിരിപ്പുണ്ട്. അനന്തരാവകാശമായി മൂന്ന് പുത്രിമാർക്കുംകൂടി 128 ലക്ഷവും മാതാപിതാക്കൾക്ക് 64 ലക്ഷവും ഭാര്യക്ക് 24 ലക്ഷവുമാണ് ലഭിക്കുക. ഒരു ഇസ്‌ലാമിക ഗ്രന്ഥത്തിൽ സൂചിപ്പിച്ചതനുസരിച്ച കണക്കാണിത്. ഇത് ഖുർആൻ സൂക്തം (4-11, 4-12) അനുശാസിക്കുന്നതിനെക്കാൾ പുത്രിമാർക്ക് 16 ലക്ഷവും മാതാപിതാക്കൾക്ക് എട്ട് ലക്ഷവും ഭാര്യക്ക് മൂന്ന് ലക്ഷവും കുറവാണ്. ഇത് വൈരുദ്ധ്യമല്ലേ?**

! ഒരാൾ മരിക്കുമ്പോൾ ആൺമക്കളും പെൺമക്കളും ഒട്ടും ഇല്ലാതിരിക്കുകയോ ഒന്നോ രണ്ടോ പേർ മാത്രമുണ്ടാവുകയോ അനേകം പേർ ഉണ്ടാവുകയോ ചെയ്യാം. വ്യത്യസ്ത സന്ദർഭങ്ങളിൽ അവകാശികൾക്ക് ലഭിക്കുന്ന അംശങ്ങളിൽ വ്യത്യാസമുണ്ടാവുക സ്വാഭാവികമാണ്. ഇത് വിശുദ്ധഖുർആനിൽ പരിഗണിച്ച കാര്യമാകുന്നു. ഒരാൾക്ക് ഒരു മകൾ മാത്രമാണെങ്കിൽ അവൾക്ക് അയാളുടെ സ്വത്തിന്റെ പകുതിയാണ് ലഭിക്കുക. രണ്ട് പെൺമക്കളാണുള്ളതെങ്കിൽ അവർക്ക് മൂന്നിലൊന്ന് വീതമേ ലഭിക്കൂ. മൂന്ന് പെൺമക്കളാണെങ്കിൽ അവർക്ക് 2/9 വീതമേ ലഭിക്കൂ. നാല് പെൺമക്കളുണ്ടെങ്കിൽ അവർക്ക് 1/6 വീതമേ കിട്ടൂ. ഇങ്ങനെ അവകാശികളുടെ എണ്ണം കൂടുംതോറും ഓരോരുത്തർക്കും ലഭിക്കുന്ന അംശം കുറഞ്ഞുകൊണ്ടിരിക്കുക സ്വാഭാവികമാണ്.

ആൺമക്കൾക്ക് ഖുർആനിൽ നിശ്ചിത അംശം പ്രഖ്യാപിച്ചിട്ടേയില്ല. ആൺമക്കളും പെൺമക്കളും കൂടി അവകാശികളായിവരുന്ന പക്ഷം ആണിന് പെൺ ഓഹരിയുടെ ഇരട്ടി എന്ന അനുപാതം മാത്രമാണ് ഖുർആനിൽ അറിയിച്ചിട്ടുള്ളത്. മറ്റ് സന്ദർഭങ്ങളിൽ നിശ്ചിത വിഹിതത്തിന് അർഹരായ മറ്റ് അനന്തരാവകാശികൾക്ക് നൽകേണ്ട അംശങ്ങൾ കഴിച്ചുള്ളത് മാത്രമാണ് ആൺമക്കളുടെ വിഹിതം. ഒരാൾ മരിക്കുമ്പോൾ ഒരു മകൻ മാത്രമാണ് അവകാശിയെങ്കിൽ അയാളുടെ സ്വത്ത് മുഴുവൻ അവനാണ് ലഭിക്കുക. എന്നാൽ ഒരു സ്ത്രീ മരിക്കുമ്പോൾ ഭർത്താവും മാതാപിതാക്കളും അഞ്ച് ആൺമക്കളും ഉണ്ടെങ്കിൽ ഭർത്താവിന് 3/12, മാതാപിതാക്കൾക്ക് 2/12

വീതം ആൺമക്കൾക്ക് 1/12 വീതം എന്ന ക്രമത്തിലായിരിക്കും ലഭിക്കുക. ഇവിടെ ഓരോ മകനും താരതമ്യേന കുറഞ്ഞ വിഹിതം കൊണ്ട് തൃപ്തിപ്പെടേണ്ടിവരുന്നു.

ഇതുപോലെ അവകാശികൾ കൂടുമ്പോൾ ഓരോരുത്തർക്കും ലഭിക്കുന്ന അംശം അൽപം കുറഞ്ഞുപോകുന്ന ഒരു പ്രശ്നമാണ് ചോദ്യകർത്താവ് ചൂണ്ടിക്കാണിച്ചത്. ഇത്തരം സാഹചര്യങ്ങളിൽ ഖുർആനിലെ വിഭജനം തെറ്റാണെന്ന് പറയുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. ഖുർആൻ സൂക്തങ്ങളുടെ താൽപര്യം എല്ലാ സാഹചര്യങ്ങളിലും എല്ലാ അവകാശികൾക്കും ഒരേ അംശം ലഭിക്കുക എന്നതല്ല; ആനുപാതികമായി ഏറ്റവും ന്യായമായഅംശം ലഭ്യമാക്കുകയാണ്. ചോദ്യകർത്താവ് ഉന്നയിച്ച പ്രശ്നത്തിൽ നബി(സ) യും മുസ്ലിംനേതാക്കളും പണ്ഡിതന്മാരുമെല്ലാം സ്വീകരിച്ച നിലപാട് എല്ലാഅവകാശികൾക്കും വിശുദ്ധഖുർആൻ നിശ്ചയിച്ച അംശങ്ങൾ തന്നെ ആനുപാതികമായി ആർക്കും കൂടുതൽ നഷ്ടംവരാത്ത വിധത്തിൽ നൽകുക എന്നതാണ്. പ്രസ്തുത പ്രശ്നത്തിലെ വിഹിതങ്ങൾ ഒരു സാമാന്യ ഗുണിതത്തിന്റെ അംശങ്ങളായി എടുത്താൽ രണ്ട് പുത്രിമാർക്ക് 16/24 മാതാപിതാക്കൾക്ക് 4/24 വീതം ഭാര്യക്ക് 3/24 എന്നിങ്ങനെയായിരിക്കുംവരിക. പെൺമക്കളുടെയും ആൺമക്കളുടെയും സംഖ്യ വർദ്ധിക്കുമ്പോൾ അവരുടെ വിഹിതത്തിൽ ആനുപാതികമായി കുറവ് വരുക, മക്കളുള്ളപ്പോഴും ഇല്ലാത്തപ്പോഴും മാതാപിതാക്കളുടെയും ഭാര്യഭർത്താക്കന്മാരുടെയും വിഹിതത്തിൽ വ്യത്യാസം വരുക എന്നിങ്ങനെ ഖുർആനിൽനിന്ന് തന്നെ ഗ്രഹിക്കാവുന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നത്തിൽ, 16+4+4+3 എന്ന ശരിയായ അംശങ്ങൾ തന്നെ അവകാശികൾക്ക് ലഭ്യമാക്കുന്നതിനായി സ്വത്തിനെ 24 ഭാഗമാക്കുന്നതിന് പകരമായി 27 ഭാഗമാക്കുകയാണ് ചെയ്യുന്നത്. എല്ലാ അവകാശികൾക്കും ഖുർആൻ നിശ്ചയിച്ച അംശങ്ങളനുസരിച്ച് തന്നെ സ്വത്ത് നൽകുകയും ചെറിയ കുറവ് എല്ലാവരോടും നീതി പുലർത്തിക്കൊണ്ട് അഡ്ജസ്റ്റ് ചെയ്യുകയുമാണ് ഈ വിഭജനത്തിലൂടെ. ഖുർആൻ നിശ്ചയിച്ച അംശങ്ങൾ മാറ്റാതെയും അനന്തരാവകാശ നിയമത്തിൽ ഖുർആൻ സൂചിപ്പിച്ച തത്വങ്ങൾക്ക് അനുയോജ്യമായിക്കൊണ്ടുമുള്ള ഈ വിഭജനത്തിൽ യാതൊരു വൈരുദ്ധ്യവുമില്ല.

# ഇസ്ലാമിക പ്രബോധനം

# 49

**വിശുദ്ധ ഖുർആനിൽ പേര് പരാമർശിക്കുന്ന പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്ത സ്ഥലങ്ങൾ അറേബ്യയും അയൽ പ്രദേശങ്ങളുമാണെന്നു കാണാം. എന്തുകൊണ്ട് അവിടങ്ങളിൽ മാത്രം പ്രവാചകന്മാർ വന്നു? യൂറോപ്യൻ രാജ്യങ്ങളിലേക്കും ആഫ്രിക്കൻ രാജ്യങ്ങളിലേക്കും പ്രവാചകന്മാർ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഒരു ഉദാഹരണമെങ്കിലും ഖുർആനിൽ എന്തു കൊണ്ടു കാണുന്നില്ല?**

**!** മുഹമ്മദ് നബി(സ)യുടെ പ്രഥമ അഭിസംബോധിതരായ സമൂഹങ്ങൾ ദൈവികമതത്തിൽനിന്ന് എത്രത്തോളം വ്യതിചലിച്ചു പോയിട്ടുണ്ടെന്ന് അവരെ തെര്യപ്പെടുത്താൻ ഉപയുക്തമായിട്ടുള്ളത് അവർക്ക് പരിചിതമായ നാടുകളിൽ നിയോഗിക്കപ്പെട്ട പ്രവാചകന്മാരുടെ പ്രബോധന ചരിത്രം അവരെ ബോധ്യപ്പെടുത്തുകയാണ്. ഇക്കാരണത്താലായിരിക്കാം അറേബ്യയിലും പരിസരങ്ങളിലും നിയുക്തരായ പ്രവാചകന്മാരുടെ ചരിത്രം പ്രത്യേകമായി ഖുർആനിൽ പ്രതിപാദിക്കപ്പെട്ടത്.

എന്നാൽ, എല്ലാ ജനപഥങ്ങളിലും ദൈവദൂതന്മാർ നിയോഗിക്കപ്പെട്ടിട്ടുണ്ടെന്നും അവരിൽ പലരെ സംബന്ധിച്ചും നബി(സ)ക്ക് വിവരിച്ചുകൊടുത്തിട്ടില്ലെന്നും വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. “നിനക്ക് നാം മുമ്പ് വിവരിച്ചു തന്നിട്ടുള്ള ദൂതന്മാരെയും, നിനക്ക് നാം വിവരിച്ചു തന്നിട്ടില്ലാത്ത ദൂതന്മാരെയും (നാം നിയോഗിക്കുകയുണ്ടായി) (വി.ഖു. 4:164). “ഓരോ സമൂഹത്തിനും ഓരോ ദൂതനുണ്ട്'' (വി.ഖു. 10:47). ''ഒരു താക്കീതുകാരൻ കഴിഞ്ഞു പോകാത്ത ഒരു സമുദായവുമില്ല” (വി.ഖു. 35:24). യൂറോപ്പിലെയും

ആഫ്രിക്കൻ രാജ്യങ്ങളിലെയും മറ്റും മതസമൂഹങ്ങളിൽ ഏകദൈവ ത്വചിന്ത അവ്യക്തമായെങ്കിലും നിലനിൽക്കുന്നതിൻെറ കാരണം അവിടങ്ങളിലൊക്കെ നിയുക്തരായ ദൈവദൂതന്മാരുടെ പ്രബോധന മായിരിക്കാനാണ് സാധ്യത.

# 50

**ഏകദൈവ വിശ്വാസമാണ് യഥാർഥത്തിൽ എല്ലാ മതഗ്രന്ഥങ്ങളും അനുശാസിക്കുന്നത്. ഖുർആനൊഴികെയുള്ള ഗ്രന്ഥങ്ങളിൽ മനുഷ്യ കൈകടത്തലുകൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഏകദൈവ വിശ്വാസം പുല ർത്തുന്ന എത്രയോ വിശ്വാസികൾ ഭാരതത്തിലുണ്ട്. അവരെ ഖുർആൻ പറഞ്ഞ മാർഗദർശനങ്ങൾകൂടി നൽകി അവരുടേതായ സംസ്കാരത്തിൽ വിശ്വാസികളായി ജീവിക്കാൻ അനുവദിച്ചുകൂടെ? അറേബ്യൻ സംസ്കാ രം അവരുടെമേൽ കെട്ടിവെക്കുന്നത് എന്തിനാണ്? അതായത്, അറബി വാചകങ്ങൾ അവരെ പഠിപ്പിക്കുന്നത് എന്തിനാണ്? അല്ലാഹുവിൻെറ വച നങ്ങൾ മലയാളത്തിൽ ഉരുവിട്ടാൽപോരെ? ഇസ്‌ലാമിലേക്ക് കടന്നുവരുന്ന വർ അറബിഭാഷ പഠിക്കൽ ഖുർആൻ നിർബന്ധമാക്കുന്നുണ്ടോ?**

! "പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമു ള്ള അല്ലാഹുവിൻെറ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെ യും ആധിപത്യം ഏതൊരുവന്നാണോ അവൻെറ ദൂതൻ. അവനല്ലാ തെ യാതൊരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുക യും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂത നിലും വിശ്വസിക്കുവിൻ, അതെ, അല്ലാഹുവിലും അവൻെറ വചന ങ്ങളിലും വിശ്വസിക്കുന്ന നിരക്ഷരനായ ആ പ്രവാചകനിൽ. അദ്ദേ ഹത്തെ നിങ്ങൾ പിൻപറ്റുവിൻ. നിങ്ങൾക്ക് നേർമാർഗം പ്രാപിക്കാം" (വി.ഖു. 7:158).

മുഹമ്മദ് നബി (സ)ക്ക് ശേഷം ലോകത്തെവിടെയും കണിശമാ യ ഏകദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ഒരു സത്യ പ്രവാചകൻ വന്നിട്ടില്ല. അതിനാൽ മാനവരാശിയുടെ മുമ്പാകെ ഏക ദൈവത്വത്തിൻെറ ഈ ആഹ്വാനമേ പ്രാമാണികമായി നിലനിൽക്കു ന്നുള്ളൂ. പല മതങ്ങളും ഏകദൈവ വിശ്വാസം പഠിപ്പിച്ചിട്ടുണ്ടെങ്കിലും



ഇസ്‌ലാമല്ലാത്ത മതങ്ങളിലൊക്കെ ഏതെങ്കിലും തരത്തിലുള്ള സൃഷ് ടിപൂജ കടന്നുകൂടിയിട്ടുണ്ട്. അദ്വൈതവാദികൾ ഏകദൈവത്വം ഉദ് ഘോഷിക്കാറുണ്ടെങ്കിലും എന്തിനെയും ദൈവമാക്കുന്ന ആശയപാ പ്പരത്തത്തിലേക്കാണ് അവരുടെ ദർശനം നയിക്കുന്നത്.

ഇസ്‌ലാം ആരുടെയും മേൽ അറേബ്യൻ സംസ്കാരം അടിച്ചേൽ പ്പിക്കുന്നില്ല. പ്രാർഥനയും ദാനവും വ്രതവും തീർഥാടനവും എല്ലാ നാടുകളിലും നിയുക്തരായ പ്രവാചകന്മാർ പഠിപ്പിച്ചിട്ടുള്ളതാണ്. ഒരു അറബിക്ക് അനറബിയേക്കാൾ യാതൊരു ശ്രേഷ്ഠതയും ഇല്ലെ ന്നാണ് മുഹമ്മദ് നബി (സ) പ്രഖ്യാപിച്ചത്. അല്ലാഹു അവസാന മായി അവതരിപ്പിച്ച വേദഗ്രന്ഥം അറബിഭാഷയിലായതുകൊണ്ട് അഞ്ചുനേരത്തെ പ്രാർഥനയിൽ അതിൽനിന്നുള്ള വചനങ്ങൾ ചൊ ല്ലണമെന്ന് പറയുന്നത് ഒരു നാടിൻെറ സംസ്കാരം അടിച്ചേൽപ്പിക്ക ലായി ചിത്രീകരിക്കുന്നത് ശരിയല്ല. വിശുദ്ധ ഖുർആൻ അനിതരമായ ഒരു ഗ്രന്ഥമാണ്. അതിലെ പദങ്ങൾക്കും ആശയങ്ങൾക്കുമെല്ലാം അമാനുഷികതയുണ്ട്. അതിൻെറ പരിഭാഷ ഒരിക്കലും അതിനുപക രം നിൽക്കാൻ അർഹമാവുകയില്ല. എന്നാൽ ഖുർആൻ വാക്യങ്ങൾ തനതായ രൂപത്തിൽ പാരായണം ചെയ്യാൻ കഴിയാത്തവന് അറിയാ വുന്ന വിധത്തിൽ പ്രാർഥിക്കാവുന്നതാണ്. അറബിഭാഷ വിശ്വാസി കളെല്ലാം പഠിച്ചിരിക്കൽ നിർബന്ധമാണെന്ന് അല്ലാഹുവോ റസൂ ലോ (സ) പറഞ്ഞിട്ടില്ല. എന്നാൽ ഖുർആൻ പഠിപ്പിക്കാൻ റസൂൽ (സ) പ്രബോധകരെ നിയോഗിച്ചതിൽനിന്ന് ഖുർആൻ പഠനത്തിൻെറ പ്രാധാന്യം ഗ്രഹിക്കാവുന്നതാണ്. നമസ്കാരത്തിൽ നിർബന്ധ മായി പാരായണം ചെയ്യേണ്ട ഫാതിഹഃ എല്ലാ വിശ്വാസികളും പഠിച്ചേ തീരൂവെന്ന് അനേകം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

# 51

**ഇൻറർനെറ്റ് പോലുള്ള വിവരസാങ്കേതികവിദ്യകൾ ഇസ്‌ലാമിക പ്രബോ ധനത്തിന് ഉപയോഗപ്പെടുത്താം എന്നതിനുപോൽബലകമായി വല്ല പ്രമാ ണവും ലഭ്യമാണോ?**

! "യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിൻെറ

രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക” (വി. ഖു. 16:125) ഇതാണ് പ്രബോധനം സംബന്ധിച്ച ഖുർആനിക നിർദേശം. ഓരോ കാലഘട്ടത്തിലും ജനങ്ങൾക്ക് സത്യസന്ദേശമെത്തിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം അവലംബിക്കുക എന്നത് യുക്തിദീക്ഷയുടെ താൽപര്യമാകുന്നു. സംവാദത്തിൻെറ ശൈലിയും മാർഗവും തെരഞ്ഞെടുക്കുമ്പോഴും ഏറ്റവും ഫലപ്രദമായതിന് തന്നെയാണ് മുൻഗണന നൽകേണ്ടത്. പൂർവ പ്രവാചകന്മാർ ഏതൊക്കെ രീതിയിൽ പ്രബോധനം നടത്തിയെന്ന് വിശുദ്ധ ഖുർആനിൽ പല അധ്യായങ്ങളിലും വിവരിച്ചിട്ടുണ്ട്. ജനങ്ങളുടെ ശ്രദ്ധതിരിക്കാൻ പര്യാപ്തമാകുമെന്ന് തോന്നിയ പല മാർഗങ്ങളും അവർ അവലംബിച്ചിട്ടുണ്ട്. സൂര്യചന്ദ്ര നക്ഷത്രാദികളെ ആരാധിക്കുന്നവർക്ക് തെറ്റ് ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ വേണ്ടി ഇബ്രാഹീം നബി (അ) ഒരുതരം അഭിനയരീതി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാം പഠിപ്പിക്കാൻ പല രീതികളും പലതരം സ്ഥാപനങ്ങളും ലോകത്തിൻെറ വികാസഗതിക്കൊത്ത് മുസ്‌ലിം സമൂഹം സ്വീകരിച്ചുപോന്നിട്ടുണ്ട്. ഇതുതന്നെയാണ് പ്രബോധന സംരംഭങ്ങളുടെയും സ്ഥിതി. ഇസ്‌ലാം അനുശാസിച്ച ഒരുകാര്യം നടപ്പാക്കാനുള്ള ഉപാധികൾ തെരഞ്ഞെടുക്കുമ്പോൾ നിഷിദ്ധമായി വിധിക്കപ്പെട്ടവ വർജ്ജിക്കണമെന്ന് മാത്രമേയുള്ളൂ.

# 52

**അന്ത്യദിനത്തിൽ പ്രപഞ്ചത്തിൻെറ അവസ്ഥ വിവരിക്കുന്നിടത്ത് ആകാശങ്ങളും ഭൂമിയും നശിക്കുമെന്ന് ഖുർആൻ പലസ്ഥലങ്ങളിലായി വിവരിച്ചിട്ടുണ്ടല്ലോ. എന്നാൽ പരലോകത്ത് നിർഭാഗ്യവാന്മാരുടെയും സൗഭാഗ്യവാന്മാരുടെയും അവസ്ഥ വിവരിക്കുന്നിടത്ത് (11:107, 108) ആകാശഭൂമികൾ നിലനിൽക്കുന്നിടത്തോളം അവരതിൽ നിത്യവാസികളായിരിക്കുമെന്ന് പറയുന്നു. ഇത് വ്യക്തമായ വൈരുദ്ധ്യമല്ലേ?**

**!** വിശുദ്ധ ഖുർആനിൽ നിന്ന് ഗ്രഹിക്കാവുന്നത് അല്ലാഹു ഒരിക്കൽ സൃഷ്ടിക്കുകയും പിന്നീട് എന്നന്നേക്കുമായി നശിപ്പിക്കുകയും ചെയ്യുന്നവനാണെന്നല്ല. “അല്ലാഹു സൃഷ്ടിപ്പ് തുടങ്ങുകയും പിന്നീട് അത് ആവർത്തിക്കുകയും ചെയ്യുന്നു” എന്ന് പല ഖുർആൻ സൂക്തങ്ങളിലും പറഞ്ഞിട്ടുണ്ട്. (ഉദാ: 10:4, 10:34, 27:64). വീണ്ടും സൃഷ്ടിക്കൽ അല്ലാഹുവിന് ഏറ്റവും എളുപ്പമുള്ള കാര്യമാണെന്ന് 30:27 സൂക്തത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സമ്പൂർണ്ണമായ നശീകരണത്തിന് മുമ്പുതന്നെ അല്ലാഹു ഇവിടെ നിർമാണവും സംഹാരവും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ജീവിച്ചിരിക്കുന്ന മനുഷ്യരിൽപോലും ദൈവികമായ നിർമാണ സംഹാരപ്രക്രിയകൾ അനുസ്യൂതം നടന്നുകൊണ്ടിരിക്കുകയാണ്.



നമ്മുടെ ശരീരത്തിൽ ദിവസേന ലക്ഷക്കണക്കിൽ കോശങ്ങൾ നശിക്കുകയും പകരം പുതിയ കോശങ്ങൾ നിർമ്മിതമാവുകയും ചെയ്യുന്നുണ്ട്. ഏകദേശം പന്ത്രണ്ടുവർഷം കൊണ്ട് ശരീരത്തിലെ പഴയ കോശങ്ങളെല്ലാം നശിച്ചുതീരുകയും പുതുതായി ആവിർഭവിക്കുന്ന കോശങ്ങൾ അവയുടെ സ്ഥാനത്ത് വിന്യസിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ സാക്ഷാൽ മരണത്തിന് മുമ്പുതന്നെ കോശതലത്തിൽ പൂർണ്ണമായ ‘മരണ’വും ഉയിർത്തെഴുന്നേൽപ്പും അനേകതവണ ആവർത്തിക്കപ്പെടുന്നു. മരിച്ച് അഴുകുന്ന ജീവജാലങ്ങളും ഉണങ്ങി ദ്രവിക്കുന്ന സസ്യങ്ങളുമെല്ലാം വീണ്ടും പല പദാർഥരൂപങ്ങളിലായി പുനരാവിഷ്ക്കരിക്കപ്പെടുന്നു. ഇതെല്ലാം കൈകാര്യം ചെയ്യുന്ന ലോകരക്ഷിതാവിന് ആകാശഭൂമികൾ നശിപ്പിച്ചശേഷം വ്യത്യസ്തമായ ഒരു പ്രപഞ്ചം സൃഷ്ടിക്കുക ഒട്ടും അസാധ്യമല്ല.

“ഭൂമി ഈ ഭൂമിയല്ലാത്ത മറ്റൊന്നായും അതുപോലെ ആകാശങ്ങളും മാറ്റപ്പെടുകയും, ഏകനും സർവാധികാരിയുമായ അല്ലാഹുവിങ്കലേക്ക് അവരെല്ലാം പുറപ്പെട്ടുവരികയും ചെയ്യുന്ന ദിവസം” (വി. ഖു. 14:48).

നശ്വരമായ ഭൂമിക്കും ആകാശഗോളങ്ങൾക്കും പകരം അനശ്വരമായ ആകാശഭൂമികൾ അല്ലാഹു സൃഷ്ടിക്കുമെന്നാണ് ഈ സൂക്തവും മറ്റുചില സൂക്തങ്ങളും ചേർത്തുവെച്ചുനോക്കുമ്പോൾ ഗ്രഹിക്കാവുന്നത്. “അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻെറ തിരുമുഖം ഒഴികെ സകല വസ്തുക്കളും നാശമടയുന്നതാണ്” (വി.ഖു. 28:88). “അവിടെയുള്ള എല്ലാവരും നശിക്കുന്നതാണ്. മഹത്വവും ഉദാരതയും ഉള്ളവനായ നിൻെറ രക്ഷിതാവിൻെറ തിരുമുഖം അവ

ശേഷിക്കുന്നതാണ്" (55:26, 27). സ്വർഗാവകാശികളോട് ഇപ്രകാരം പറയപ്പെടുമെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: 'സമാധാന പൂർവം നിങ്ങളതിൽ പ്രവേശിച്ചുകൊള്ളുക. ശാശ്വതവാസത്തിനുള്ള ദിവസമാകുന്നു അത്" (50:34).

സ്വർഗ്ഗവാസികൾ ഇപ്രകാരം പറയുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു. "അല്ലാഹുവിന് സ്തുതി. നമ്മോടുള്ള അവൻെറ വാഗ്ദാനം സത്യമായി പാലിക്കുകയും സ്വർഗത്തിൽ നമുക്ക് ഉദ്ദേശിക്കാവുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്നവിധം ഈ (സ്വർഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു. അപ്പോൾ പ്രവർത്തിച്ചവർക്കുള്ള പ്രതിഫലംഎത്ര വിശിഷ്ടം!"(39:74). ഇങ്ങനെ അനശ്വരമായി പുനഃസൃഷ്ടിക്കപ്പെടുന്ന പരലോക ഭൂമിയെയും ആകാശത്തെയും സംബന്ധിച്ചാണ് 11:107, 108 എന്നീ വചനങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളത്.

# 53

**വിവാഹം ഇസ്‌ലാമിൽ നിർബന്ധമാണോ? സാമ്പത്തികമായും ശാരീരികമായും കഴിവുണ്ടായിട്ടും വിവാഹം ഉപേക്ഷിക്കുന്നത് മതവിരുദ്ധമാണോ?**

!ഇസ്‌ലാം പ്രകൃതിമതമാണ്. അഥവാ പടച്ചവൻ മനുഷ്യപ്രകൃതിയുടെ ഭാഗമായി നിശ്ചയിച്ച കാര്യങ്ങളൊക്കെ അംഗീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണമെന്നതാണ് ഇസ്‌ലാമിന്റെ നിയമം. മനുഷ്യർ ഇണകളായി ജീവിക്കണമെന്നതാണ് സൃഷ്ടിപ്പിന്റെ താല്പര്യമെന്ന് വി. ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന്തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (വി.ഖു 30:21).

"ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിക്കൊണ്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക.



അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവുന്റെ സൃഷ്ടിവ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (വി. ഖു.30:30).

അവിവാഹിതരായ എല്ലാവരെയും വിവാഹബന്ധത്തിൽ ഏർപ്പെടുത്തണമെന്ന് അല്ലാഹു മുസ്‌ലീം സമൂഹത്തോട് കല്പിച്ചിട്ടുണ്ട്. "നിങ്ങളിലുള്ള അവിവാഹിതരെയും നിങ്ങളുടെ അടിമകളിൽ നിന്നും അടിമ സ്ത്രീകളിൽനിന്നും നല്ലവരായിട്ടുള്ളവരെയും നിങ്ങൾ വിവാഹ ബന്ധത്തിൽ ഏർപ്പെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ" (വി.ഖു24:32). ദരിദ്രർ പോലും അല്ലാഹുവിന്റെ അനുഗ്രഹം പ്രതീക്ഷിച്ച് വിവാഹിതരാകണമെന്നത്രെ ഈ സൂക്തത്തിന്റെ താൽപര്യം.

സന്യാസവും ബ്രഹ്മചര്യവും ഇസ്‌ലാമിന് അന്യമാണെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. "സന്യാസം അവർ പുതുതായി നിർമിക്കുകയാണുണ്ടായത്. അല്ലാഹുവിന്റെ പ്രീതിതേടിക്കൊണ്ട് (അവരത് ചെയ്തു) എന്നല്ലാതെ നാം അവർക്ക് അത് നിയമമാക്കിയിട്ടുണ്ടായിരുന്നില്ല" (വി.ഖു. 57:27). കുടുംബജീവിതം നയിക്കാൻ ഒരു മാർഗവും കാണാത്തവർക്ക് മാത്രമേ സന്മാർഗനിഷ്ഠ നിലനിർത്തിക്കൊണ്ട് അവിവാഹിതരായിജീവിക്കാൻ വിശുദ്ധ ഖുർആനിൽ അനുവാദം നൽകിക്കാണുന്നുള്ളു. "വിവാഹം കഴിക്കാൻ കഴിവ് ലഭിക്കാത്തവർ, അവർക്ക് അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് സ്വാശ്രയത്വം നൽകുന്നതുവരെ സന്മാർഗനിഷ്ഠ നിലനിർത്തട്ടെ" (വി.ഖു. 24: 32).

'വിവാഹം എന്റെ ചര്യയാണ്. എന്റെ ചര്യയെ വല്ലവനും വെറുത്താൽ അവൻ എന്നിൽ പെട്ടവനല്ല' എന്ന് നബി(സ) പറഞ്ഞതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിട്ടുണ്ട്. പണ്ഡിതന്മാരിൽ വിവാഹം നിർബന്ധമല്ലെന്ന് പറഞ്ഞവരും ഉണ്ടെങ്കിലും, ഖുർആനും സുന്നത്തുമനുസരിച്ച് കഴിവുള്ള മുസ്‌ലിംകളെല്ലാം വിവാഹിതരാവുകയാണ് വേണ്ടത്.

# 54

**ദൈവത്തിൻെറ ആത്മാവ് എന്ന പേരിൽ അറിയപ്പെടുകയും, മരണം വരെ കല്ല്യാണം കഴിക്കാതിരിക്കുകയും ചെയ്ത ഒരു പ്രവാചകനാണല്ലോ ഈസാ നബി എന്ന യേശുക്രിസ്തു. എന്നാൽ മറ്റ് പ്രവാചകന്മാർക്ക് ഇത്തരം സവിശേഷത കാണുക സാധ്യമല്ല. എന്നിട്ട് എന്തുകൊണ്ട് എല്ലാ പ്രവാചകരിലും ഉന്നതനായി ഈസാ നബി എന്ന യേശുവിനെ മുസ്‌ലിംകൾ അംഗീകരിക്കുന്നില്ല?.**

! ഈസാ നബി (അ) അല്ലാഹുവിൻെറ ശ്രേഷ്ഠനായ ദൂതനും പ്രവാചകനുമാണെന്ന് വിശ്വസിക്കാൻ മുസ്‌ലിംകളെല്ലാം ബാദ്ധ്യസ്ഥരാണ്. വിശുദ്ധ ഖുർആനിൽ പല അധ്യായങ്ങളിലായി അദ്ദേഹത്തിൻെറ ശ്രേഷ്ഠമായ ജീവിതത്തെയും പ്രബോധനത്തെയും സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ മാതാവിൻെറ പേരിൽ ഒരധ്യായം തന്നെ വിശുദ്ധ ഖുർആനിലുണ്ട്. ഈസാ നബി (അ) തൊട്ടിലിൽ കിടക്കുന്ന കൊച്ചുകുട്ടിയായിരിക്കുമ്പോൾ അല്ലാഹു നൽകിയ അസാധാരണ കഴിവുകൊണ്ട് സംസാരിച്ച വാക്കുകൾ പ്രസ്തുത അധ്യായത്തിൽ ഉദ്ധരിച്ചത് നോക്കൂ. “അവൻ (കുട്ടി) പറഞ്ഞു: ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സക്കാത്ത് നൽകാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. (അവൻ എന്നെ) എൻെറ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനുമാക്കിയിരിക്കുന്നു. അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എൻെറ മേൽ ശാന്തി ഉണ്ടായിരിക്കും” (വി.ഖു. 19:30-33).

ഈസാ നബി (അ)യുടെ ശൈശവത്തിലെ വാക്കുകൾ ഉദ്ധരിച്ച ശേഷം അല്ലാഹു പറയുന്നത് കൂടി ഇതോട് ചേർത്ത് വിലയിരുത്തേണ്ടതാണ്:

“അതത്രെ മർയമിൻെറ മകനായ ഈസാ, അവർ ഏതൊരു വിഷയത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നുവോ അത് സംബന്ധിച്ച യഥാർഥമായ വാക്കത്രെ ഇത്. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് ഉണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ! അവൻ ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന്



പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാകുന്നു” (വി.ഖു 19:34,35).

ഒരു പ്രവാചകനെന്ന നിലയിൽ ഈസാ നബി (അ)ക്കുള്ള മുഴുവൻ മഹത്വവും ഖുർആനിൽ ചൂണ്ടിക്കാണിക്കുന്നു. അതോടൊപ്പം അദ്ദേഹം ദൈവപുത്രനാണെന്ന ക്രൈസ്തവരുടെ വാദത്തെ ഖണ്ഡിക്കുകയും ചെയ്യുന്നു. ദൈവ പുത്രൻ യേശുവല്ല മുഹമ്മദാണെന്ന് സമർഥിക്കുകയല്ല; ദൈവം സന്താനത്തെ സ്വീകരിച്ചിട്ടേയില്ല എന്ന് ഉറപ്പിച്ച് പറയുകയാണ് ഖുർആനിൽ. എല്ലാവരുടെയും രക്ഷിതാവായ അല്ലാഹുവിനെ ആരാധിക്കാനാണ് ഈസാ (അ) പഠിപ്പിച്ചത് എന്ന കാര്യവും ഖുർആൻ വ്യക്തമാക്കുന്നു. (ഈസാ (അ) പറഞ്ഞു:) “തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക, ഇതത്രെ നേരെയുള്ള മാർഗം” (വി.ഖു 19:36).

ദൈവത്തിൻെറ ആത്മാവ് അഥവാ ദൈവദത്തമായ ആത്മാവ് തന്നെയാണ് എല്ലാ മനുഷ്യരിലുമുള്ളത്. ആദിമ മനുഷ്യനായ ആദമി(അ)നെ സൃഷ്ടിച്ച സന്ദർഭത്തെക്കുറിച്ച് പരാമർശിക്കുന്നത് നോക്കൂ: “നിൻെറ രക്ഷിതാവ് മലക്കുകളോട് ഇപ്രാകരം പറഞ്ഞ സന്ദർഭം ശ്രദ്ധേയമാകുന്നു: ‘കറുത്ത ചെളി പാകപ്പെടുത്തിയുണ്ടാക്കിയ മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽനിന്ന് ഞാൻ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ പോവുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായ രുപത്തിലാക്കുകയും എൻെറ ആത്മാവിൽനിന്ന് അവനിൽ ഞാൻ ഊതുകയും ചെയ്താൽ അവന്ന് പ്രണമിക്കുന്നവരായിക്കൊണ്ട് നിങ്ങൾ വീഴുവിൻ’ (വി.ഖു. 15: 28,29).

ദാമ്പത്യം മനുഷ്യപ്രകൃതിയുടെ താൽപര്യമാണ്. സ്ത്രീ പുരുഷന്മാരെ അല്ലാഹു സൃഷ്ടിച്ചതുതന്നെ സ്നേഹവും കാരുണ്യവും പങ്കുവെച്ച് ദമ്പതികളായി ജീവിക്കേണ്ട അവസ്ഥയിലാണ്. ഉത്തമമായ കുടുംബജീവിതം നയിക്കുന്നവരെ ദൈവം അനുഗ്രഹിക്കുമെന്നാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. വിവാഹം കഴിക്കാതെയും അവിഹിത ബന്ധങ്ങളിലേർപ്പെടാതെയും ആരെങ്കിലും ജീവിക്കുന്ന പക്ഷം അത് കുറ്റകരമല്ലെങ്കിലും അത് വഴി പ്രത്യേക മഹത്വം കൈവരുമെന്ന് ബൈബിളോ ഖുർആനോ പറയുന്നില്ല. ബ്രഹ്മചര്യത്തിൻെറ മഹത്വം ക്രൈസ്തവസഭ പിൽക്കാലത്ത് കെട്ടിച്ചമച്ചതാണ്. താൻ എല്ലാ പ്രവാചകന്മാരേക്കാളും ഉന്നതനാണെന്നോ ദൈവ പുത്ര

നാണെന്നോ യേശുക്രിസ്തു അവകാശപ്പെട്ടതായി ബൈബിളിൽ പോലും പറഞ്ഞിട്ടില്ലാതിരിക്കെ മുസ്‌ലിംകൾ അങ്ങനെയൊക്കെ വിശ്വസിക്കണമെന്ന് ആവശ്യപ്പെടുന്നതിന് യാതൊരു ന്യായവുമില്ല.

# 55

**അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെട്ട പ്രവാചകൻ ഈസാ (അ) അന്ത്യനാളിന് മുമ്പായി തിരിച്ച് വരുമല്ലോ? വന്നതിന് ശേഷമുള്ള ജീവിതം വിശുദ്ധ ഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ ആയിരിക്കുമോ? അതോ ഈസാ(അ) ഉയർത്തപ്പെടുന്നതിന് മുമ്പ് ലഭിച്ച പ്രമാണമാണോ പിൻപറ്റുക?**

! ലോകാവസാനത്തിന് മുമ്പ് ഈസാ (അ) വീണ്ടും ഭൂമിയിൽ വന്ന് സത്യപ്രബോധനം നടത്തുന്നത് മുഹമ്മദ് നബി(സ)യിൽ വിശ്വസിച്ചുകൊണ്ടും അദ്ദേഹത്തിൻെറ മാർഗം പിന്തുടർന്നുകൊണ്ടുമായിരിക്കുമെന്ന് ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ വ്യക്തമാക്കിയിട്ടുണ്ട്.

# 56

**റസൂൽ തിരുമേനി (സ) അന്ത്യപ്രവാചകനാണെന്ന വിശ്വാസത്തിന് തെളിവായി അവർക്ക് ഉന്നയിക്കാനുള്ളത് 'ഖാതമുന്നബിയ്യീൻ' എന്ന പദം ഖുർആനിൽ തിരുമേനിയുടെ ഉന്നതവും ഉദാത്തവുമായ ആത്മീയ ശ്രേഷ്ഠതയെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചതിനെയാണ്. ഖാതം എന്ന പദം ഒരു സമൂഹനാമവുമായി ചേർത്ത് പറയുമ്പോൾ പൂർണൻ, ശ്രേഷ്ഠൻ എന്നല്ലാതെ അന്ത്യൻ എന്ന് കാണിക്കുന്ന ഒരു ഉദാഹരണം ലോകത്ത് ഇതുവരെ ഒരു പണ്ഡിതനും നൽകിയിട്ടില്ല. ഇപ്പോഴും അഹ്മദിയ്യാ ജമാഅത്തിൻെറ വെല്ലുവിളി നിലനിൽക്കുന്നു" (സത്യദൂതൻ. 2001. ഒക്ടോബർ). ഒരു വിശദീകരണം പ്രതീക്ഷിക്കുന്നു.**

! ഖാതം, ഖാതിം എന്നീ രണ്ട് പദങ്ങൾക്കും അവസാനത്തെ ആൾ എന്നർഥമുണ്ടെന്ന് പ്രമുഖ അറബി നിഘണ്ടുകളിലെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. സമൂഹനാമവുമായി ചേർക്കുമ്പോൾ അങ്ങനെ അർഥം പറയാൻപാടില്ലെന്ന് പ്രാമാണികമായ യാതൊരു നിഘണ്ടുവിലും പറഞ്ഞിട്ടില്ല. അത് ഖാദിയാനികളുടെ അസംഖ്യം വ്യാജവാദങ്ങളിലൊന്ന് മാത്രമാകുന്നു. പൂർണൻ, ശ്രേഷ്ഠൻ എന്നീ അർത്ഥങ്ങളും പല അർഥങ്ങളുടെ കൂട്ടത്തിൽ ചില നിഘണ്ടുകളിൽ ചേർത്തിട്ടുണ്ടാകാം. അന്തിമൻ എന്ന അർത്ഥത്തെ തള്ളിപ്പറയാൻ അതൊരു ന്യായമാകാവുന്നതല്ല.



ആധികാരികമായ അനേകം തഫ്സീറുകളിൽ 'ഖാതമുന്നബിയ്യീൻ' എന്ന വാക്കിന് അന്തിമ പ്രവാചകൻ എന്ന് അർഥം നൽകിയിട്ടുണ്ട്. ഇബ്നു ജരീറിൻെറ തഫ്സീറും അതിൽ ഉൾപ്പെടുന്നു. 'പ്രവാചകന്മാരുടെ മുദ്ര' എന്ന് 'ഖാതമുന്നബിയ്യീൻ' എന്ന വാക്കിന് പരിഭാഷ നൽകിയതിനുശേഷം Holy Quranൽ അബ്ദുല്ലാ യൂസുഫലി നൽകിയ വ്യാഖ്യാനക്കുറിപ്പ് നോക്കുക:

``When a document is sealed, it is complete, and there can be no further addition. The holy Prophet Muhammed closed the longline of Messengers. Allah's teaching is and will always be continuous, but there has been and will be no Prophet after Muhammed. (Madinah Edition Page 1255, 1256)

(ഒരു പ്രമാണം മുദ്രവെക്കുന്നതോടെ അത് പൂർണമാകുന്നു. അതിൽ പിന്നീട് എന്തെങ്കിലും കൂട്ടിച്ചേർക്കാവുന്നതല്ല. പരിശുദ്ധ പ്രവാചകൻ മുഹമ്മദി(സ)നോടുകൂടെ ദൈവദൂതന്മാരുടെ ദീർഘമായ പരമ്പര അവസാനിച്ചിരിക്കുകയാണ്. അല്ലാഹുവിൻെറ അധ്യാപനങ്ങൾ എപ്പോഴും നൈരന്തര്യമുള്ളതാണ്. അത് അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. എന്നാൽ മുഹമ്മദി(സ)ന് ശേഷം യാതൊരു പ്രവാചകനും ഉണ്ടായിരിക്കുന്നതല്ല).

വിശുദ്ധ ഖുർആൻ ജനങ്ങൾക്ക് പാരായണം ചെയ്തുകൊടുത്തു പഠിപ്പിച്ച പ്രവാചകൻ (സ) 'ഖാതമുന്നബിയ്യീൻ' എന്ന വാക്കിൽനിന്ന് എന്തർഥം ഗ്രഹിച്ചു എന്നതാണ് മറ്റെന്തിനെക്കാളും പ്രധാനം. അല്ലാഹുവിൻെറ റസൂൽ (സ) പറഞ്ഞതായി അബൂഹുറയ്റ (റ) ഉദ്ധരിച്ചു: "എനിക്ക് മുമ്പുള്ള പ്രവാചകന്മാരുമായി താരതമ്യം ചെയ്യുമ്പോൾ എൻെറ ഉപമ ഇപ്രകാരമാകുന്നു: ഒരു വ്യക്തി നല്ലൊരു വീട് ഭംഗിയായി നിർമിച്ചു. എന്നാൽ ഒരുമൂലയിൽ ഒരു ഇഷ്ടികവെക്കാനുള്ള സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. ജനങ്ങൾ

ആ വീടിന് ചുറ്റും നടന്ന് അതിൻെറ ഭംഗിയെക്കുറിച്ച് ആശ്ചര്യം പ്രകടിപ്പിക്കുമായിരുന്നു. എങ്കിലും 'ആ ഇഷ്ടിക അതിൻെറ സ്ഥാനത്ത് വെച്ചിരുന്നെങ്കിൽ!' എന്ന് അവർ അഭിപ്രായപ്പെട്ടുകൊണ്ടിരുന്നു. അതെ, ഞാനാകുന്നു ആ ഇഷ്ടിക. ഞാനാകുന്നു പ്രവാചകന്മാരിൽ അന്തിമൻ" (സ്വഹീഹുൽ ബുഖാരി).

മുഹമ്മദ് നബി (സ) പറഞ്ഞതായി അബൂഹുറയ്റ (റ) ഉദ്ധരിച്ചു: "ഇസ്രാഈല്യരെ നയിച്ചിരുന്നത് പ്രവാചകന്മാരായിരുന്നു. ഓരോ പ്രവാചകൻ മരിക്കുമ്പോഴും മറ്റൊരാൾ തൽസ്ഥാനം ഏറ്റെടുക്കുമായിരുന്നു. എനിക്ക് ശേഷം യാതൊരു പ്രവാചകനും ഉണ്ടായിരിക്കുകയില്ല. എന്നാൽ അനേകം ഖലീഫമാരുണ്ടായിരിക്കും' (സ്വഹീഹുൽ ബുഖാരി).

മീർസാ ഗുലാം ഖാദിയാനിക്ക്തന്നെ മുഹമ്മദ് നബി (സ) അന്തിമ പ്രവാചകനാണെന്ന കാര്യം അനിഷേധ്യമാണെന്ന് ബോധ്യമുണ്ടായിരുന്നതുകൊണ്ടാണ് താൻ പ്രവാചകനാണെന്ന് വാദിക്കുന്നതിന്മുമ്പ് താൻ മഹ്ദിയാണെന്നും വാഗ്ദത്ത മസീഹാണെന്നും കൽക്കിയാണെന്നുമൊക്കെ വാദിച്ചത്. പിന്നീടാണ് താൻ നിഴൽ നബിയാണെന്ന് ജൽപിച്ചാൽ വിശ്വസിക്കാൻ കുറച്ച് ആളുകളെ കിട്ടുമെന്ന് തോന്നിയത്. അയാളുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചാലറിയാം പരസ്പരവിരുദ്ധമായ എന്തൊക്കെ അവകാശവാദങ്ങളാണ് അയാൾ നടത്തിയതെന്ന്. ഖാദിയാനിയും അയാളുടെ അനുയായികളും നടത്തിയ വെല്ലുവിളികളൊക്കെ കാലാകാലങ്ങളിൽ ഇസ്ലാമിക പ്രബോധകർ ഏറ്റെടുത്തിട്ടുണ്ട്. അപ്പോഴൊക്കെ അവർ ഉത്തരംമുട്ടിയ ചരിത്രമേയുള്ളൂ. പിന്നെയും അവർ ജൽപിച്ചുകൊണ്ടേയിരിക്കും; തങ്ങളുടെ വെല്ലുവിളി നിലനിൽക്കുന്നുവെന്ന്. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിൽ ഖാദിയാനികളെ ആശയപര മായി നേരിടുന്നതിന് പ്രത്യേകമായി ഒരു സംഘടന സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഖാദിയാനി വസ്വാസുകൾക്ക് സിദ്ധൗഷധമായിട്ടുള്ള ഗ്രന്ഥങ്ങൾ പലതും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# 57

**? വിനോദത്തിനുവേണ്ടി ശേഖരിക്കുന്ന വ്യത്യസ്ത രാജ്യങ്ങളുടെ നാണയങ്ങൾക്കും കറൻസികൾക്കും സകാത്ത് നിർബന്ധമുണ്ടോ?**



! കേവലം വിനോദത്തിനുവേണ്ടി വൻതോതിൽ നാണയങ്ങളും കറൻസികളും ശേഖരിക്കുന്നത് ഇസ്ലാമികമായി സാധുതയുള്ള കാര്യമല്ല. ഇസ്റാഫ് (അമിതവ്യയം), തബ്ദീർ (ദുർവ്യയം) എന്നിവ ഗുരുതരമായ കുറ്റമാണെന്നത്രെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. പണം ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ മുടക്കിയിടുന്നത് ഇസ്ലാം വിലക്കിയ കാര്യങ്ങളിൽപെട്ടതാണ്. ഇങ്ങനെയൊക്കെ ശേഖരിച്ചുവെക്കുന്ന കറൻസികൾക്കും നാണയങ്ങൾക്കും സകാത്ത് നൽകേണ്ടതാണ്.

എന്നാൽ, വിവിധ നാടുകളിൽ വിവിധ കാലങ്ങളിൽ പുറത്തിറക്കിയ നാണയങ്ങൾ, കറൻസി നോട്ടുകൾ, സ്റ്റാമ്പുകൾ തുടങ്ങിയവ വിദ്യാഭ്യാസപരവും ചരിത്രപരവും മറ്റുമായ ആവശ്യങ്ങൾക്കുവേണ്ടി ശേഖരിച്ചുവെക്കുന്നത് കുറ്റകരമല്ല. അപ്പോൾ വിനിമയത്തിനുള്ള പണമല്ല; പ്രത്യുത, പഠനത്തിനും ഗവേഷണത്തിനും മറ്റുമുള്ള ഉപകരണമാകുന്നു. അതിനാൽ അവയിൽ നിന്ന് സകാത്ത് നൽകേണ്ടതില്ല എന്നാണ് ഈ ലേഖകൻ കരുതുന്നത്.

# 58

**? മനുഷ്യശരീരത്തിലെ അവയവങ്ങൾ മരണത്തിനുമുമ്പും ശേഷവും ദാനം ചെയ്യുന്നതിനെപ്പറ്റി ഖുർആൻ എന്ത് പറയുന്നു? അവയവങ്ങൾ ദാനം ചെയ്യണമെന്ന് വസ്വിയ്യത്ത് എഴുതിവെക്കാൻ പാടുണ്ടോ?**

! ഒരാളുടെ ഉടമസ്ഥതയിലുള്ള ധനം എന്ന് വിശേഷിപ്പിക്കാവുന്ന ഒരു വസ്തു മറ്റൊരാൾക്ക് നൽകുന്നതാണ് ഇസ്ലാമിക ദൃഷ്ട്യാ ദാനം. അവയവം വ്യക്തിയുടെ ധനമല്ലാത്തതുകൊണ്ട് ഈ അർഥത്തിൽ 'അവയവദാന'ത്തിന് പ്രസക്തിയില്ല. എന്നാൽ സ്വശരീരം കൊണ്ടോ അതിൻെറ ഏതെങ്കിലും ഭാഗം കൊണ്ടോ മറ്റൊരാൾക്ക് സാധ്യമാകുന്ന സഹായം ചെയ്യുന്നത് സുപ്രധാനമായ പുണ്യകർമമാകുന്നു. ആത്മനാശത്തിന് വഴിവെക്കുന്നവിധത്തിൽ പരസഹായം ചെയ്യുന്നതിന് മാത്രമെ വിലക്കുള്ളൂ. ഒരാളുടെ ശരീരത്തിന് ദോഷം വരുത്താത്തവിധത്തിൽ മറ്റൊരാൾക്ക് രക്തം നൽകുന്നത് ഈ വിധത്തിലുള്ള സഹായമാകുന്നു. ഈ വസ്തുത മുസ്ലിം സമൂഹ

ത്തിൽ ഇപ്പോൾ അവിതർക്കിതമത്രെ.

ഒരാളുടെ ശരീരത്തെ ദോഷകരമായിബാധിക്കാത്ത വിധത്തിൽ ഒരവയവം നൽകി മറ്റൊരാളുടെ ജീവൻ രക്ഷിക്കാൻ കഴിയുമെങ്കിൽ ആ ജീവരക്ഷക്കാണ് ദോഷരഹിതമായ അവയവ നഷ്ടത്തെക്കാൾ മുൻഗണന നൽകേണ്ടതെന്ന് പല ആധുനിക പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. "വല്ലവനും ഒരാൾക്ക് ജീവൻ നൽകിയാൽ അത് മനുഷ്യർക്ക് മുഴുവൻ ജീവൻ നൽകിയതിന് തുല്യമാകുന്നു"(5:32) എന്ന ഖുർആൻ വാക്യമാണ് അവർ ചൂണ്ടിക്കാണിക്കുന്ന പ്രധാന തെളിവ്. ജീവിച്ചിരിക്കുമ്പോൾതന്നെ രണ്ട് കിഡ്നികളിലൊന്ന് ദാനംചെയ്യുന്നത് ഈ വകുപ്പിൽപെടുന്നു. എന്നാൽ കിഡ്നി മാറ്റിവെക്കലിനും അതിനുശേഷം വേണ്ടിവരുന്ന നിരന്തരമായ ഔഷധസേവക്കുംമറ്റും ആവശ്യമായ ചെലവുകൾ ദുർവഹമായ ഭാരമായിത്തീരുന്ന വ്യക്തികളെ അവയവം നൽകി സഹായിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് ഇപ്പോൾ ചില ഡോക്ടർമാരും മറ്റും സംശയമുന്നയിക്കുന്നുണ്ട്.

എന്നാൽ ദാതാവിന് ഭാഗികമായി വിഷമമുണ്ടാക്കുന്നവിധത്തിൽ ഒരവയവം (ഉദാ: രണ്ട് കണ്ണുകളിലൊന്ന്) മറ്റൊരാൾക്ക് നൽകി സഹായിക്കാമോ എന്ന കാര്യത്തിൽ പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇസ്ലാമിക ദൃഷ്ട്യാ പരിഗണനീയമായ പ്രയോജനം, അനിവാര്യത എന്നീ ഘടകങ്ങൾക്കാണ് ഈ വിഷയകമായി പ്രാമുഖ്യം കൽപിക്കേണ്ടത്. വൃദ്ധരും നിരാലംബരുമായ മാതാപിതാക്കൾക്ക് അന്ധനും ആരോഗ്യവാനുമായ ഒരു മകനുണ്ടെന്ന് സങ്കൽപിക്കുക. അവരിലൊരാൾ മകന് ഒരു കണ്ണിന്റെ കോർണിയ നൽകിയാൽ അവന് സ്വയം ഉപജീവനം കണ്ടെത്താനും മാതാപിതാക്കളെ സംരക്ഷിക്കാനും കഴിഞ്ഞേക്കും. ഇത്തരം സന്ദർഭങ്ങളിൽ ജീവനുള്ള ആളുടെ കോർണിയ എടുത്തുമാറ്റുന്നതിനെതിരിൽ ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളേക്കാൾ പ്രാധാന്യം കൽപിക്കേണ്ടത് അനിവാര്യതയുടെയും പ്രയോജനത്തിന്റെയും വശത്തിനാകുന്നു.

മരണശേഷം അവയവങ്ങൾ മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയോ അവർക്ക് കാഴ്ചനൽകുന്നതിനുവേണ്ടിയോ നൽകാൻ, ജീവിച്ചിരിക്കുമ്പോൾ വസ്വിയ്യത്ത് ചെയ്യുന്നതിന്റെ സാധു



തയെ സംബന്ധിച്ച് പല പണ്ഡിതന്മാരും ചർച്ച ചെയ്തിട്ടുണ്ട്. ചില വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ട് ഈ മരണാനന്തര ദാനം അനുവദിക്കുകയാണ് റാബിത്വയുടെ ഫിഖ്ഹ് കൗൺസിലും ഈജിപ്തിലെ പ്രമുഖമുഫ്തിയും ചെയ്തത്. ദാതാവ് സ്വയം സന്നദ്ധനായി ചെയ്യുക, പ്രതിഫലം വാങ്ങാതിരിക്കുക, അവയവം സ്വീകരിക്കുന്നവന്റെ ജീവൻ രക്ഷിക്കാനോ ദുരിതമകറ്റാനോ മറ്റു മാർഗമില്ലാതിരിക്കുക, അവയവം മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയിക്കാൻ മിക്കവാറും സാധ്യതയുണ്ടായിരിക്കുക തുടങ്ങിയവയാണ് ചൂണ്ടിക്കാണിക്കപ്പെട്ട നിബന്ധനകൾ.

ഇത് സംബന്ധമായി വിശദമായ പഠനം ആഗ്രഹിക്കുന്നവർക്ക് ഡോ. മുഹമ്മദ് അലി അൽബാറിന്റെ 'അൽമൗഖിഫുൽ ഫിഖ്ഹീ വൽ അഖ്ലാഖീ മിൻ ഖദിയ്യത്തി സർഇൽ അ'അ്ദ്വാ' എന്ന ഗ്രന്ഥം അവലംബിക്കാവുന്നതാണ്.

**കൂടുതലറിയാൻ:**

**ഡയറക്ടർ**
**നിച്ച് ഓഫ് ട്രൂത്ത്**
**കലാഭവൻ റോഡ്**
**കൊച്ചിൻ - 682 018**
**ഫോൺ: 0484 - 2367810, 2352421**
**ഫാക്സ്: 0484 - 380746**
**Website: www.nicheoftruth.org**
**E-mail: islam@nicheoftruth.org**